Date of publication: 9 ജനുവരി 2018
വോള്യം 14 / ലക്കം 1 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## സന്നദ്ധ സേവനം

# സന്നദ്ധ സേവനം


**സംഘടിത**

സംഘടിത |ജനുവരി 2018| വോള്യം 14 | ലക്കം 1






മെഹക് - സാന്ത്വനത്തിന്റെ സൗരഭ്യം **8**
**കെ.എ.ബീന**

മനോരോഗ ചികിത്സയും കേരളവും : മെഹക്കിന്റെ പ്രസക്തി **14**
**അഭിമുഖം/ഗീതാഞ്ജലി കൃഷ്ണൻ**

അശ്വ'തീ' ജ്വാലയായി 16
**അഞ്ജലി ഗംഗ**

പറയാൻ മറന്നത് 23
**കവിത/ഫാത്തിമത്ത് സന**

സ്നേഹാമൃതവർഷിണി/ സ്നേഹത്തിന്റെ അമൃതമഴ പൊഴിക്കുന്ന സ്ത്രീ 24
**ഗോപിക ഗോപൻ ആർ.**

അശുദ്ധി 27
**കവിത/നിഷ വി.എ.**

സ്ത്രീകൾ അഗസ്ത്യാർ കൂടം ട്രക്കിംഗിന് അപേക്ഷിക്കേണ്ടതില്ല **28**
**എം. സുൽഫത്ത്**

ഭൂമിയുടെ അവകാശികൾ 29
**കെ.എ.ബീന**

ഇരുപത്തിനാല് അമ്മമാർ c/o റസിയാ ബാനു 35
**റെജിന മുഹമ്മദ് കാസിം**

സ്നേഹീഭവൻ 39
**നിഷാ രാജു**

വാസ്തവം 43
**ഡോ.ജാൻസി ജോസ്**

സേവനരംഗത്ത് ഉറച്ചമനസ്സുമായി ഉമാ പ്രേമൻ 44
**സജിത മൊയ്തീൻ**

സ്വപ്നങ്ങളുടെ നിറക്കൂട്ട് **47**
**അഞ്ജലി എസ്.**

'പളനിക്ക് കടലമ്മ കൊടുത്ത ഒരു കൊമ്പൻ സ്രാവു പോലെയാണ് പ്രവാസം' 51
**വഴിത്താരകൾ/ജാനകി**

ടോട്ടോ 'ഷാൻ' ജനാലയ്ക്കരുകിലെ വികൃതിക്കുട്ടി 56
**കവിത/സ്മിത ഗിരീഷ്**

രജസ്വല 53
**കഥ/സ്മിത സി. ആർ.**

പെണ്ണേ പിരാന്തു പറയാതെ 59
**വായനാനുഭവം/നിഷി ജോർജ്ജ്**

ഐറീൻ ജോലിയോ ക്യൂറി 57
**ശാസ്ത്രം/സീമ ശ്രീലയം**


## ഫോട്ടോ ഫീച്ചർ : സേവന ജീവിതങ്ങൾ


**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** : **ഗീതാഞ്ജലി കൃഷ്ണൻ** **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

പുതുവത്സരാവിഷ്ക്കാരങ്ങളിലൂടെ പഴയലോകത്തെ മാറ്റിപ്പണിയാനൊരുങ്ങുന്നു നമ്മൾ.കലണ്ടറിലെ താളുകൾ മറിയുന്ന പോലെ സ്വച്ഛമായി മാറുമോ ലോകക്രമങ്ങൾ? അനായാസമായി, നാമറിയാതെയും പരിശ്രമിക്കാതെയും വന്നെത്തുന്ന സാമൂഹ്യപരിവർത്തനങ്ങളുണ്ടാകുമെന്ന് വിചാരിക്കാൻ വയ്യല്ലോ!

ഗുജറാത്തിൽ ബി.ജെ.പി. വീണ്ടും അധികാരത്തിലെത്തിയെങ്കിലും ഊറ്റം കൊള്ളാവുന്ന വിജയമായി അത് മാറിയില്ല എന്നത് ഏറെ ആശ്വാസകരം തന്നെ.സവർണ്ണ കോർപ്പറേറ്റധികാരത്തിനെതിരെ അടിയൊഴുക്കുകളായി രൂപമെടുത്ത പ്രതിഷേധങ്ങൾ ക്രമേണ പൊതുജനമദ്ധ്യത്തിലേക്ക് ജാതിയുടെയും വർഗ്ഗത്തിന്റെയും സമരത്തിരകളായി ആഞ്ഞടിച്ചു. ജിഗ്നേഷ് മെവാനിയും അല്പേഷ് താകോറും ഹാർദ്ദിക് പട്ടേലുമൊക്കെ തീർച്ചയായും പുതിയ കാലത്തിലേക്കുള്ള വഴികൾ തുറക്കുകയാണെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സ്വേച്ഛാധികാരം എല്ലാ കാലത്തും ചെറുത്തുനില്പുകളെ, അതെത്ര ദുർബലമാണെങ്കിൽ പോലും, നേരിടുന്നത് അതിക്രൂരമായി അടിച്ചമർത്തിക്കൊണ്ടാണ്. ജനുവരി ഒന്നാം തീയ്യതി ഭീമ കൊരേഗാവിൽ സമാധാനപരമായി ഒത്തുകൂടിയവർക്കെതിരെ ശ്രീ ശിവ പ്രതിഷ്ഠാൻ ഹിന്ദുസ്ഥാൻ, സമസ്ത് ഹിന്ദു അഗാഡി തുടങ്ങിയ സംഘടനകൾ അഴിച്ചുവിട്ട അക്രമം ഇത്തരത്തിലായിരുന്നു എന്ന് കാണാം. മഹാരാഷ്ട്രയിലെ പെഷ്വാ ഭരണത്തെ തോൽപിച്ച ബ്രിട്ടീഷ് സൈന്യത്തിലെ ദലിത് സൈനികരുടെ വിജയത്തിന്റെ ഇരുനൂറാം വാർഷികമാഘോഷിക്കുകയായിരുന്നു ദലിത് കൂട്ടായ്മകൾ. ജാത്യാധികാരകോട്ടകളെ പിടിച്ചുലയ്ക്കാൻ പോന്ന ശക്തമായ സംഘാടനങ്ങൾ ബ്രാഹ്മണ്യ വ്യവസ്ഥയ്ക്ക് നേരെ ഉയർത്തുന്ന വെല്ലുവിളികളിൽ അരക്ഷിതമാകുന്നതിന്റെ സൂചനകൾതന്നെ ഈ ആക്രമണങ്ങൾ.

കേരളത്തിന്റെ തീരപ്രദേശങ്ങളിലെ ജനങ്ങൾ ഓഖി കൊടുങ്കാറ്റ് അവശേഷിപ്പിച്ച ദുരിതക്കയങ്ങളിൽ നിന്നും ഇനിയും മോചിപ്പിക്കപ്പെട്ടിട്ടില്ല. ആധുനിക സാങ്കേതികവിദ്യയോ കാലാവസ്ഥാനിരീക്ഷണശാസ്ത്രമോ തുണയ്ക്കെത്താതെ പൊലിഞ്ഞുപോയ കുറേ ജീവിതങ്ങൾ. കടലെടുത്ത ജീവനുകൾ അവശേഷിപ്പിച്ച കുടുംബങ്ങളുടെ ആശ്രയനഷ്ടങ്ങൾ. ദുരിതാശ്വാസം നൽകുന്ന കാര്യത്തിൽ 'സർക്കാർ കാര്യം മുറപോലെ' ആവരുതെന്നാണ് നമ്മുടെ ശക്തമായ നിവേദനം.

സ്ത്രീകൾ അഗസ്ത്യാർകൂടം ട്രെക്കിങ്ങിന് അപേക്ഷിക്കേണ്ടതില്ലെന്ന് അറിയിച്ചിരിക്കുകയാണ് സർക്കാർ. സൗകര്യക്കുറവിന്റെയും സുരക്ഷാപോരായ്മയുടെയും കാരണങ്ങൾ ഉയർത്തിക്കാണിച്ചാണ് സ്ത്രീവിരുദ്ധപാരമ്പര്യങ്ങളുടെ തുടർച്ചകൾക്ക് സർക്കാർ ചൂട്ട് പിടിക്കുന്നത്. ഇതിനെതിരെ അന്വേഷി, വിംഗ്സ് കേരള, പെണ്ണൊരുമ തുടങ്ങിയ സംഘടനകൾ നൽകിയ ഹർജികൾക്ക് മേൽ ഉടൻ അനുകൂല തീർപ്പുണ്ടാകേണ്ടതാണ് എന്നതാണ് ആവശ്യം.

ആഘോഷത്തിന്റെയും ആനന്ദത്തിന്റെയും അഭിനന്ദനത്തിന്റെയും നിമിഷത്തിൽ ഒരാൺകുട്ടിയും പെൺകുട്ടിയും കെട്ടിപ്പിടിച്ചതിന് തിരുവനന്തപുരം സെന്റ് തോമസ് സ്കൂൾ ഈ വിദ്യാർത്ഥികളെ പുറത്താക്കിയിരിക്കയാണ്. ഇതിനെതിരെയുള്ള ബാലാവകാശ കമ്മീഷന്റെ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കയാണ്. ശരീരത്തെ ലൈംഗികം എന്ന ഏക അർത്ഥത്തിൽ ചുരുക്കി വിദ്യാലയങ്ങൾ നടത്തുന്ന സദാചാരതാണ്ഡവങ്ങൾ നീതിപീഠം വരെ ശരിവെയ്ക്കുന്നു എന്നത് ഭയാനകമായ അവസ്ഥയാണ്.

സ്വജീവിതം അന്യന് ഉതകണമെന്ന ധാരാളം സാരോപദേശങ്ങൾ വ്യവഹാരത്തിലുണ്ടെങ്കിലും അവ പ്രയോഗത്തിലാക്കുന്നവർ വളരെ ചുരുക്കം. എന്നിരുന്നാലും നമ്മുടെ ചുറ്റും ഗതികിട്ടാതെ വഴിമുട്ടി നിൽക്കുന്നവർക്ക് അഭയവും ആശ്രയവുമായി നിലകൊള്ളുന്ന എത്രയോ സ്ത്രീകൾ ഉണ്ടെന്നതാണ് യാഥാർത്ഥ്യം. അവകാശവാദങ്ങളോ പരസ്യപ്പെടുത്തലുകളോ ഇല്ലാതെ, സാമ്പത്തിക പിൻബലവുമധികമൊന്നുമില്ലാതെ, തനിക്കുള്ളത് പകുത്തു നൽകുന്ന സന്നദ്ധസേവനങ്ങൾ. ദു:ഖിതരുടെ കൂടെ, നീതിയും സന്തോഷവും നിഷേധിക്കപ്പെട്ടവരുടെ കൂടെ, ജീവിത പോരാട്ടത്തിനിറങ്ങിയവർ. മുകളിൽ നിന്ന് താഴോട്ട് എറിയപ്പെടുന്ന ജീവകാരുണ്യ റൊട്ടിക്കഷണങ്ങളായല്ല, മറിച്ച് സ്വന്തം ജീവിതം പകുത്തു നൽകുന്ന പങ്കുവെയ്ക്കലിന്റേതാണ് ഈ അഭയസ്ഥാനങ്ങൾ.ഈ സേവന ജീവിതങ്ങളെ അടയാളപ്പെടുത്തിക്കൊണ്ട് ഗീതാഞ്ജലി കൃഷ്ണൻ അതിഥിപത്രാധിപയായി 'സന്നദ്ധ സേവനം ' ചർച്ച ചെയ്യുന്ന പുതുവർഷത്തിലെ അദ്യലക്കം സംഘടിത പുതുയുഗങ്ങൾ സൃഷ്ടിക്കാനുള്ള ആഹ്വാനവും പ്രതീക്ഷയുമായി സമർപ്പിക്കട്ടെ.

# അതിഥിപത്രാധിപക്കുറിപ്പ്



ഗീതാഞ്ജലി കൃഷ്ണൻ

ഒരോ സ്ത്രീയിലും ഒരമ്മയുണ്ട്. ആ അമ്മ പ്രകൃതിയാണ്. സ്നേഹവും പരിചരണവും സാന്ത്വനം പകരലും അവൾക്കു ജീവിതചര്യയാണ്. വീട്ടിലുള്ളവർ അതു വിലകൊടുക്കാതെ വാങ്ങുന്നു. ആതുരാലയങ്ങളും വിദ്യാലയങ്ങളും എല്ലാം തുച്ഛമായ വിലക്ക് ആ പരിചരണവും കരുണയും നേടുന്നു. ആരും ഒന്നും തിരിച്ചു നൽകിയില്ലെങ്കിലും ചിലർക്ക് അഭയം, സാന്ത്വനം ഇവ പകർന്നു നൽകാതെ വയ്യ. വിശക്കുന്നവർക്കു വിളമ്പാതെ വയ്യ.

തന്റെ ജീവിതത്തിനൊപ്പം സമൂഹത്തിലെ അശരണരായവരെ ചേർത്തുപിടിക്കുന്ന കുറച്ചു സ്ത്രീകളുടെ കഥ പറയുകയാണ് ഈ ലക്കത്തിൽ. അവരിൽ ഡോക്ടറുണ്ട്, നേഴ്സുണ്ട്, അധ്യാപികയുണ്ട്, വീട്ടമ്മയുണ്ട്. എല്ലാവരും സാമൂഹ്യപ്രവർത്തനം പഠിച്ചവരോ മിഷനറിമാരോ സംഘടനാ പ്രവർത്തകരോ അല്ല. തന്റെ ഉള്ളിലെ കരുണയുടെ ഉറവിനു ഒഴുക്കു തിരഞ്ഞവർ. ഉള്ളതുകൊണ്ട് പങ്കുവയ്ക്കാൻ സന്നദ്ധത കാട്ടിയവർ. പേരും പെരുമയും ആഗ്രഹിക്കാത്തവർ. ഇവരൊന്നും പണം ഉള്ളതു കാരുണ്യപ്രവർത്തനങ്ങൾക്കു ദാനം ചെയ്തതല്ല. ദാരിദ്ര്യം എന്തെന്നും ദു:ഖം എന്തെന്നും അറിഞ്ഞതുകൊണ്ട് അത്തരക്കാരെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിയവർ. ഇവരാരും ഒറ്റപ്പെട്ടു ജീവിക്കുന്നവരല്ല. കുടുംബവും കൂട്ടുകാരും സഹപ്രവർത്തകരും ഉള്ളവരാണ്. തന്റെ ജീവിതം കൊണ്ട് സമീപത്തുള്ള പത്തിരുപതുപേരുടെ ദു:ഖമകറ്റാൻ സാധിച്ചാൽ സാർഥകമായി എന്നു ചിന്തിച്ച് ഇറങ്ങി പുറപ്പെട്ടവരാണിവർ.

മാനസിക രോഗം പോലുള്ള ഒരു ഭീകരാവസ്ഥയെ സ്വാന്തന-സാമൂഹിക പരിചരണത്തിലൂടെയും സഹായത്തിലൂടെയും ചികിത്സിക്കുന്ന ചിത്ര എന്ന ഡോക്ടറുടെ പ്രവർത്തനങ്ങൾ (മെഹക്) ഇനിയും നമ്മുടെ കേരളീയ ജീവിതത്തിന്റെ ഭാഗമായിട്ടില്ല. മാനസിക രോഗം ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കുന്നതാണെന്നും മരുന്നു കഴിക്കണമെന്നും സമൂഹത്തിനു മനസ്സിലാക്കി കൊടുക്കുകയാണ് മെഹക്കിന്റെ ദൗത്യം. പലപ്പോഴും രോഗിക്ക് മരുന്നു വാങ്ങാൻ

പാങ്ങുണ്ടാവില്ല. വീട്ടുകാർക്ക് സന്മനസ്സുണ്ടാവില്ല. രോഗം ഭേദമായാൽത്തന്നെ പുനരധിവാസവും മുന്നോട്ടുള്ള ജീവിതവും പ്രശ്നങ്ങൾ. ഇവിടെ മെഹക്കിൽ രോഗിയുടെ അടുത്തേക്ക് ഡോക്ടർ ചെല്ലുന്ന ക്ലിനിക്കൽ സമ്പ്രദായം മഹത്തരമാണ്. ഈ രീതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയാൽ നല്ലതായിരുന്നു. കാരണം, കേരളം ഇന്ത്യയുടെ മാനസികരോഗ തലസ്ഥാനമാണ്. ആത്മഹത്യയിൽ ഒന്നാം സ്ഥാനത്താണ്. മാനസികചികിത്സാ പ്രവർത്തനങ്ങളും പുനരധിവാസവും കേരളത്തിൽ ഇന്നും പ്രാരംഭദശയിലാണ്.

ചികിത്സയില്ലാത്ത, എല്ലൊടിവ് രോഗം പോലുള്ള രോഗികളേയും അവരുടെ വീട്ടുകാരെയും ചേർത്തുനിർത്തിയ അമൃതവർഷിണിയാണ് മറ്റൊന്ന്. അവർക്ക് അവരെപ്പോലുള്ളവരെ കാണുമ്പോഴും ചങ്ങാത്തം കൂടുമ്പോഴും കിട്ടുന്ന ആത്മവിശ്വാസം ചെറുതല്ല. ഇവരെല്ലാം മാനസികമായി കരുത്തുള്ളവരും ഇച്ഛാശക്തിയുള്ളവരുമാണ്. പഠനത്തിലും കലകളിലും മിടുക്കർ. ഇവരുടെ ജീവിതാഭിമുഖ്യം ശാരീരികവൈകല്യം ഇല്ലാത്തവർക്കും വഴികാണിച്ചു തരുന്നു. ഇരുപത്തിയഞ്ചു വർഷത്തിലധികമായി കൊച്ചിയിൽ കൾചറൽ അക്കാഡമി ഫോർ പീസ്( CAP) എന്ന സ്ഥാപനം നടത്തുന്ന ബീനാ സെബാസ്റ്റ്യനാണ് ഇനിയൊരാൾ. ലൈംഗീകചൂഷണങ്ങൾക്ക് ഇരയായവരുടെ പുനരധിവാസമാണ് ഇതിന്റെ ലക്ഷ്യം. പല സാഹചര്യങ്ങളിലും സ്ത്രീകൾക്ക് മനസ്സിലാവില്ല, അവർ പ്രശ്നങ്ങൾക്കു നടുവിലാണെന്ന്. ഓടി രക്ഷപ്പെടാൻ വഴിയുണ്ടെന്ന്. ലൈംഗികാതിക്രമങ്ങളുടെ ഇരകളായവർക്ക് താമസിക്കാൻ സുരക്ഷിതമായ സൗകര്യം, നിയമസഹായം, ഇതിനെല്ലാം പുറമേ ആ മാനസികാവസ്ഥയിൽ അവർക്കാവശ്യമായ കൂട്ട് ഇതെല്ലാമാണ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

'ജ്വാല'യിലെ തീ ആയ അശ്വതി. ഇല്ലായ്മയുടെ വേദന അറിഞ്ഞതുകൊണ്ടു കൊടുക്കുന്നതും, സമ്പത്ത് അധികമായതുകൊണ്ട് കൊടുക്കുന്നതും തമ്മിൽ അജഗജാന്തരമുണ്ട്. പ്രശസ്തിക്കുവേണ്ടി ചെയ്യുന്ന സാമൂഹ്യ പ്രവർത്തനവും, അനീതി അനുഭവിച്ചതുകൊണ്ടു നടത്തുന്ന പ്രവർത്തനവും പോലെ. ചേരിയിലും തെരുവിലും ജനിച്ചുവളർന്ന അശ്വതി പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്ത് സ്വയം ആർജ്ജിച്ചതാണ്. "തീയിൽ കുരുത്തത് വെയിലത്തു വാടില്ല" എന്ന പഴഞ്ചൊല്ലാണ് അശ്വതി. ആറുവർഷമായി അശ്വതി തെരുവിൽ അലയുന്നവർക്കും ആശുപത്രിയിൽ ആരുമില്ലാത്തവർക്കും ഭക്ഷണം കൊടുക്കുന്നു.

ഇരുപതാം വയസ്സിൽ ഭർത്താവുമരിച്ച് ജീവിതം വഴിമുട്ടി എന്നു തോന്നിയപ്പോൾ നേഴ്സിംഗ് പഠിക്കാൻ ചേരുകയും പാലിയെറ്റീവ് കെയർ യൂണിറ്റുകളിൽ പ്രവർത്തിച്ച് ആ അനുഭവത്തിൽ ഒരു വൃദ്ധസദനം തുടങ്ങുകയും ചെയ്ത റസിയാ ബാനു ആണ് ഇനിയൊരാൾ. ഒരു സ്വകാര്യ നേഴ്സിംഗ് ഹോമിൽ

ജോലിചെയ്തുകൊണ്ട് 24 അമ്മമാരെ സഹായമില്ലാതെ സംരക്ഷിക്കുന്നു. “ദൈവത്തെ കണ്ടുവോ എന്ന് ചോദിച്ചാൽ ഞാൻ കണ്ടു എന്ന് വേണം പറയാൻ. ദൈവത്തെ തൊട്ടു എന്നും കെട്ടിപ്പിടിച്ചുമ്മ വെച്ചു എന്നും” ഇതു പറയുന്ന റസിയാബാനു ജീവിതത്തെ തൊട്ടവളാണ്.

ആദിവാസി ദളിത് പെൺകുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി കോട്ടയം ജില്ലയിലെ മേലുകാവിൽ പ്രവർത്തിക്കുന്ന സ്നേഹി ഭവൻ മറ്റൊരുദാഹരണമാണ്. തറവാട് പിരിഞ്ഞുകിട്ടിയ 50000 രൂപ മൂലധനവുമായി തുടങ്ങിയ സ്നേഹി ഭവൻ 16 വർഷമായി തുടരുന്നു, സജിനീ മാത്യൂസ്. സജിനീ മാത്യൂസിനൊപ്പം സ്വന്തം കുടുംബവുമുണ്ട്. എന്നാൽ ഉമാപ്രേമന്റെ കഥ കഠിനമായ അതിജീവനത്തിന്റെ വഴിയാണ്. സ്വന്തം വൃക്ക വഴിയാത്രയിൽ കണ്ടെത്തിയ യുവാവിനു ദാനം ചെയ്ത ത്യാഗസന്നദ്ധതയിൽ എത്തിനിൽക്കുന്ന അവരുടെ ആതുരസേവനം.

നഗരങ്ങളും വികസനവും ദാരിദ്ര്യവും ചേരികളേയും സൃഷ്ടിക്കുന്നു. വ്യവസായവൽക്കരണവും അണുകുടുംബങ്ങളും തൊഴിലില്ലായ്മയും അനാഥരേയും ലൈംഗിക ഇരകളേയും സൃഷ്ടിക്കുകയും ചെയ്യുന്നു. ഉത്തരവാദിത്വമുള്ള വികസിത സമൂഹം, അഥവാ ക്ഷേമരാഷ്ട്രം ഇത്തരം അനീതികളേയും അസമത്വങ്ങളേയും ഇല്ലാതെയാക്കി ഓരോ പൗരനും സംരക്ഷണം നൽകേണ്ടതുണ്ട്. സർക്കാർ അഥവാ സ്റ്റേറ്റ് ഈ ചുമതല ശരിയായി നിർവഹിക്കാത്തതിനാലാണ് മറ്റുള്ള സന്നദ്ധസേവകർക്ക് ഈ ദൗത്യം ഏറ്റെടുക്കേണ്ടി വരുന്നത്.

മയിലമ്മയും, ലീലടീച്ചറും മേധാ പാട്ക്കറും, വന്ദന ശിവയും, സുഗതകുമാരിയും ദയാഭായിയുമെല്ലാം പൊതുവായി സൂക്ഷിക്കുന്ന ഒരു ജൈവബന്ധമുണ്ട്. സ്ത്രീയും പ്രകൃതിയുമായുള്ള ജൈവബന്ധം. ഒരുപക്ഷെ, ഭൂമിയും നദികളും കടലുമൊക്കെ സ്ത്രീകളായതാവാം കാരണം. ഈ ഭൂമിയിലെ ജീവന്റെ സൂക്ഷിപ്പുകാർ അവരാണ്. അതാണ് സീത ഉഴവുചാലിന്റെ മകളായത്. പാർവതി ഹിമാലയത്തിന്റെ മകളായത്. ജീവന്റേയും പ്രകൃതിയുടേയും നിയമവും അതാണ്. ഈ ഭൂമിയിൽ പുതു തലമുറക്ക് ജീവിക്കാൻ ഉതകുന്ന അനുകൂലനങ്ങൾ സംരക്ഷിക്കാനുള്ള ആഗ്രഹം - അതാണവരെ നയിക്കുന്നത്.

“സ്ത്രീയുടെ പ്രകൃതത്തിൽ ഈ സ്വഭാവദാർഢ്യത്തിന്റെ ആദർശപരത അഗാധമായി പരിപോഷിക്കപ്പെട്ടിരിക്കുന്നു. കേവലമായി സംഭവിച്ചുകൊണ്ടിരിക്കുന്നതിനെയവൾ സ്നേഹിക്കുന്നില്ല. ജിജ്ഞാസയുടെ അച്ചടക്കമില്ലാത്ത ശരങ്ങൾ ഇരുട്ടിന്റെ ഹൃദയത്തിലെക്ക് തൊടുക്കാനും അവൾക്കാവില്ല. കാര്യങ്ങളെ ഏതെങ്കിലും രൂപത്തിൽ പൂർണതയിലെത്തിക്കാൻ അവളിലെ ഊർജ്ജം മുഴുവനും സഹജവാസനയോടെ പ്രവർത്തിക്കുന്നു- അതാകുന്നു ജീവിതത്തിന്റെ നിയമം. ’ സ്ത്രീയെപ്പറ്റി ഇങ്ങനെ പറഞ്ഞത് വിശ്വമഹാകവി രബീന്ദ്രനാഥ ടാഗോറാണ്.

ചർച്ചാവിഷയം

കെ.എ.ബീന
884863 9469

**എഴുത്തുകാരി, മാധ്യമപ്രവർത്തക
യാത്രാവിവരണം ലേഖിക**





# മെഹക്- സാന്ത്വനത്തിന്റെ സൗരഭ്യം

**ഓ**രോ നാടും ഓരോ കാലവും ഓരോ ഭ്രാന്തന്മാരെ കാത്തുവെച്ചിരുന്നു, നാട്ടുമിത്ത് ആയി, കുട്ടികൾക്ക് പേടിസ്വപ്നമായി, നാട്ടുകാർക്ക് തമാശയ്ക്കും പരിഹാസക്കഥകൾക്കുമായി. ഭ്രാന്തന്റെ മനസ്സ് ആരും കണ്ടില്ല. രോഗംബാധിച്ച മനസ്സ് ആർക്ക് വേണം?

വൈക്കം മുഹമ്മദ് ബഷീറാണ് പറഞ്ഞുതന്നത്:

ഭ്രാന്ത് സുന്ദരമാണെന്ന് -

സുരഭിലമാണെന്ന് -

സൗരഭ്യമുള്ളതാണെന്ന് -

"എനിക്ക് ലേശം കിറുക്കുണ്ട്" എന്നു പറയാനും എഴുതാനും മടിക്കേണ്ട കാര്യമില്ലെന്ന്..

ഭ്രാന്ത് ആർക്കും വരാമെന്ന തിരിച്ചറിവ് മലയാളികൾക്ക് ഉണ്ടാക്കിയതും ബഷീറാണ്, ചികിത്സിച്ചാൽ മാറുന്നതാണ് ഭ്രാന്ത് എന്ന് പറയാനും ബഷീർ മറന്നില്ല - അനുഭവത്തിലൂടെ, ജീവിതത്തിലൂടെ.

എം.ടി.വാസുദേവൻനായർ 'ഇരുട്ടിന്റെ ആത്മാവ്' എന്ന കഥയിലൂടെ ഭ്രാന്തനും ഹൃദയമുണ്ടെന്ന്, സ്നേഹമുണ്ടെന്ന്, പ്രണയമുണ്ടെന്ന്, പ്രണയനഷ്ടമുണ്ടെന്ന് കാട്ടിത്തന്നു. ഭ്രാന്തൻ വേലായുധന്റെ ചങ്ങലക്കിലുക്കം ബോധധാരകളിൽപുതിയ സന്ദേശങ്ങൾ നൽകി. അമ്മുക്കുട്ടി കൂടി തള്ളിപ്പറഞ്ഞപ്പോൾ ഭ്രാന്തൻ വേലായുധൻ "എന്നെ ചങ്ങലക്കിടൂ" എന്നു പറയുന്നത് കണ്ണിലും നെഞ്ചിലും ചോര പൊടിഞ്ഞാണ് മലയാളി വായിച്ചുതീർത്തത്, സിനിമയിൽ കണ്ടിരുന്നത്. ക്രിയാത്മകതയുടെ വെളിപാടുകൾ ലോകമെങ്ങും മാനസികാവസ്ഥകളെ തകിടം മറിച്ച കഥകൾ, കാര്യങ്ങൾ. അതൊന്നും ഭ്രാന്തിന്, മനോരോഗത്തിന് അംഗീകാരം നൽകിയില്ല. അഭിശപ്തമായ ദുരന്തം പോലെ ഇന്നും മനോരോഗം നമ്മുടെ സമൂഹ

ത്തിൽ ചികിത്സിച്ചാലും, പരിചരിച്ചാലും മാറാത്ത അവസ്ഥയെന്ന പേരുദോഷവുമായി നിലനിൽക്കുന്നു.

മത ചാഞ്ചല്യമുള്ളവർ നാട്ടുവഴികളിലും നഗരപാതകളിലും എപ്പോഴും കടന്നുവരാവുന്ന ഒരു പേടിസ്വപ്നം തന്നെ ഇന്നും. വീട്ടകങ്ങളിൽ ചിതറിപ്പോയചിന്തകളും ഉടഞ്ഞുവീണ ജീവിതങ്ങളും പേറി, മനസ്സിടറിയവർ ദൈന്യതയുടെ ചങ്ങലക്കെട്ടുകളിൽ ചുരുണ്ടുകൂടി നിസ്സഹായമായ തേങ്ങലുകളായി ജീവിക്കുന്നു.

മാറിമാറി കടന്നുവന്ന രോഗങ്ങൾക്കെല്ലാം ചികിത്സയുണ്ടെന്ന് കാലംതെളിയിക്കുമ്പോഴും മാനസികരോഗം വിമുക്തിക്കതീതമാണെന്ന് പണ്ടേ പറഞ്ഞുവെച്ചത് തിരുത്താൻ ഇനിയും മടിക്കുന്നു സമൂഹം. ലോകം മുഴുവൻ ഇതിനെതിരെ ചിന്തിക്കുന്നു, പറയുന്നു. ഓരോ ഒക്ടോബർ പത്തും ലോകമാനസികാരോഗ്യദിനാചരണങ്ങൾ നടത്തി കടന്നുപോകുന്നു. ഏതു നിമിഷവും ആർക്കും നഷ്ടപ്പെടാവുന്ന സമനില മാത്രമാണ് മനസ്സിനുള്ളതെന്നറിയാതെ നമ്മൾ ഇപ്പോഴും പറയുന്നു:

**മെഹക്കിനെക്കുറിച്ച് അറിയുന്നതുവരെ, ചിത്രാവെങ്കടേശ്വരനെ പരിചയപ്പെടുന്നതുവരെ കുതിരവട്ടവും, ഊളമ്പാറയുമെന്ന അഭിശപ്ത മിത്തുകളിൽ മാനസികരോഗ ചികിത്സ കുടുങ്ങിക്കിടക്കുകയായിരുന്നു. മാനസികരോഗപരിചരണം ഇങ്ങനെയുമാവാം, അല്ലെങ്കിൽ എങ്ങനെയാണ് മനസ്സിന്റെ വഴികളിൽ ഇടർച്ചകളുണ്ടാവുന്നവരോട് മറ്റുള്ളവർ പെരുമാറേണ്ടത് എന്ന് മെഹകിലൂടെയാണ് അറിഞ്ഞത്.**



“രക്ഷയില്ലാത്തൊരു രോഗം, കഷ്ടം”.

മെഹക്കിനെക്കുറിച്ച് അറിയുന്നതുവരെ, ചിത്രാവെങ്കടേശ്വരനെ പരിചയപ്പെടുന്നതുവരെ കുതിരവട്ടവും, ഊളമ്പാറയുമെന്ന അഭിശപ്ത മിത്തുകളിൽ മാനസികരോഗ ചികിത്സ കുടുങ്ങിക്കിടക്കുകയായിരുന്നു. മാനസികരോഗപരിചരണം ഇങ്ങനെയുമാവാം, അല്ലെങ്കിൽ എങ്ങനെയാണ് മനസ്സിന്റെ വഴികളിൽ ഇടർച്ചകളുണ്ടാവുന്നവരോട് മറ്റുള്ളവർ പെരുമാറേണ്ടത് എന്ന് മെഹകിലൂടെയാണ് അറിഞ്ഞത്.

2008-ൽ ന്യൂഡൽഹിയിൽ ചാരിറ്റബിൾ ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്ത്ആരംഭിച്ച മെഹക് എന്ന മെന്റൽ ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഫൗണ്ടേഷൻ (Mental Health Care and Research Foundation) സാന്ത്വനത്തിന്റെയും പരിചരണത്തിന്റെയും വഴിയിലൂടെ മാനസികരോഗ ചികിത്സാദ്ധ്യമാക്കാനാവുമോ എന്ന ചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞ പരീക്ഷണമാണ്.

സമൂഹത്തിന്റെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ, തദ്ദേശഭരണസ്ഥാപനങ്ങളുടെആത്മാർത്ഥമായ പദ്ധതികളിലൂടെ, പ്രാദേശിക സന്നദ്ധസംഘടനകളുടെപ്രവർത്തനങ്ങളിലൂടെ ലോകത്തെവിടെയും നടപ്പിലാക്കാവുന്ന മികച്ചൊരുമോഡൽ തന്നെ സൃഷ്ടിച്ചെടുക്കാൻ ആറ് വർഷങ്ങൾ കൊണ്ട് മെഹകിന് കഴിഞ്ഞിരിക്കുന്നു.മാനസികാരോഗ്യ പരിചരണ

ത്തെക്കുറിച്ച് മാറ്റിചിന്തിക്കാൻ മെഹക് മുന്നോട്ട് വെയ്ക്കുന്നത് സമൂഹത്തിന്റെ ഉത്തരവാദിത്ത്വ ബോധം ഉണർത്തുന്നതിലൂടെയാണ്.

മെഹകിന്റെ കഥ ഡോ. ചിത്രയുടെയും കഥയാണ്. സുഹൃത്തുക്കളും കുടുംബവും കഥയിൽ മികവോടെ ഒപ്പമുണ്ട്.ആത്മാർത്ഥതയുടെയും മാനവികബോധത്തിന്റെയുംവറ്റാത്ത കനിവിന്റെയും ഉറപ്പ് നൽകുന്ന ഒരനുഭവം കൂടിയാണത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് പാസ്സായി, ന്യൂഡൽഹിയിലെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ അനസ്തസ്യോളജിയിൽ പോസ്റ്റ് ഗ്രാജ്വേഷന് പഠിക്കുമ്പോൾ ചിത്ര സന്ദേഹത്തിലായി:

“ഇതാണോ ഞാൻ ശരിക്കും ചെയ്യേണ്ടത്. ഒരു ഡോക്ടർ എന്ന നിലയിൽ എന്റെ ജീവിതം എന്തായിരിക്കണം തുടങ്ങിയ ചോദ്യങ്ങൾ എന്റെ ഉള്ളിൽ നിറഞ്ഞു. മെഹക് ആ ചോദ്യങ്ങൾക്കുള്ള ഉത്തരമായിരുന്നു... നിസ്സഹായരും, നിരാലംബരും, സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവരുമായ മാനസികരോഗികൾക്കിടയിലാണ് ഡോക്ടർ എന്ന നിലയിലുള്ള എന്റെ ജീവിതത്തിന് പ്രസക്തി എന്ന് എനിക്ക് ഉറപ്പായി.” ആ ഉറപ്പിലാണ് ചിത്ര ന്യൂഡൽഹി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ പഠനം നിർത്തി കോഴിക്കോട് മെഡിക്കൽ കോളേജിൽ സൈക്കിയാട്രിയിൽ പോസ്റ്റ്ഗ്രാജ്വേഷന് ചേർന്നത്.

“കോഴിക്കോട് പാലിയേറ്റീവ് കെയർ പ്രസ്ഥാനം ഉടലെടുത്ത നാളുകൾകൂടിയായിരുന്നു അത്. ശരീരത്തിന്റെ വേദനകൾക്കും അസ്വസ്ഥതകൾക്കുമാണ് പാലിയേറ്റീവ് കെയർ പ്രാധാന്യം നൽകിയിരുന്നത്. മാറാരോഗങ്ങൾ ബാധിച്ചവരുടെയും കുടുംബാംഗങ്ങളുടെയും മാനസികാവസ്ഥകൾക്കും പരിചരണംആവശ്യമു



ണ്ടെന്ന് എനിക്ക് തോന്നി. പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്നവരും എന്റെ ചിന്തകൾ ഗൗരവമായെടുത്തു. പാലിയേറ്റീവ്കെയറിലേക്ക് സൈക്കിയാട്രി കടന്നുവന്നത് അങ്ങനെയാണ്. ക്യാൻസർ പോലെയുള്ള മാരകരോഗങ്ങൾ ബാധിച്ചവർക്ക് ശാരീരിക അസ്വസ്ഥതകൾക്കാണ് അതുവരെ പാലിയേറ്റീവ് കെയർ സാന്ത്വനപരിചരണം നൽകിയിരുന്നത്. അവരുടെ മാനസിക പരിപാലനം ഏറ്റെടുത്ത് നടത്തുന്നതിനിടയിലാണ് മാനസികരോഗികൾ കടന്നുപോകുന്നത് ഇതിനൊപ്പമോ അതിലേറെയോ ദയനീയമായ സാഹചര്യങ്ങളിലൂടെയാണെന്ന് തിരിച്ചറിഞ്ഞത്. ”

മാനസിക രോഗചികിത്സ ഇനിയും വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ലാത്ത മേഖലയാണ്. മറ്റു രോഗങ്ങ

**“ഇതാണോ ഞാൻ ശരിക്കും ചെയ്യേണ്ടത്. ഒരു ഡോക്ടർ എന്ന നിലയിൽ എന്റെ ജീവിതം എന്തായിരിക്കണം തുടങ്ങിയ ചോദ്യങ്ങൾ എന്റെ ഉള്ളിൽ നിറഞ്ഞു. മെഹക് ആ ചോദ്യങ്ങൾക്കുള്ള ഉത്തരമായിരുന്നു... നിസ്സഹായരും, നിരാലംബരും, സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവരുമായ മാനസികരോഗികൾക്കിടയിലാണ് ഡോക്ടർ എന്ന നിലയിലുള്ള എന്റെ ജീവിതത്തിന് പ്രസക്തി എന്ന് എനിക്ക് ഉറപ്പായി.”**

ളിൽ നിന്ന് വ്യത്യസ്ഥമായി മാനസികരോഗങ്ങളെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ ശരിയായ ചികിത്സയും പരിചരണവും രോഗവിമുക്തിയും ലഭിക്കുന്നതിന് പലപ്പോഴും തടസ്സമാകുന്നു. ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗാവസ്ഥയാണ് ഇതെന്ന് ഒരുപാട് പേർക്ക് അറിയില്ല. രോഗി മാത്രമല്ല കുടുംബവും സാമൂഹികമായ ഒറ്റപ്പെടൽ നേരിടേണ്ടി വരുന്നത് സാധാരണമാണ്. ശാരീരിക രോഗങ്ങൾ ഉള്ളവരോട് കാട്ടുന്ന കരുണയോ, സഹതാപമോ മാനസികരോഗികൾക്ക് കിട്ടാറില്ല.



**മാനസികരോഗം ബാധിച്ചവർ ആശുപത്രികളിലേക്ക് വരാനും, ഡോക്ടർമാരെ കണ്ട് ചികിത്സ തേടാനും മരുന്നുകൾ വാങ്ങി കഴിക്കാനും തയ്യാറാകാത്തതിന് കാരണങ്ങൾ ഏറെയാണ്. സമൂഹം "ഭ്രാന്തനെ" ന്ന് മുദ്രകുത്തുമെന്ന ഭയം, എവിടെ ചികിത്സ കിട്ടുമെന്ന് അറിയാത്തത് മറ്റൊന്ന്, എല്ലാത്തിനുമുപരി സാമ്പത്തിക പരാധീനതകൾ.**

ഇത്തരം രോഗങ്ങളെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങൾ മറ്റൊരു കടമ്പയാണ്. മന്ത്രവാദത്തിലൂടെയും പൂജകളിലൂടെയുമൊക്കെ രോഗം മാറ്റിയെടുക്കാമെന്ന് കരുതുന്നവർ ഇപ്പോഴും ധാരാളമുണ്ട്.

മാനസികരോഗം ബാധിച്ചവർ ആശുപത്രികളിലേക്ക് വരാനും, ഡോക്ടർമാരെ കണ്ട് ചികിത്സ തേടാനും മരുന്നുകൾ വാങ്ങി കഴിക്കാനും തയ്യാറാകാത്തതിന്കാരണങ്ങൾ ഏറെയാണ്. സമൂഹം "ഭ്രാന്തനെ" ന്ന് മുദ്രകുത്തുമെന്ന ഭയം, എവിടെ ചികിത്സ കിട്ടുമെന്ന് അറിയാത്തത് മറ്റൊന്ന്, എല്ലാത്തിനുമുപരി സാമ്പത്തിക പരാധീനതകൾ.

"ചികിത്സയുമായി രോഗികളിലേക്ക് ചെല്ലുകയാണ് ശരിയായ മാർഗ്ഗമെന്ന് എനിക്ക് ഉറപ്പായി. പാലിയേറ്റീവ് കെയറിലെ അനുഭവങ്ങളാണ് ആ ഉറപ്പ് തന്നത്. തുടക്കത്തിൽ മലപ്പുറത്തും വയനാട്ടിലും പാലിയേറ്റീവ് കെയറിനൊപ്പം മാനസികരോഗികൾക്കും സാന്ത്വനമെത്തിക്കാനുള്ള പരിപാടികൾ നടത്തി. മാനസികരോഗത്തെക്കുറിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാട് മാറ്റുന്നതിന് നടത്തിയശ്രമങ്ങൾക്ക് ഗുണഫലങ്ങൾ ഉണ്ടായി. ഇത് നൽകിയ ആത്മവിശ്വാസമാണ് "മെഹകി" ന് പ്രേരണയും ധൈര്യവും നൽകിയത്."

"മെഹക്" എന്ന വാക്കിന് ഉറുദുവിൽ "സൗരഭ്യം" എന്നാണർത്ഥം. ഇരുളടഞ്ഞ ജീവിതങ്ങളിൽ പ്രകാശവും സൗരഭ്യവും പരത്തുന്നതിനുള്ള ശ്രമങ്ങൾ മെഹക് ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

ഡോക്ടറും സംവിധാനങ്ങളും രോഗിക്ക് വേണ്ടി ചെല്ലുക എന്ന മെഹക്കിന്റെ രീതി വിജയം കണ്ടു.സ്ഥിരമായി പ്രവർത്തിക്കുന്ന ഒ.പികൾ (out patient വിഭാഗങ്ങൾ) ഓരോ പ്രദേശത്തും തുടങ്ങി. കൃത്യമായിചികിത്സ നൽകി. ഡോക്ടറും പരിചാരകരും മാത്രം വിചാരിച്ചാൽ വിജയിക്കുന്ന ഏർപ്പാടല്ല ഇത്, സമൂഹം കൂടെയുണ്ടാവണം. ഓരോ പ്രദേശത്തെയും പഞ്ചായത്തിന്റെയും സന്നദ്ധസംഘടനകളുടെയും തൽപ്പരരായ മനുഷ്യരുടെയും സഹകരണത്തോടെ ചികിത്സാപരിപാടികൾ നടപ്പിലാക്കുകയാണ് മെഹക് ചെയ്യുന്നത്.

ആലപ്പുഴ, പാലക്കാട്, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലാണ് ഇപ്പോൾ മെഹക് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിലെ മുഹമ്മഗ്രാമപഞ്ചായത്തിൽ മെഹകിന്റെ നേതൃത്വത്തിൽ നടക്കുന്ന മാനസികരോഗ സാന്ത്വന ചികിത്സ രാജ്യത്ത് മറ്റെവിടെയും സ്വീകരിച്ച് നടപ്പാക്കാവുന്ന ഒരു മാതൃകയായി മാറിയിരിക്കുന്നു. ഡോക്ടറും കൗൺസെലറും രോഗികളെ തേടി ക്ലിനിക്കുകളിലും ആവശ്യമുള്ള രോഗികളുടെ വീടുകളിലും കൃത്യമായെത്തുകയും സൗജന്യമായി മരുന്നുകൾ നൽകുകയും ചെയ്യുമ്പോൾ മരുന്നുകളിലൂടെ രോഗവിമുക്തി ഉണ്ടാക്കുന്നതിനൊപ്പം രോഗിയിലും കുടുംബാംഗങ്ങളിലും നിരന്തരമായ സാന്നിദ്ധ്യം കൊണ്ട് സുരക്ഷിതത്വബോധം ഉണ്ടാക്കുന്നു. മെഹക് രീതിയുടെ പ്രത്യേകതയും പ്രാധാന്യവും ഇതാണെന്ന് പറയാം. ഇ

ക്കാലം വരെ മാനസികാസ്വാസ്ഥ്യമുള്ളതുകൊണ്ട് സമൂഹത്തിൽ നിന്ന് ബഹിഷ്ക്കരണം നേരിട്ടിരുന്നവർക്ക് പ്രത്യേക പരിചരണവും പരിഗണനയും ലഭിക്കുമ്പോൾ ഉണ്ടാവുന്ന മാറ്റം ചെറുതല്ല. ജീവിതം തിരിച്ചെടുക്കാൻ പലർക്കും ഈ സാന്നിദ്ധ്യം പ്രാപ്തി നൽകുന്നു.

ഒറ്റത്തവണ ചികിത്സകൊണ്ട് ഭേദമാക്കാവുന്നതല്ല മാനസിക രോഗം. നിരന്തരമായ ശ്രദ്ധയും പരിചരണവും ആവശ്യമാണ്. സന്നദ്ധപ്രവർത്തകർക്ക് വിലപ്പെട്ട സംഭാവനകൾ നൽകാനാവുന്നത് അവിടെ

**"എന്റെ ജീവിതത്തിലെ ഏറ്റവും ഭയങ്കരങ്ങളായ ദിവസങ്ങളാണ് അവിടെ കഴിച്ചു കൂട്ടിയത്. എന്റെ ആത്മാവ് കരഞ്ഞു പോയി."**



യാണ്. രോഗവിമുക്തി നേടിയവർക്ക് ജീവിതമാർഗ്ഗം കണ്ടെത്താൻ തൊഴിൽ പരിശീലനം (കയർ, മെഴുകുതിരി, പേപ്പർ ബാഗുകൾ, പൂക്കൾ എന്നിവ ഉണ്ടാക്കൽ, കൃഷി )നൽകുന്നതിനും അതിലൂടെ ആത്മവിശ്വാസവും വരുമാനവും ഉണ്ടാക്കാനും ശദ്ധിക്കുന്നു. മാനസികരോഗചികിത്സയിൽ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരാനാണ് മെഹക് ശ്രമിക്കുന്നത്.

സുമനസ്സുകളുടെ സ്നേഹപൂർണ്ണമായ സഹകരണം- മെഹക്കിനെ നിലനിർത്തുന്ന പ്രധാനഘടകമാണ്. ജീവിതത്തിലേക്ക് മടങ്ങിവന്നവരാണ് മെഹകിന്റെ ബാക്കിപത്രമെന്ന് ഡോ. ചിത്ര പറയുന്നു.

"ഇന്നലെ അമ്മ ഒരുവട്ടം ചിരിച്ചു", "മകൻ കളിച്ചു", "രണ്ട് വാക്ക് മിണ്ടി" എന്നൊക്കെ രോഗികളുടെ ബന്ധുക്കൾ പറയുന്നത് എത്രമാത്രം സന്തോഷത്തോടെയാണെന്നോ. അവരെ സംബന്ധിച്ച് അത് ഏറെ വലുതാണ്. രോഗം മാറി ജീവിതത്തിലേക്ക് മടങ്ങിവന്ന നിരവധി പേരുണ്ട്.

"ആദ്യം ഞങ്ങൾ ചെല്ലുമ്പോൾ ശശി ചങ്ങലയിലായിരുന്നു. ഇരുട്ട് നിറഞ്ഞമുറിയിൽ. ഒരു അലുമി

**"ആദ്യം ഞങ്ങൾ ചെല്ലുമ്പോൾ ശശി ചങ്ങലയിലായിരുന്നു. ഇരുട്ട് നിറഞ്ഞമുറിയിൽ. ഒരു അലുമിനിയം പാത്രം വെള്ളവും ഭക്ഷണവും കൊടുക്കാൻവച്ചിട്ടുണ്ട്. ഭാര്യയും മക്കളും വിട്ടുപോയി. അനിയനും കുടുംബവുമാണ് നോക്കുന്നത്. അനിയന്റെ ഭാര്യയ്ക്കും മാനസിക അസ്വസ്ഥതകളുണ്ട്. എന്നുംവൈകിട്ട് അനിയൻ (മത്സ്യത്തൊഴിലാളിയാണ്) കുറച്ചുനേരം ചങ്ങലയിൽ നിന്ന് അഴിച്ചുവിടും. ഞങ്ങൾ ശശിയെ മുഹമ്മയിലുള്ള ബ്രദർ സജിയുടെ മരിയസദനത്തിലാക്കി, മരുന്നും ചികിത്സയും നൽകി. ഇപ്പോൾ ശശി ചങ്ങലയിലല്ല. പഴയമട്ടൊക്കെ മാറിയപ്പോൾ ഭാര്യയും മക്കളും മടങ്ങിവന്നു. മരുന്നുകൾ കഴിക്കുന്നുണ്ടെങ്കിലും ശശി സമാധാനത്തോടെ ജീവിക്കുന്നുണ്ട്.**

നിയം പാത്രം വെള്ളവും ഭക്ഷണവും കൊടുക്കാൻ വച്ചിട്ടുണ്ട്. ഭാര്യയും മക്കളും വിട്ടുപോയി. അനിയനും കുടുംബവുമാണ് നോക്കുന്നത്. അനിയന്റെ ഭാര്യയ്ക്കും മാനസിക അസ്വസ്ഥതകളുണ്ട്. എന്നും വൈകിട്ട് അനിയൻ (മത്സ്യത്തൊഴിലാളിയാണ്) കുറച്ചുനേരം ചങ്ങലയിൽ നിന്ന് അഴിച്ചുവിടും. ഞങ്ങൾ ശശിയെ മുഹമ്മയിലുള്ള ബ്രദർ സജിയുടെ മരിയസദനത്തിലാക്കി, മരുന്നും ചികിത്സയും നൽകി. ഇപ്പോൾ ശശി ചങ്ങലയിലല്ല. പഴയമട്ടൊക്കെ മാറിയപ്പോൾ ഭാര്യയും മക്കളും മടങ്ങിവന്നു. മരുന്നുകൾ കഴിക്കുന്നുണ്ടെങ്കിലും ശശി സമാധാനത്തോടെ ജീവിക്കുന്നുണ്ട്.

മറ്റൊന്ന് പാലക്കാട്ടുകാരി സുശീലയാണ്. തെരുവിൽ കഴിഞ്ഞിരുന്ന സുശീലയെ എലപ്പുള്ളിയിലെ സ്നേഹതീരം ട്രസ്റ്റുകാരാണ് മെഹകിന്റെ ശ്രദ്ധയിലെത്തിച്ചത്. ഞങ്ങൾ സ്നേഹഭവനിലേക്ക് മാറ്റി. ചികിത്സയ്ക്കിടയിൽ ചാടിപ്പോയപ്പോൾ സുശീലയെ കണ്ടുപിടിച്ച് വീണ്ടും സ്നേഹഭവനത്തിലെത്തിച്ചു. ഇപ്പോൾ സുശീല പാലക്കാട്ട് വീട്ടിലാണ്, ജോലിക്ക് പോകുന്നുണ്ട്.

സ്ഥിരമായി കായലിൽ ചാടുമായിരുന്നു രാമചന്ദ്രൻ. ചികിത്സ ആ സ്വഭാവം മാറ്റിയെടുത്തു. ഇപ്പോൾ പുല്ല് പറിച്ചുവിറ്റ് ജീവിക്കാൻ പ്രാപ്തിനേടിയിരിക്കുന്നു.

സാമ്പത്തികശേഷിയില്ലാത്ത നിരവധിരോഗികളുടെ ജീവിതം മെച്ചപ്പെടുത്തിയെടുക്കുമ്പോൾ ചിത്രയ്ക്ക് തീർച്ചയാകുന്നു:

"എനിക്ക് ഒരു ഡോക്ടർ എന്ന നിലയിൽ ഇങ്ങനെയല്ലാതെ ജീവിക്കാനാവില്ല."

മെഹക് നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചിത്രയ്ക്ക് ഉൽക്കണ്ഠയുണ്ട്:

"പാവപ്പെട്ടരോഗികളെ ചികിത്സിക്കാനും പരിപാലിക്കാനും സ്വമേധയാ തയ്യാറാവുന്ന സൈക്കിയാട്രിസ്റ്റുകളെയും സൈക്കോളജിസ്റ്റുകളെയുമാണ് ഇന്നാവശ്യം. അവരിലൂടെ മാത്രമേ മെഹകിന്റെ പ്രവർത്തനം നിലനിർത്താനുംവ്യാപിപ്പിക്കാനുംകഴിയൂ. കൂടുതൽ പേരിലേക്ക് എത്തിച്ചേരണമെന്ന് ആഗ്രഹിക്കുമ്പോഴും പരിപാടികൾ ആവിഷ്കരിക്കുമ്പോഴും മെഹക്കിനെപിന്നോട്ടു വലിക്കുന്നത് ഡോക്ടർമാരുടെ കുറവാണ്."

അമിതമായ മദ്യപാനാസക്തിയും ആത്മഹത്യപ്രവണതകളും മറ്റും മറ്റും ആയി അനുദിനം താഴുന്ന മാനസികാരോഗ്യ ഗ്രാഫ് ആണ് കേരളത്തിന്റേത്. നമ്മുടെ മാനസിക ചികിത്സാമേഖല (സർക്കാർ, സ്വകാര്യ ആശുപത്രികൾ ) ഈ വെല്ലുവിളി നേരിടാൻ ഇനിയും പര്യാപ്തമായിട്ടില്ല. ദീർഘവീക്ഷണത്തോടെ, ആത്മാർത്ഥതയോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന പരിപാടികളിലൂടെ മാത്രമേ ഈ രംഗത്ത് മാറ്റം സാദ്ധ്യമാവൂ.. മെഹകിനെ പോലെയുള്ള സന്നദ്ധ സംഘടനകളുടെ പ്രസക്തി ഇവിടെയാണ്.

പൊളിച്ചെഴുത്ത് ആവശ്യപ്പെടുന്ന മാനസികാരോഗ്യ ചികിത്സാ രംഗത്ത് മെഹക്പോലെയുള്ള സംരംഭങ്ങൾ ധാരാളമായി ഉണ്ടാകേണ്ടിയിരിക്കുന്നു. മാനസികരോഗചികിത്സാകേന്ദ്രത്തിലെ അപര്യാപ്തതകൾ നേരിട്ടനുഭവിച്ച വൈക്കം മുഹമ്മദ്ബഷീർ എഴുതി.

"എന്റെ ജീവിതത്തിലെ ഏറ്റവും ഭയങ്കരങ്ങളായ ദിവസങ്ങളാണ് അവിടെ കഴിച്ചു കൂട്ടിയത്. എന്റെ ആത്മാവ് കരഞ്ഞു പോയി."

ഇനി ഒരാത്മാവും അങ്ങനെ കരയരുത് എന്നു ആഗ്രഹിക്കുന്ന കുറച്ചു പേരുടെ ചിന്തയും വിയർപ്പും ചോരയുമാണ് മെഹക്. മരുഭൂമിയിലാണവർ പച്ചപ്പുണ്ടാക്കാൻ ശ്രമിക്കുന്നത്. ആ പച്ചപ്പിനെ നട്ടുനനയ്ക്കുവാൻ കൂടെചേരുമ്പോൾ ദീനരായ ഒട്ടേറെ ആത്മാക്കളുടെ കരച്ചിലാണ് ചിരിയായി മാറ്റുന്നത്..

ചർച്ചാവിഷയം/ അഭിമുഖം

ഗീതാഞ്ജലി കൃഷ്ണൻ

എഴുത്തുകാരി. തിരുവനന്തപുരം ടെക്നോപാർക്കിൽ സീനിയർ പ്രോജക്ട് മാനേജർ.



# മനോരോഗ ചികിത്സയും കേരളവും : മെഹക്കിന്റെ പ്രസക്തി

സമൂഹം മുഖം തിരിച്ചു നിൽക്കുന്നതുകൊണ്ട് മാത്രം വേണ്ടത്ര ശ്രദ്ധയും ചികിത്സയും പരിചരണവും കിട്ടാത്ത രോഗമാണ് മാനസികരോഗം. മാനസികാരോഗ്യനില അപകടനിലയിലേക്ക് താഴുന്നതിന്റെ കാരണങ്ങൾ മദ്യവും മയക്കുമരുന്നും പോലെ നിരവധിയാണ്. കേരളത്തിൽ പ്രാഥമികാരോഗ്യതലത്തിലേക്ക് മാനസിക രോഗചികിൽസയെ ഇണക്കിച്ചേർത്ത ഡോ. ചിത്രാ വെങ്കടേശ്വരന്റെ വാക്കുകൾ ശ്രദ്ധിക്കാം.

***1.കേരളം മനോരോഗത്തിന്റെ തലസ്ഥാനമാണെന്ന ദുഷ്പേര് സമ്പാദിച്ചിരിക്കുകയാണല്ലോ. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ആത്മഹത്യയിലും മദ്യപാനത്തിലും മുന്നിൽ. ഇതെത്രകണ്ട് ശരിയാണ്?***

കേരളത്തിലെ മനോരോഗത്തോത് മറ്റേതൊരു സംസ്ഥാനത്തിലേയും, ലോകത്തിലെ മറ്റു രാജ്യങ്ങളിലേയും സ്ഥിതിയിൽ നിന്ന് ഒട്ടും വിഭിന്നമല്ല. മാനസികരോഗങ്ങൾ – സ്കിസോഫ്രേനിയാ, ബൈപോളാർ ഡിസോഡർ മുതലായവ, സാധാരണ രീതിയിലേ ഇവിടെയും കാണപ്പെടുന്നുള്ളൂ. മനോരോഗങ്ങൾ മറ്റ് അസുഖങ്ങൾ പോലെയല്ല. മറ്റുകാരണങ്ങൾ കൊണ്ട്, ഉദാഹരണമായി മദ്യപാനം: അതു മനോരോഗത്തിലേക്ക് നയിക്കുന്ന ഒരു കാരണമാണ്. മദ്യപാനത്തിൽ മറ്റേതൊരു സംസ്ഥാനത്തിലേയും മുന്നിൽ കേരളമാണ്. കേരളത്തിൽ മദ്യപാനം മൂലം ആത്മഹത്യ കൂടുന്നു. സാമൂഹ്യ സൂചകങ്ങൾ കേരളത്തിൽ വേറെ രീതിയിലാണ്. സമൂഹം പലപ്രവണതകളേയും സമീപിക്കുന്ന രീതിയും വ്യത്യസ്തമാണ്. തുറന്നുപറച്ചിലുകളും റിപ്പോർട്ടിംഗും ഇപ്പോൾ കൂടുതലാണ്. കുറ്റകൃത്യങ്ങളും, ലിംഗനിലസംബന്ധിച്ചതും, ഗാർഹികപീഡനവും മറ്റും ആയിട്ടുള്ള പ്രശ്നങ്ങൾ കൂടുതലാണ്. ആളുകൾക്ക് താങ്ങായി വർത്തിച്ചിരുന്ന കൂട്ടുകുടുംബ വ്യവസ്ഥപോലുള്ള പല ഏർപ്പാടുകളും ഇന്നില്ല. അനുദിനം ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കയും അതേസമയം പാരമ്പര്യ മൂല്യങ്ങളെ പിന്തുടരാൻ ആഗ്രഹിക്കയും ചെയ്യുന്നത് സമൂഹത്തിന്റെ സമതുലനാവസ്ഥയെ കുഴക്കുന്നു. ആത്മഹത്യയിലെ നിരക്കിൽ ഇന്ത്യയിലെ ആദ്യത്തെ 3 സംസ്ഥാനങ്ങളിൽ കേരളം ഉണ്ട്. അതുകൊണ്ട് മനോരോഗം കൂടുതലാണെന്ന ഒരു തോന്നൽ വരുന്നു.

***2.മദ്യപാനം ഒരു മാനസിക രോഗമാണോ?***

സാധാരണ മദ്യപാനം മാനസികരോഗമല്ല. എന്നാൽ അമിതമായ മദ്യപാനം കുടുംബജീവിതത്തേയും, ജോലിചെയ്യാനുള്ള കഴിവിനേയും ബാധിക്കുകയും, ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുമ്പോൾ, സാമൂഹിക ജീവിതത്തെ ബാധിക്കുന്ന മാനസികരോഗമായി മാറും. രോഗിയുടെ മാനസിക നിലയെ ബാധിക്കും. ജൈവപ്രവർത്തനങ്ങളേയും സമൂഹ്യപ്രവർത്തനങ്ങളേയും ബാധിക്കും. കൂടുതൽ കാലമുള്ള മദ്യം, മയക്കുമരുന്ന് ഇവയുടെ ഇവയുടെ ഉപയോഗം മനോരോഗത്തിലേക്കു നയിക്കും. മദ്യപാനം മൂലം പല മനോരോഗങ്ങളും വരാം.

***3.കേരളത്തിൽ ധാരാളം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുണ്ടല്ലോ. മനോരോഗത്തിനും ഇത്തരം ആശുപത്രികൾ ഉണ്ടോ?***

ബാംഗ്ലൂരിലെ നിംഹാൻസ് പോലൊരു ആശുപത്രി കേരളത്തിൽ ഇല്ല. കേരളത്തിലെ മെഡിക്കൽകോളേജുകളിൽ നല്ല രീതിയിൽ തന്നെയാണ് സൈക്കിയാട്രി വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. പല സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും ക്യാൻസർ, ഹൃദ്രോഗം, ഡയബറ്റീസ് മുതലായ രോഗങ്ങൾ ബാധിച്ച അവരുടെ രോഗികൾക്കായി സൈക്കിയാട്രിസ്റ്റുകളുടെ സഹായം തേടാറുണ്ട്. പ്രത്യേക മനശാസ്ത്രവിഭാഗമില്ലാത്ത സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജുമായി ചേർന്ന് നിംഹാൻസ് പോലൊരു സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. "ഇംഹാൻസ്" എന്ന പേരിൽ. അത് നിംഹാൻസ് പോലെ വളർന്നുവരുമെന്ന് പ്രതീക്ഷിക്കാം.

***4.സാധാരണ മറ്റുരോഗങ്ങളെപ്പോലെ മനോരോഗങ്ങൾ ചികിത്സിച്ചാൽ മാറുമോ? സമൂഹത്തിനു എന്താണതിനോടിത്ര ഭയം?***

മറ്റുരോഗങ്ങളെ പോലെ രക്തം, മൂത്രം ഇവ പരിശോധിച്ചോ,സ്കാൻ മുതലായ പരിശോധനകൾ കൊണ്ടോ മനോരോഗം നിർണയിക്കാൻ സാധ്യമല്ല. രോഗനിർണയത്തിലും പർശോധനയിലും ഉള്ള ഈ ബുദ്ധിമുട്ടും കളങ്കബോധവും തന്നെയാണ് കാരണം. അസുഖത്തിന്റെ സ്വഭാവം അതാണ്. അതു മനസ്സിലാക്കാനുള്ള കഴിവ് നമ്മുടെ സമൂഹത്തിനു കുറവാണ്. സൈക്കിയാട്രിസ്റ്റുകൾക്ക് ഓരോ രോഗത്തിന്റേയും പ്രവർത്തന രീതിയെപറ്റി കുറച്ചു ഗൈഡ്ലൈനുകൾ ഉണ്ട്. ലോകമാകെ അംഗീകരിച്ചുപയോഗിക്കുന്നവ. അതുവച്ചാണ് മനോരോഗങ്ങൾ ചികിത്സിക്കുന്നത്. കുറച്ചു സൂചകങ്ങൾ രോഗത്തെക്കുറിച്ചുണ്ടാവും. രോഗത്തിന്റെ സ്വഭാവം ഇങ്ങനെയാണ്, രോഗിയുടെ പെരുമാറ്റം ഇങ്ങനെയാണ്. - എന്നിങ്ങനെ. രോഗി കുറച്ചുനാൾ മരുന്നു കഴിക്കും. വീണ്ടും രോഗലക്ഷണങ്ങൾ കാണിച്ചാൽ മരുന്നുകഴിക്കാനുള്ള സാധ്യത കുറവാണ്. മനോരോഗങ്ങളെ നിയന്ത്രിക്കുന്ന ഒരു പ്രധാന ഘടകമാണ് ജനിതകം. അതുകൊണ്ടുള്ള രോഗസാധ്യതയും റിസ്ക് ഫാക്ടറും കൂടുതലാണ്. പിന്നെ എത്രകാലം മരുന്നു കഴിക്കണമെന്നും നിർത്തണമെന്നും മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാവും. സ്കിസോഫ്രേനിയാ, ബൈപോളാർ ഡിസോഡർ തുടങ്ങിയവക്ക് 2-3 വർഷം വരെ മരുന്നു കഴിക്കണം. ചിലർക്ക് കൂടുതൽ കാലം വേണ്ടിവരും. ഡയബറ്റീസ്, ഹൃദയാഘാതം തുടങ്ങിയ രോഗങ്ങൾക്ക് ജീവിതകാലം മുഴുവൻ മരുന്നുകഴിക്കണം എന്ന് രോഗിക്കും വീട്ടുകാർക്കും അറിയാമല്ലോ. ആ രീതിയിൽ സമൂഹം മനോരോഗങ്ങളെ സമീപിക്കുന്നില്ല. കുറച്ചുനാൾ മരുന്നുകഴിച്ചിട്ട് പിന്നെ അശ്രദ്ധമായി രോഗി ഒരു മൂലയിലേക്ക് ഒതുങ്ങും. മരണഭയം കുറവായതിനാലാവാം. അല്ലെങ്കിൽ രോഗിയിൽ മറ്റുള്ളവർക്കുള്ള മൂല്യം കുറവായതിനാലാവാം.

മരുന്നുകളേ സംബന്ധിച്ചും ഒരു ഭയപ്പാട് നിലവിൽൽ ഉണ്ട്. ചില മരുന്നുകൾ കഴിച്ചാൽ തടി വയ്ക്കും, ചിലത് ഉറക്കമുണ്ടാക്കും..ഇങ്ങനെ. ഇതും മരുന്നു നിർത്താൻ കാരണമാണ്.

***5.മാനസികരോഗം മൂലമാണ് ഇനി 2020 ൽ മുതൽ ലോകത്ത് ഏറ്റവുമധികം ആളുകൾ മരണപ്പെടുക എന്നു കേൾക്കുന്നു. ഭയാനകമാണത്. ശരിയാണോ?***

WHO യുടെ കണക്കനുസരിച്ച് 20/100 മരണങ്ങളും ഇനി ഡിപ്രഷൻ കൊണ്ടുള്ള ആത്മഹത്യകൾ ആയിരിക്കും. മറ്റു രോഗങ്ങളും ഡിപ്രഷനിലേക്ക് നയിക്കും. ഇതൊരു ചാക്രിക പ്രവർത്തനമാണ്. ക്യാൻസറും ഹൃദ്രോഗവും പോലെയുള്ള രോഗമുള്ളവർക്ക് ഡിപ്രഷൻ കൂടും. ഉദാഹരണമായി ഹാർട് അറ്റാക്ക് വന്ന ഒരാൾക്ക് ഡിപ്രഷൻ ഉണ്ടെങ്കിൽ അതു കൂടാനും മരണം സംഭവിക്കാനും സാധ്യതയുണ്ട്. ഡിപ്രഷൻ ഉള്ളവർക്ക് മറ്റുരോഗങ്ങൾ വരാനും, മറ്റു രോഗങ്ങൾ ഉള്ളവർക്ക് ഡിപ്രഷൻ വരാനും ഉള്ള സാധ്യതകൂടുതലാണ്. ഇത്തരം അവസ്ഥകളെ Chronic desease burden എന്നാണു ണഒഏ പറയുന്നത്.

***6.മാനസികരോഗചികിത്സയിൽ നിന്ന് ആളുകൾ ഓടിപ്പോകുന്നത് എന്തുകൊണ്ടാണ്?***

എല്ലാ രോഗങ്ങളേയും പോലെതന്നെ. എനിക്ക് അസുഖം മാറി എന്ന തോന്നൽ.

***7.ഡോക്ടർമാരുടെ കുറവ്, പരിശീലകരുടെ കുറവ് ഇവ ചികിത്സയെ ബാധിക്കുന്നുണ്ടോ? ഉദാഹരണത്തിനു മറ്റു ക്ലിനിക്കൽ വിഭാഗങ്ങൾക്ക്ക്കുള്ളത്ര പി.ജി. സീറ്റുകൾ സൈക്കിയാട്രിക്ക് ഇല്ലല്ലോ. മെഡിസിനും ഗൈനക്കോളജിക്കും 8-10 സീറ്റുള്ളപ്പോൾ സൈക്കിയാട്രിക്ക് 2-3 സീറ്റല്ലേ ഉണ്ടാവൂ?***

ശരിയാണ്. എന്നാൽ കേരളത്തിൽ ആവശ്യത്തിനു ഡോക്റ്റർമാരില്ലാതില്ല. പലരും നഗരകേന്ദ്രീകൃതമായി ജോലിചെയ്യുന്നു എന്നതാണു പ്രശ്നം. സാമൂഹ്യസേവനത്തിനും ഗ്രാമീണമേഖലക്കും അവരെ കിട്ടുന്നില്ല. മറ്റൊരു സീറ്റും കിട്ടാത്തവരാണ് സൈക്കിയാട്രി പഠിക്കാൻ വരുന്നത് എന്നൊരു ധാരണയും ആരോഗ്യമേഖലയിൽ നിലനിൽക്കുന്നു.

***8.നിംഹാൻസ് പോലുള്ള ആശുപത്രികൾ സാധാരണ ആളുകൾക്ക് സൈക്കിയാട്രിയിൽ പരിശീലനം നൽകി അവരെ സേവനമേഖലയിൽ ഉപയോഗപ്പെടുത്തുന്നു എന്ന് പത്രത്തിൽ വായിച്ചിരുന്നു. ഇതു പ്രയോജനകരമാണോ?***

വളരെ പ്രാഥമികതലത്തിൽ ആരോഗ്യപ്രവർത്തകരാവാൻ ഇതു സഹായിക്കും. പല തലങ്ങളിലുള്ള ആരോഗ്യപ്രവർത്തനങ്ങൾക്ക്, ചുമതലകൾക്ക്, സഹായി ആയി പ്രവർത്തിക്കാൻ സഹായിക്കും. പടിപടിയായ പരിചരണം. (Stepped care). സൈക്കിയാടിസ്റ്റുകൾക്ക് എല്ലായിടത്തും എത്താൻ സാധിക്കയില്ലല്ലൊ. വിക്രം പട്ടേൽ എഴുതിയ 'വെയർ ദെയർ ഇസ് നൊ സൈക്കിയാട്രിസ്റ്റ് ' എന്നൊരു പുസ്തകം ഓർമയിൽ വരുന്നു.

***9.മാനസികരോഗചികിത്സയിൽ കൌൺസിലിംഗ് കൊണ്ട് പ്രയോജനമുണ്ടോ?***

തീരെ ചെറിയ പ്രശ്നങ്ങൾ മാറും. ബന്ധങ്ങളിലെ പ്രശ്നങ്ങൾ, സ്കൂളിലെ പ്രശ്നങ്ങൾ ഇവയൊക്കെ. അതിനായി പരിശീലനം സിദ്ധിച്ച കൌൺസിലർമാർ തന്നെ വേണം. അക്കാദമിക് സൈക്കോളജി അറിയാം എന്നുവച്ചിട്ട് കൌൺസിലിംഗ് ചെയ്യാൻ കഴിവുണ്ടാകണമെന്നില്ല. നിരീക്ഷണത്തിലും ചികിത്സയിലും പരിചയമില്ലെങ്കിൽ വേണ്ടത്ര ഫലം കാണുകയില്ല. ദീപികാ പദുക്കോണിനെപ്പോലുള്ളവർ തനിക്ക് ഡിപ്രഷൻ ഉണ്ടെന്ന് തുറന്നു പറയുന്നില്ലേ? അത്തരം അറിവുകൾക്ക് വളരെ പ്രയോജനമുണ്ട്. കമ്യൂണിറ്റി തലത്തിലുള്ള ദീർഘകാല പരിചരണം : മനോരോഗങ്ങൾക്ക് അതാണാവശ്യം. പല നിലകളിലുള്ളത്. ഡോക്ടർ, സോഷ്യൽ വർക്കർ, ആശാ വർക്കർ ഇങ്ങനെ . ഏതൊരു നീണ്ടകാല രോഗബാധയേയും പോലെ സപ്പോർട്ടും സംരക്ഷണവും ഇതിനും ആവശ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിച്ച് ചികിത്സിക്കണം. മെഹക്കിന്റെ ഉദ്ദേശം അതാണ്.

ശേഷം പേജ് 23ൽ

**അഞ്ജലി ഗംഗ**

94972 66449

**കേരള മീഡിയ അക്കാദമിയിൽ മാധ്യമപ്രവർത്തനത്തിൽ പിജി ഡിപ്ലോമ ചെയ്യുന്നു.**





# ജ്വാലയായി അശ്വതി

**ചി**ല മനുഷ്യർ അങ്ങനെയാണ്. എല്ലാ വിളക്കുകളും കെട്ടുപോയിട്ടില്ല എന്നവർ നമ്മളെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. പലപ്പോഴും അവർ സ്വയംവെളിച്ചമായി മാറിക്കൊണ്ടിരിക്കും . അശ്വതിയും അശ്വതിയുടെ സ്വപ്നമായ ജ്വാലയും അത്തരമൊരു വെളിച്ചമാണ്. സ്ത്രീകളും ദളിതരും മത ന്യൂനപക്ഷങ്ങളും വിവിധങ്ങളായ വിവേചനങ്ങൾ നേരിടുന്ന കാലത്ത്, ജനാധിപത്യ വ്യവസ്ഥത തന്നെയൊരു വലിയ ചോദ്യച്ചിഹ്നമായി നമുക്കുമുന്നിൽ നിൽക്കുമ്പോളാണ് അശ്വതിയും അശ്വതി രൂപം നൽകിയ ജ്വാല എന്ന സന്നദ്ധസംഘടനയും കരുതലിന്റെ വെളിച്ചമായി തെളിയുന്നത്. എല്ലാ നഗരങ്ങളും ചേരികളെ സൃഷ്ടിക്കുന്നുണ്ട്.. എല്ലാ വികസനങ്ങളും ചില മനുഷ്യരെ അരികുകളിലേ



*ഭക്ഷണവിതരണത്തിനു ശേഷം അശ്വതിയും രേവതിയും തെരുവിൽ അഭയം തേടിയ ഒരാളു മായി സംഭാഷണത്തിൽ*

ക്ക് പുറന്തള്ളുന്നുണ്ട്. പുറംതള്ളപ്പെടുന്ന ആ മനുഷ്യരെക്കുറിച്ചുള്ള ഉജ്ജ്വലമായ കരുതൽ കൊണ്ടാണ് അശ്വതി നമ്മളെ അത്ഭുതപ്പെടുത്തുന്നത്.അതിനുള്ള കരുത്ത് അവൾ ആർജ്ജിച്ചത് അവളുടെ അനുഭവപരിസരങ്ങളിൽ നിന്നും... അതുകൊണ്ടുതന്നെ, തെരുവ് മനുഷ്യർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അശ്വതിയെ സംബന്ധിച്ച് കേവലമായ വാചക കസർത്തല്ല. ഏറെ സന്തോഷത്തോടെ/ അഭിമാനത്തോടെ/ നിറഞ്ഞ മനസ്സോടെ തെരുവ് ജീവിതങ്ങളിലേക്ക് അവരുടെ ഏറ്റവും അടിസ്ഥാന പ്രശ്നമായ വിശപ്പിലേക്ക് അവർക്ക് കടന്നു ചെല്ലാൻ കഴിയുന്നത് അത് അവരുടെ അനുഭവ പരിസരം ആയതുകൊണ്ടുകൂടിയാണ്... അതുകൊണ്ടാണ് അശ്വതി തീയാവുന്നത്. ഇതിനോടകം അവർ 822 തെരുവ് ജീവിതങ്ങളെ പുനരധിവസിപ്പിച്ച് കഴിഞ്ഞു.

നിലവിൽ തിരുവനന്തപുരത്തു 180 പേർക്ക് അശ്വതി ദിവസവും ഭക്ഷണം എത്തിക്കുന്നുണ്ട്. 2011 ൽ ആരംഭിച്ച ജ്വാല എന്ന പദ്ധതി 2014ൽ ഔദ്യോഗികമായി.. ഈ നൂറ്റിഎൺപത് പേർക്കായി ഒരു പുനരധിവാസ കേന്ദ്രം നിർമ്മിക്കുക എന്നതാണ് അവരുടെ സ്വപ്നം. അതുകൂടി സാക്ഷാത്കരിച്ചാൽ കേരളം മുഴുവൻ ജ്വാല വ്യാപിപ്പിക്കാനുള്ള ഇടപെടൽ നടത്തും എന്ന് അശ്വതി പറയുമ്പോൾ നമുക്കുറപ്പിക്കാം..

ഇല്ല, എല്ലാ വിളക്കുകളും കെട്ട് പോയിട്ടില്ല. അശ്വതിയുടെ വാക്കിൽ തീയുണ്ട്. ആ വെളിച്ചം പകർത്തുക മാത്രമാണ് ഞങ്ങൾ ചെയ്യുന്നത്.

*ജ്വാല ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ രൂപീകരണത്തിലേക്ക് എങ്ങിനെയാണ് എത്തിയത്? എന്തായിരുന്നു അതിനുള്ള പ്രചോദനം?*

മുട്ടത്തറ എന്ന ചേരി പ്രദേശത്താണ് ജനിച്ചു വളർന്നത്. ഏറെ വെല്ലുവിളികൾ നിറഞ്ഞ സാമൂഹിക സാഹചര്യമായിരുന്നു ചുറ്റിലും. അച്ഛൻ ചെറുപ്പത്തിലെ ഉപേക്ഷിച്ചു പോയി. അമ്മയാണ് വളർത്തിയത്. ചെറുപ്പം മുതൽ ഇത്തരം അരക്ഷിതാവസ്ഥയെ മറികടക്കാനുള്ള ആയുധങ്ങൾ സ്വയമേ ആർജ്ജിച്ചെടുക്കുകയായിരുന്നു. ലൈംഗിക ചൂഷണങ്ങളും മറ്റും വളരെ സ്വാഭാവികമായി നടന്നുകൊണ്ടിരുന്ന ഒരു ചുറ്റുപാടായിരുന്നു അന്നത്തേത്. ഇന്നത്തെ കാലവുമായി താരതമ്യം ചെയ്യുമ്പോൾ, താൻ ലൈംഗിക ചൂഷണത്തിന് വിധേയയാവുകയാണെന്ന് മനസ്സിലാക്കാൻ പോലും സാധിക്കാത്ത രീതിയിൽ അജ്ഞരായിരുന്നു എന്റെ നാട്ടിലെ സ്ത്രീകൾ. ചേരിയിലും തെരുവിലും ജീവിക്കുന്ന പെൺകുട്ടികൾക്ക് പ്രതിസന്ധികളെ മറികടക്കാനുള്ള കരുത്ത് സ്വയം രൂപപ്പെട്ടു വരാറുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അത് തന്നെയാണ് ജ്വാല ഫൗണ്ടേഷന്റെ രൂപികരണത്തിലേക്കും നയിച്ചത്.

*ജ്വാലയുടെ പ്രവർത്തനങ്ങളെ ഏറ്റവും അധികം സ്വാധീനിച്ചത് ആരാണ്?*

അമ്മയിൽ നിന്നും പ്രചോദനമുൾക്കൊണ്ടിട്ടുണ്ട്. ഭർത്താവു ഉപേക്ഷിച്ചു പോയെങ്കിൽ കൂടി മൂന്നു മക്കളെ ചേർത്തുപിടിച്ചു അമ്മ ജീവിതത്തിനോട് പൊരുതാൻ കാണിച്ച ഊർജ്ജം ഒന്ന് തന്നെയാണ് ഇപ്പോൾ ഞാൻ നിങ്ങളുടെ മുന്നിലിരിക്കാൻ കാരണം. മൂന്നു വീടുകളിലായി ജോലി ചെയ്ത് അമ്മ രാത്രിയാകുമ്പോൾ പാൽ കവറിൽ മൂന്നു ഉരുളയാക്കി ഞങ്ങൾക്ക് ചോറ് കൊണ്ടുതരുമായിരുന്നു. ജീവിതത്തിൽ വിശപ്പിനെ അനുഭവിച്ചറിയാൻ പറ്റിയതും ജ്വാലയിലേക്കുള്ള ചിന്തയുടെ ആദ്യപടിയായിരുന്നുവെന്നു പറയാം. കുട്ടിക്കാലം മുതൽ സേവന മനോഭാവമുണ്ടായിരുന്നു. ഇതൊക്കെയാണ് ജ്വാലയെന്ന സ്വപ്നത്തിന് ആക്കം കൂട്ടിയത്.

*ജ്വാലയുടെ ആദ്യകാല അനുഭവങ്ങൾ എന്തൊക്കെയായിരുന്നു?*

മെഡിക്കൽ റപ്രസൻന്റേറ്റീവ് ആയി ജോലി ചെയ്തു ലഭിച്ച ആദ്യ ശമ്പളത്തിൽ നിന്നാണ് തെരുവിൽ അലയുന്നവർക്ക് ഭക്ഷണം കൊടുക്കാമെന്ന ഒരാഗ്രഹത്തിലേക്ക് എത്തിച്ചേരുന്നത്. അവരെ ശുശ്രുഷിക്കണമെന്നും ആഗ്രഹമുണ്ടായിരുന്നു. എനിക്ക് അന്ന് കിട്ടിയ ശമ്പളം ഭക്ഷണം കൊടുക്കുന്നതിനു മാത്രമേ തികയുകയുണ്ടായിരുന്നുള്ളു. വീട്ടിൽ പറഞ്ഞപ്പോൾ അമ്മയ്ക്കും പൂർണ സമ്മതമായിരുന്നു.

അങ്ങിനെയാണ് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 9ാം വാർഡിൽ ഞായറാഴ്ച രാവിലെ ഭക്ഷണം കിട്ടുന്നില്ല എന്നറിഞ്ഞതും അവിടെ ഭക്ഷണം കൊടുക്കാമെന്നു തീരുമാനിക്കുന്നതും. പക്ഷെ അവിടെ ചെന്നപ്പോളാണ് അധികാരവർഗത്തിന്റെ നീതിനിഷേധം നേരിട്ടനുഭവിച്ചറിയാൻ സാധിച്ചത്. ഒരു പെൺകുട്ടി സമൂഹത്തിനുവേണ്ടി ഒരു നന്മ ചെയ്യാൻ ഇറങ്ങി പുറപ്പെടുമ്പോൾ സ്വാഭാവികമായി ലഭിക്കുന്ന സ്വീകാര്യത ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷെ അവിടത്തെ സൂപ്രണ്ട് മുതൽ ഡി എം ഓ വരെയുള്ള ആളുകൾ നിഷേധാത്മക നടപടികളാണ് സ്വീകരിച്ചത്. 9ാം വാർഡിൽ ഉണ്ടായിരുന്നത് മാനസികമായി വെല്ലുവിളി അനുഭവിക്കുന്നവരും അതുപോലെ തന്നെ തെരുവിൽ നിന്നും ആശുപത്രിയിൽ എത്തിച്ചവരുമാണ്. അനാഥരായ മനുഷ്യർ അകറ്റിനിർത്തേണ്ടവരാണെന്നുള്ള ആശുപത്രി ജീവനക്കാരുൾപ്പെടെയുള്ളവരുടെ സമീപനം അങ്ങേയറ്റം ദുഃഖമുണ്ടാക്കുകയും അങ്ങനെയാണ് മനുഷ്യാവകാശ കമ്മീഷന് പരാതി നൽകുകയും മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജെ ബി കോശി സാർ ഇടപെടുകയും ചെയ്യുന്നത്.  ഇത് വലിയ ചർച്ചകൾക്ക് വഴിവെച്ചു.. അതായിരുന്നു ജ്വാലയുടെ ആദ്യകാല അനുഭവം. അതിനു ശേഷമാണ് തെരുവിലേക്ക് ഇറങ്ങി ഭക്ഷണം കൊടുക്കാൻ തീരുമാനിച്ചത്.

*എന്തൊക്കെയായിരുന്നു തെരുവിലേക്കിറങ്ങിയപ്പോളുണ്ടായ അനുഭവങ്ങൾ?*

കല്ലുപോലെ ജീവിക്കുന്ന കുറെ മനുഷ്യരെയാണ് കാണാൻ സാധിച്ചത്. പത്തു ദിവസത്തിൽ കൂടുതൽ മലമൂത്രവിസർജ്ജനം പോലും ചെയ്യാൻ സാധിക്കാതെ  വിശപ്പടക്കിപ്പിടിച്ചു ജീവിക്കുന്ന ഒരു പറ്റം മനുഷ്യരാണവർ. ക്ഷയരോഗം നിർമ്മാർജനം ചെയ്തു എന്ന് പറയപ്പെടുന്ന കേരളത്തിൽ തെരുവിൽ നിന്ന് ഒരാളെ ക്ഷയരോഗ നിർണയ കേന്ദ്രത്തിൽ എത്തിച്ചാൽ അവരെ പ്രാകൃതമായ രീതിയിലാണ് പരിഗണിച്ചിരുന്നത്. ബൈസ്റ്റാൻഡർ ഇല്ലാതെ അനാഥനായ ഒരാൾക്ക് ചികിത്സ ലഭിക്കില്ല എന്ന പൊള്ളുന്ന തിരിച്ചറിവാണ് ഈ സംഘടനയുടെ വഴിത്തിരിവായത്. എന്തുകൊണ്ടാണ് ഒരു സാമൂഹിക സേവനം നടത്തുന്ന സംഘടനയ്ക്ക് ജ്വാല എന്നാ പേര് നല്കിയതെന്ന് പലരും ചോദിച്ചിട്ടുണ്ട് ഇത്തരം പൊള്ളുന്ന അനുഭവങ്ങളാണ്  ആ പേര് സ്വീകരിക്കാൻ കാരണമായത്.




ജീവകാരുണ്യപ്രവർത്തക അശ്വതി നായർക്ക് ഗാന്ധിഭവൻ ജീവകാരുണ്യ പുരസ്കാരം ലോകപ്രശസ്ത സാമൂഹിക പ്രവർത്തക ദയാബായി സമ്മാനിക്കുന്നു. (23.07.2013)

**കല്ലുപോലെ ജീവിക്കുന്ന കുറെ മനുഷ്യരെയാണ് കാണാൻ സാധിച്ചത്. പത്തു ദിവസത്തിൽ കൂടുതൽ മലമൂത്രവിസർജ്ജനം പോലും ചെയ്യാൻ സാധിക്കാതെ  വിശപ്പടക്കിപ്പിടിച്ചു ജീവിക്കുന്ന ഒരു പറ്റം മനുഷ്യരാണവർ. ക്ഷയരോഗം നിർമ്മാർജനം ചെയ്തു എന്ന് പറയപ്പെടുന്ന കേരളത്തിൽ തെരുവിൽ നിന്ന് ഒരാളെ ക്ഷയരോഗ നിർണയ കേന്ദ്രത്തിൽ എത്തിച്ചാൽ അവരെ പ്രാകൃതമായ രീതിയിലാണ് പരിഗണിച്ചിരുന്നത്.**



**ഇപ്പോഴത്തെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് നമ്മൾ നിരന്തരം ശബ്ദിക്കുകയാണെങ്കിൽ എവിടെയെങ്കിലും, ചിലർക്കെങ്കിലും അതൊരു പ്രചോദനമായേക്കാം. ജ്വാല കൊണ്ട് ഉദ്ദേശിക്കുന്നതും അത് തന്നെയാണ്. 30 കൊല്ലം ഇവിടെ പ്രവർത്തിച്ചാൽ യുവതലമുറയുടെ മനസ്സിലെങ്കിലും കുറച്ച് മാറ്റങ്ങൾ കൊണ്ട് വരാൻ സാധിച്ചേക്കും എന്ന പ്രതീക്ഷയാണ് ജ്വാലയുടെ കരുത്ത്.**

*അധികാരികളുടെ നിലപാടുകളിൽ കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ?*

ഭാഗ്യതെരുവ് പദ്ധതിയോടനുബന്ധിച്ചു തെരുവിലുള്ളവർക്ക് പെട്ടിക്കടകൾ കൊടുത്തിട്ടുണ്ടായിരുന്നു. പക്ഷേ അവരെ ഇപ്പോഴും അംഗീകരിക്കാൻ അധികാരികൾ തയ്യാറാവുന്നില്ല. അവരെ ഭയപ്പെടുത്തി കടകൾ മാറ്റി സ്ഥാപിക്കാൻ ആവശ്യപ്പെടുമ്പോൾ ആരാണവിടെ തോറ്റുപോകുന്നത്? ജ്വാല എന്ന സംഘടനയാണോ അതോ ജീവിക്കാൻ വേണ്ടി കഷ്ടപ്പെടുന്ന ഈ പൗരന്മാരാണോ?

എല്ലാവരും അങ്ങിനെയാണ് എന്ന് പറയുന്നില്ല പക്ഷെ ആരുടെയൊക്കെയോ സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി ചില വഴികൾ അടഞ്ഞു പോവുകയാണ്. മാറേണ്ടത് ഈ മനോഭാവമാണ്. ഓരോ വ്യക്തിയിൽനിന്നും അത് മാറേണ്ടതായുണ്ട്.

*സ്വിറ്റ്സർലൻഡിലെ ഭരണകൂടം എൻ ജി ഓകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം സാധ്യമാക്കുന്നുണ്ട്, ഇവിടുത്തെ സർക്കാരിനോട് എന്തെങ്കിലും നിർദ്ദേശങ്ങളോ സംയുക്തമായി പദ്ധതികളോ നിർദേശിക്കുന്നുണ്ടോ?*

നിലനിൽക്കുന്ന സാഹചര്യത്തിൽ അത്തരത്തിലുള്ള സാധ്യതകൾ ഞാൻ കാണുന്നില്ല.

*കേരളത്തിൽ അടുത്ത മുപ്പത് കൊല്ലത്തിനുള്ളിൽ ഒരു വനിതാ മുഖ്യമന്ത്രിയെ ഭരണത്തിൽ നമ്മൾക്ക് സങ്കൽപ്പിക്കാൻ സാധിക്കുമോ ?*

ഇല്ല. 20 വർഷങ്ങൾക്ക് ശേഷം എൻ ജി ഓ സർക്കാർ സംയുക്ത പദ്ധതികൾ  സാധ്യമായേക്കാം. അല്ലെങ്കിൽ ഇവിടെ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ മാറണം. ജിഗ്നേഷ് മേവാനിയെ പോലുള്ളവർ വളർന്നു വരേണ്ട ആവശ്യകതയുണ്ട്. ഇപ്പോഴത്തെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് നമ്മൾ നിരന്തരം ശബ്ദിക്കുകയാണെങ്കിൽ എവിടെയെങ്കിലും, ചിലർക്കെങ്കിലും അതൊരു പ്രചോദനമായേക്കാം. ജ്വാല കൊണ്ട് ഉദ്ദേശിക്കുന്നതും അത് തന്നെയാണ്. 30 കൊല്ലം ഇവിടെ പ്രവർത്തിച്ചാൽ യുവതലമുറയുടെ മനസ്സിലെങ്കിലും കുറച്ച് മാറ്റങ്ങൾ കൊണ്ട് വരാൻ സാധിച്ചേക്കും എന്ന പ്രതീക്ഷയാണ് ജ്വാലയുടെ കരുത്ത്. ഇവിടുത്തെ യുവജന ക്ഷേമവകുപ്പ് മുന്നിട്ടിറങ്ങിയാൽ വലിയ തോതിൽ മാറ്റങ്ങൾക്ക് സാധ്യമായേക്കാം പക്ഷെ അത് നടക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഒരു പാർട്ടിയുടെ മാത്രം ചട്ടകൂടിനുള്ളിൽ ഒതുങ്ങി നിന്ന് പ്രവർത്തിക്കുന്നതുകൊണ്ട് കൂടിയാണിത്.

*ഇത്രയും കാലത്തേ പ്രവർത്തനത്തിൽ ഒരു സ്ത്രീയെന്ന നിലയിൽ നേരിടേണ്ടി വന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?*

കാരുണ്യ പ്രവർത്തനം ചെയ്യുന്ന സ്ത്രീകളോട് പുരുഷന്മാർക്ക് പ്രത്യേക പരിഗണന ഉണ്ടാകും. അതെനിക്കും ഉണ്ടായിട്ടുണ്ട്. എങ്കിൽ പോലും തമ്പാനൂരിൽ തെരുവിലുള്ള മനുഷ്യരെ നിരീക്ഷിക്കാൻ ഒറ്റയ്ക്ക് നിൽക്കുമ്പോൾ ‘കൂടെ പോരുന്നോ’ എന്ന് ചോദിച്ച പുരുഷന്മാരും ഉണ്ട്. അടുത്തിടെ നടന്ന ഒരു സംഭവം പറയാം, ഒരു കൊച്ചു പെൺകുട്ടിയെ ബലാൽസംഗം ചെയ്ത കേസിൽ അവരുടെ അമ്മയ്ക്ക് പരാതി കൊടുക്കാൻ ഭയമുണ്ടായിരുന്നു അപ്പോൾ തിരുവനന്തപുരം ഫോർട്ട് പോലീസിൽ പരാതി കൊടുക്കാൻ ചെന്ന എന്നോട് സി ഐ ചോദിച്ചത് “അമ്മയ്ക്കില്ലാത്ത നഷ്ടം എന്താണ് നിനക്ക്” എന്നാണ്. ഞാൻ കൃത്യമായ മറുപടി പറഞ്ഞതുകൊണ്ട് എത്രയും വേഗം പ്രതിയെ പിടികൂടാൻ ഉത്തരവിട്ടു. അവരെ മാറ്റാൻ സാധിക്കില്ല പക്ഷെ നമ്മൾ ചെറുത്തുനിന്നു കഴിഞ്ഞാൽ അവർ നമ്മളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ നിർബന്ധിതരാകും എന്നതാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഒരു സ്ത്രീയെന്ന നിലയിൽ ഏതെങ്കിലും നിലയിൽ വഴങ്ങേണ്ടി വന്നത് അധികാരവർഗ്ഗത്തിന്റെ മുന്നി

ലാണ്.

*ഏറ്റവും മനസ്സ് നിറഞ്ഞ സന്ദർഭങ്ങൾ ഏതെങ്കിലുമുണ്ടോ?/ നിർവൃതി തോന്നിയ സന്ദർഭങ്ങൾ.*

തുടക്കം മുതൽ തന്നെ നിർവൃതി ഉണ്ടായിരുന്നു. സത്യസന്ധമായി നമ്മൾ ഒരു കാര്യത്തെ സമീപിക്കുമ്പോൾ പ്രകൃതി മുഴുവൻ നമ്മൾക്കനുകൂലമാവുമെന്നു പറഞ്ഞത് പോലെയായിരുന്നു അത്. ഞാൻ ഒരു അദൃശ്യശക്തിയിൽ വിശ്വസിക്കുന്നുണ്ട്. തെരുവുമനുഷ്യരെ പുനരധിവസിപ്പിക്കാൻ 22 സെന്റ് സ്ഥലം ആഗ്രഹിച്ചപ്പോൾ ഒന്നുമില്ലാതിരുന്ന എനിക്ക് ഒരു വർഷത്തിനുള്ളിൽ അതിനു അഡ്വാൻസ് കൊടുക്കാൻ സാധിച്ചതും അതുകൊണ്ടായിരിക്കാം. വേറെയൊരു അനുഭവം എന്തെന്നാൽ തെരുവിൽ കിടന്ന കാൻസർ ബാധിതനായുള്ള ഒരാൾക്ക് 2 ലക്ഷം രൂപയുടെ ഓപ്പറേഷൻ വേണമെന്ന് ആവശ്യപ്പെട്ടു. കൃത്യമായ രേഖകൾ ഇല്ലാത്തതുകൊണ്ട് കാരുണ്യ പദ്ധതിയിൽനിന്നും തുക ലഭിച്ചില്ല. അങ്ങിനെ നിൽക്കുമ്പോളാണ് ആറ്റുകാൽ ദേവി ക്ഷേത്രത്തിൽ നിന്നും വിളിച്ചത്. മുരളിയുടെ ആളാണെങ്കിൽ വന്നു പൈസ കൈപ്പറ്റണമെന്നായിരുന്നു പറഞ്ഞത്. അദ്ദേഹത്തിന്റെ സർജ്ജറിയുടെ തലേദിവസം 20000 എനിക്ക് ലഭിച്ചു. ഏതെങ്കിലും ഒരു മനുഷ്യൻ പ്രവർത്തിക്കാതെ ഇത് സാധ്യമാകില്ലല്ലോ, ഇത്തരം സംഭവങ്ങൾ കൊണ്ട് തന്നെ തുടക്കം മുതൽ ഇപ്പോൾ വരെ പൂർണ്ണ സംതൃപ്തിയാണ് എനിക്കുള്ളത്.

*ജ്വാലയുടെ പദ്ധതി മറ്റുള്ള ജില്ലയിലേക്ക് വ്യാപിക്കുന്നുണ്ടോ?*

തിരുവനന്തപുരത്ത് മാതൃകാപരമായ ഒരു പുനരധിവാസ കേന്ദ്രം സ്ഥാപിച്ചതിനു ശേഷമേ ഞാൻ അതിനെക്കുറിച്ച് ചിന്തിക്കുന്നുള്ളൂ. നമ്മൾ വിശ്വസിക്കുന്ന ആശയത്തിന്റെ പൂർണ പ്രാപ്തി കൈവരിക്കാതെ പ്രവർത്തിച്ചിട്ടും കാര്യമില്ലല്ലോ?

**"അമ്മയ്ക്കില്ലാത്ത നഷ്ടം എന്താണ് നിനക്ക്" എന്നാണ്. ഞാൻ കൃത്യമായ മറുപടി പറഞ്ഞതുകൊണ്ട് എത്രയും വേഗം പ്രതിയെ പിടികൂടാൻ ഉത്തരവിട്ടു. അവരെ മാറ്റാൻ സാധിക്കില്ല പക്ഷെ നമ്മൾ ചെറുത്തുനിന്നു കഴിഞ്ഞാൽ അവർ നമ്മളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ നിർബന്ധിതരാകും എന്നതാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഒരു സ്ത്രീയെന്ന നിലയിൽ ഏതെങ്കിലും നിലയിൽ വഴങ്ങേണ്ടി വന്നത് അധികാരവർഗ്ഗത്തിന്റെ മുന്നിലാണ്.**



ഭിന്നശേഷിയുള്ള ആൾക്കാരെ വീട്ടിൽ നിന്നും കൊണ്ടുപോയി ഒരു സ്ഥാപനത്തിൽ ജോലി നൽകി മാന്യമായ പ്രതിഫലം നൽകി മടക്കി അയക്കുന്ന ഒരു സ്വപ്നം 2019 ഓടു കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

*ജ്വാലയുടെ പ്രവർത്തനത്തിനുള്ള ഫണ്ട് എവിടെനിന്നാണ് ലഭിക്കുന്നത്?*

ആദ്യകാലങ്ങളിൽ എന്റെയും അമ്മയുടെയും വരുമാനമായിരുന്നു ഉപയോഗിച്ചിരുന്നത്. പിന്നീട് പ്രവാസികളുടെ സഹായം ലഭിച്ചു തുടങ്ങി. പ്രവാസികൾ എന്ന് പറയുമ്പോൾ ഒരുപാട് പണമുള്ളവരല്ല മറിച്ച് അന്യനാട്ടിൽ പോയി വിശപ്പിന്റെ വിലയറിഞ്ഞവരാണ് പണമയച്ചു തരുന്നത്. അതുകൊണ്ട് അവർ ആഗ്രഹിക്കുന്നതും മറ്റുള്ളവർ അതേ നില

യിലൂടെ കടന്നു പോകരുതെന്നാണ്. ഒരുപാട് പ്രാരാബ്ദങ്ങളുടെ നടുവിൽ നിന്നാണ് അവർ 1000 മോ 5000 മോ അയച്ചു തരുന്നത്. നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അത് തന്നെയാണ് ജ്വാലയുടെ വിജയം.

*മാനസികരോഗത്തിൽ നിന്ന് തെരുവിലേക്ക് എത്തിച്ചേരുന്നവർ നിരവധിയുണ്ട്. ഒരുപാട് ക്യാമ്പയ്ൻ നടക്കുന്നുണ്ടെങ്കിൽ കൂടി അത് ഫലപ്രദമാകുന്നില്ലന്നല്ലേ ഇത് വ്യക്തമാക്കുന്നത്.*

സാധിക്കില്ല ഒരു മനുഷ്യന് താങ്ങാൻ പറ്റുന്നതിനപ്പുറമായി ഒരു സംഭവം ഉണ്ടാകുകയാണെങ്കിൽ ആരായാലും പതറിപ്പോകും. മാനസിക രോഗികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം സാമൂഹിക പ്രവർത്തകരെക്കാളേറെ ഒരു ഭരണകൂടത്തിനുണ്ട്. ഇവർ ഭ്രാന്തമായ അവസ്ഥയിലൂടെ നടക്കുന്ന അതേ വഴിയിലൂടെയാണ് സ്റ്റേറ്റ് കാറിൽ മന്ത്രിമാർ പോകുന്നത്. എന്തൊരു വിരോധാഭാസമാണത്.? മാനസിക



*ഇതുവരെ പുനരധിവസിപ്പിച്ചവരിൽ എത്രപേർ മാനസികമായി വെല്ലുവിളികൾ നേരിട്ടവരായിരുന്നു?*

822 പേരെ പുനരധിവസിപ്പിച്ചവരിൽ 70 പേരായിരുന്നു മാനസികരോഗത്തിന് കീഴ്പെട്ടിരുന്നത്. ഏറ്റവും കൂടുതൽ ഉത്തരേന്ത്യക്കാരാണ്. ഇതിൽ 6 പേർ സ്വാഭാവിക ജീവിതത്തിലേക്ക് തിരികെ വന്നു. മാനസിക രോഗം ആർക്കെപ്പോൾ വരുമെന്ന് പറയാൻ രോഗ ആശുപത്രിയിൽ പുനരധിവസിപ്പിച്ചവരിൽ 15 പേരോളം അവിടെ നിന്നും രക്ഷപെട്ടു എന്ന് അടുത്തിടെ മനോരമ റിപ്പോർട്ട് ചെയ്തിരുന്നു, ഒരു ആശുപത്രിയിൽ നമ്മൾ കൊണ്ടാക്കണമെങ്കിൽ എത്രത്തോളം അധ്വാനം വേണ്ടിവരും. അതിനുള്ള വെല്ലുവിളികളും ധാരാളമാണ്.

*ജനറൽ ഹോസ്പിറ്റലിൽ ക്രൂരമായ രീതിയിലാണ് മാനസികരോഗികളെ പരിഗണിക്കുന്നത്. വാറണ്ട് രോഗികൾ എന്നാണവരെ വിളിക്കുന്നത്. ഹോ*

*സിട്ടാണ് അവരെ കുളിപ്പിക്കുന്നത്. ഇത്തരം രീതിയിൽ ഭരണകൂടം തന്നെ പരിഗണിക്കുമ്പോൾ ഇവിടെ മാറ്റമുണ്ടാകുന്നതെങ്ങിനെയാണ്.? തെരുവിൽ സ്ത്രീകൾ എത്രത്തോളമുണ്ട്? എന്ത് കാരണത്താലാണ് അവർ തെരുവിലേക്ക് വരുന്നത്?*

ധാരാളമുണ്ട്. ലൈംഗിക അതിക്രമങ്ങൾ നേരിട്ട സ്ത്രീകളെയും വേശ്യാവൃത്തിയിലേർപ്പെട്ട സ്ത്രീകളെയുമാണ് തെരുവിൽ കൂടുതൽ കാണാൻ സാധിച്ചിട്ടുള്ളത്. തെരുവിൽ സ്വാതന്ത്ര്യം അനുഭവിച്ച സ്ത്രീകൾ ഒരിക്കലും സ്വാഭാവിക ജീവിതത്തിലേക്ക് മടങ്ങി വരൻ ഇഷ്ടപ്പെടുന്നവരല്ല. പിന്നെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയവരും, ദാരിദ്ര്യം കൊണ്ടു തെരുവിലറങ്ങിയവരും ആണ് ഏറെയും.

*കുട്ടികളെ ഉപയോഗിച്ച് ഭിക്ഷാടനം നടത്തുന്ന മാഫിയകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അവരുടെ ഭാഗത്ത് നിന്ന് ഏതെങ്കിലും തരത്തിൽ ഭീഷണികൾ നേരിടേണ്ടി വന്നിട്ടുണ്ടോ?*

തിരുവനന്തപുരത്ത് അത്തരത്തിലുള്ള സംഭവങ്ങൾ വളരെ കുറവാണ്. ചൈൽഡ് ലൈനിൽ വിളിച്ചു പറഞ്ഞാൽ ഉടൻ തന്നെ നടപടി എടുത്ത സംഭവങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. പക്ഷെ ഭീമാ പള്ളിയുടെ മുന്നിൽ ഒരു തവണ കുഞ്ഞിനെക്കൊണ്ട് ഭിക്ഷ എടുപ്പിക്കുന്നത് തടയാൻ ചെന്നപ്പോളാണ് മതത്തിന്റെ വലിയൊരു ഇടപെടൽ മനസ്സിലാക്കാൻ സാധിച്ചത്. പള്ളിയുടെ മുൻപിൽ വെച്ച് നടക്കുന്നതിൽ ഇടപെടരുതെന്നായിരുന്നു അവരുടെ വാദം. എന്നാൽ മനുഷ്യാവകാശത്തിനു വേണ്ടി പ്രവർത്തിക്കുമ്പോൾ അത്തരം സന്ദർഭങ്ങളെ തന്ത്രപരമായി കൈകാര്യം ചെയ്തെ മതിയാകൂ. ആ അനുഭവമല്ലാതെ വേറെ വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടില്ല.

*ഈ അഞ്ചു വർഷത്തിനുള്ളിൽ ജ്വാലയ്ക്ക് എന്ത് മാറ്റമാണ് കൊണ്ടുവരാൻ സാധിച്ചത്?*

ഒരുപാട് മനുഷ്യരുടെ മനസ്സിലേക്ക് തെരുവുമനുഷ്യർ മാറ്റിനിർത്തേണ്ടവരല്ല എന്നൊരു ബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. അത് തന്നെ ഞാൻ ഒരു വലിയ വിജയമായി കാണുന്നു. ഞാൻ പ്രവർത്തനം തുടങ്ങുമ്പോൾ സാമൂഹിക പ്രവർത്തനത്തിന് ഇത്രയും സ്വീകാര്യത ലഭിച്ചിരുന്നില്ല. പക്ഷെ ഇന്ന് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഇത്തരം സന്നദ്ധ സേവനങ്ങൾ നടക്കുന്നുണ്ട്. അത് തന്നെ ഒരു വലിയ മാറ്റമല്ലേ? യുവാക്കളെ സ്വാധീനിക്കാൻ ജ്വാലയ്ക്ക് സാധിച്ചിട്ടുണ്ട് എന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. സംഘടനയെ ഒതുക്കാൻ പല ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇടതുപക്ഷ ചിന്താഗതിക്കാരാണ് സാമൂഹിക പ്രവർത്തകരിൽ ഏറെയും. പക്ഷെ ഭരണം കയ്യിൽ വരുമ്പോൾ അവർ മൗനം പാലിക്കുകയാണ്. വിമർശിക്കേണ്ടത് വിമർശിക്കുക തന്നെ ചെയ്യണം. ഞാൻ ഇടതുപക്ഷത്തിൽ വിശ്വസിക്കുന്നു. പക്ഷെ നിരന്തരമായ പ്രയത്നത്തിന്റെ ഭാഗമായേ ഇവിടെ മാറ്റം സാധ്യമാവുകയുള്ളു എന്ന് വിശ്വസിക്കുന്നതിനാൽ എനിക്ക് ഭരണകൂടത്തെ വിമർശിച്ചേ മതിയാകൂ. സ്വച് ഭാരത് എന്ന പദ്ധതി ആവിഷ്കരിച്ചു മാലിന്യം നിർമ്മാർജനം ചെയ്യുമ്പോൾ അതെ തെരുവിൽ അന്തിയുറങ്ങുന്ന മനുഷ്യരെ ഭരണകൂടം കാണാതെ പോകുന്നത് എന്തുകൊണ്ടാണ്?

*യുവജനസംഘടനകൾ ജീവകാരുണ്യ പ്രവർത്തനങ്ങളെ മുൻപുണ്ടായിരുന്നതിനേക്കാൾ പ്രാധാന്യത്തോടെ ഇന്ന് കാണുന്നുണ്ടല്ലോ.. ഉദാഹരണത്തിന് തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഡിവൈഎഫ്ഐ യുടെ നേതൃത്വത്തിലുള്ള പൊതിച്ചോർ വിതരണം? ഇവയെ എങ്ങനെ കാണുന്നു?*

രാഷ്ട്രീയചട്ടക്കൂടിനുള്ളിൽ നിന്നാണ് അവർ പ്രവർത്തിക്കുന്നത്. അതിന്റേതായ അജണ്ടകളും അതിനുണ്ടാകും. എത്രനാൾ അത് തുടരുമെന്നതിൽ ഉറപ്പുമില്ല. ഒരുപക്ഷെ ഇതേ ഇടത്തേക്ക് യുവാക്കളുടെ നേതൃത്വത്തിൽ എൻ. ജി. ഓകൾ വന്നാൽ അവിടെ വലിയൊരു മാറ്റത്തിന് സാധ്യതയുണ്ട്. രാഷ്ട്രീയത്തിന്റെ വേർതിരിവുകളില്ലാതെ നൂറുപേരെ സന്നദ്ധസേവനത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചാൽ ഇതിലേറെ മാറ്റമുണ്ടാക്കാൻ സാധിക്കും എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

*അവസാന ചോദ്യമെന്ന നിലയ്ക്ക് സാങ്കേതിക വിദ്യയുടെ പുരോഗതി യുവതലമുറയെ സമൂഹത്തിൽ അകറ്റി നിർത്തുന്നു എന്ന അഭിപ്രായമുണ്ടോ?*

തീർച്ചയായും ഉണ്ട്. യുവാക്കൾ ഫോണിൽക്കൂടി മാത്രം എല്ലാത്തിനെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന കാലത്തോളം ഇവിടെ ഒരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. അവർ കാരുണ്യവും, സഹാനുഭൂതിയും എല്ലാം പ്രകടിപ്പിക്കുന്നത് ഫോണിലൂടെയാണ്. ഒരു വീഡിയോ കണ്ടു കരഞ്ഞാൽ എത്രപേർ പിന്നീട് അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് സാമൂഹിക സേവനത്തിനു ഇറങ്ങി തിരിക്കും ?

ജീവിത യാഥാർത്ഥ്യങ്ങൾ അനുഭവിച്ചറിയാതെ വളർന്നത് കൊണ്ടാകാമിത്. എന്നിരുന്നാൽ കൂടിയും എൻ. എസ്. എസ്. പോലയുള്ള സംഘടനയുടെ പ്രവർത്തനം മൂലം മാറ്റങ്ങൾ വരുന്നുണ്ട്. ജീവിതത്തിൽ ഇപ്പോൾ ഏറ്റവുമധികം മാറ്റങ്ങൾ വരുത്തുന്നത് അധ്യാപകർ മുൻകൈയെടുത്തു നടത്തുന്ന സെമിനാർ ക്ലാസ്സുകളാണ്. ഇതൊക്കെ നല്ല ഒരു മാറ്റം തന്നെയാണ്. വളരെ ആത്മവിശ്വാസത്തോടെയാണ് അശ്വതി പറഞ്ഞുനിർത്തിയത്. എത്ര പ്രതിസന്ധികൾ വന്നാലും ആരൊക്കെ ചാമ്പലാക്കാൻ ശ്രമിച്ചാലും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ താൻ ചിറകടിച്ചുയരുമെന്ന ഉറപ്പ് അവരിലുണ്ടായിരുന്നു. മുളവനയിലെ ജ്വാല ഓഫീസിൽ നിന്ന് ഇറങ്ങിയപ്പോൾ അശ്വതിയുടെ കണ്ണിൽ കാണാൻ കഴിഞ്ഞത് മേൽപ്പറഞ്ഞ നിരന്തര പോരാട്ടത്തിന്റെ തീജ്വാലകൾ തന്നെയായിരുന്നു.

കവിത

ഫാത്തിമത്ത് സന



# പറയാൻ മറന്നത്

ചുറ്റും ഒളിഞ്ഞിരുന്ന
കഴുകൻ കണ്ണുകൾ
എന്നെ പാടേ
ചൊടിപ്പിച്ചിരുന്നു.
വഴിയിൽ കാത്തു
നിന്നിരുന്നൊരാ
കഴുകൻ കണ്ണുകളിലെ
അഴുക്കാർന്ന നോട്ടം
ഞാൻ നീർക്കുമിളയെ
പോൽ തട്ടികുടഞ്ഞു.
ആ നീച കരങ്ങൾ
എന്നെ പിച്ചിച്ചീന്തി-
യെറിഞ്ഞപ്പോൾ മാത്ര-
മാണു ഞാനോർത്തത്!
ഞാൻ പറയാൻ മറ-
ന്നൊരാ വാക്കുകൾ
എനിക്കു പുറകേ എന്റെ
കൊച്ചനുജത്തിമാർ ഈ
വഴിയിലൂടെ കടന്നു പോരേ-
ണ്ടതാണാകയാൽ
ആ കഴുകൻ കണ്ണുകളെ
വിറപ്പിച്ചുകൊൾകേണ്ട
തുണ്ടെന്നു പറയുവാൻ
മറന്നല്ലോ... ഞാൻ
മറന്നല്ലോ...



---

പേജ് 15 തുടർച്ച

***10.മെഹക് ഇപ്പോൽ അഞ്ചു ജില്ലകളിലുണ്ട്. കൂടുതൽ ജില്ലകളിലേക്ക് ഇതിന്റെ സേവനം വ്യാപിച്ചു കിട്ടാൻ എന്തുചെയ്യണം?***

മെഹക് എൻ.ജി.ഒ തലത്തിലാണ് പ്ര വർത്തിക്കുന്നത്. ഇപ്പോൾ 15-16 യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ആലപ്പുഴ,എറണാകുളം, പാലക്കാട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിലാണ് മെഹക് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്തും അതിന്റെ സാന്നിദ്ധ്യം ഉണ്ട്. മെഹകിന്റെ ക്ലിനിക് ഈ അഞ്ചു ജില്ലകളിലേ ഉള്ളൂ. അട്ടപ്പാടിയിലെ സ്വാമി വിവേകാനന്ദാ ആശുപത്രിയുമായി ഞങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം അടിസ്ഥാനമാക്കിയും, പഞ്ചായത്തുതലത്തിലും, മറ്റു എൻ.ജി.ഒ കൾ, സാമൂഹ്യപ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ ഇവ പ്രവർത്തിക്കുന്ന സ്വയം പര്യാപ്ത യൂണിറ്റുകളാണ് മിക്കതും. അത്തരം സ്വയം പര്യാപ്തമായ മാനസികാരോഗ്യകേന്ദ്രങ്ങൾ സൃഷ്ടിക്കുകയാണ് മെഹക്കിന്റെ ഉദ്ദേശം. നന്നായി പ്രവർത്തിക്കാത്ത അനേകം യൂണിറ്റുകൾ ഉണ്ടായിട്ടു കാര്യമില്ലല്ലോ. കൊടുക്കുന്ന പരിചരണം ഗുണനിലവാരമുള്ളതാകണം. എന്നാലേ അതുകൊണ്ടു പ്രയോജനമുള്ളൂ. തദ്ദേശസ്വയം ഭരണകേന്ദ്രങ്ങൾ ഈ ചുമതല ഏറ്റെടുക്കണം. അതവരുടെ ക്ലിനിക് ആവണം. എങ്ങനെയാണ് മാനസികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടത് എന്നു കാണിച്ചുകൊടുക്കുകയാണു ഞങ്ങൾ. 2-3 വർഷം ഒരു സ്ഥാപനം നന്നായി പ്രവർത്തിച്ചാലേ അത് നിലനിൽക്കും എന്ന് വിശ്വസിക്കാനാവൂ. സർക്കാർ സംവിധാനങ്ങളും എൻ.ആർ.എച്.എം. പോലുള്ള സംവിധാനങ്ങളുമായും സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ഒരേ മാർഗ്ഗവും ലക്ഷ്യവുമുള്ള പലസംഘടനകളുമായും ഒത്തു ചേർന്നുപ്രവർത്തിക്കാൻ ഞങ്ങൾ തയ്യാറാണ്.

ദേശീയ മാനസികാരോഗ്യ പരിപാടികളിൽ (NHM) മുകളിൽ നിന്ന് താഴേക്ക് എന്ന് മാതൃകയാണ് നടപ്പിലാക്കിയിരിക്കുന്നത്. ഞങ്ങളുടേത് തഴെനിന്ന് മുകളിലേക്ക് എന്നൊരു മാതൃകയാണ്. തിരശ്ചീനമായി പല തലങ്ങളിൽ പ്രവർത്തിച്ച് പ്രയോജനപ്രദമാവുക. അതാണു മെഹക്കിന്റെ ലക്ഷ്യം.

ചർച്ചാവിഷയം

ഗോപിക ഗോപൻ ആർ.

94460 92255

കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ
മലയാളം എം.ഫിൽ വിദ്യാർഥിനി,
തിരുവനന്തപുരം സ്വദേശി.



# സ്നേഹാമൃതവർഷിണി/ സ്നേഹത്തിന്റെ അമൃതമഴ പൊഴിക്കുന്ന സ്ത്രീ



ലത നായർ

മത്സ്യഫെഡിലെ ഒരു സൂപ്രണ്ട് എന്നതിൽ നിന്ന് അമൃതവർഷിണി എന്ന കൂട്ടായ്മയുടെ എല്ലാമെല്ലാം ആയിത്തീർന്ന ഒരു വ്യക്തി. ജനിതകപരമായ ഒരു രോഗം കാരണം ദുഃഖമനുഭവിച്ചിരുന്ന കുറേപ്പേരെ ജീവിതത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ജീവിതത്തിൽ മുന്നേറുവാനുള്ള പ്രചോദനം നൽകുകയും ചെയ്യുന്ന ഒരാൾ. ശ്രീമതി ലത നായർ.

ഒസ്റ്റിയോജെനസിസ് ഇംപെർഫക്റ്റാ അഥവാ ബ്രിട്ടിൽ ബോൺ ഡിസീസ് എന്ന അപൂർവ രോഗമുള്ള കുറേപ്പേരുടെ കൂട്ടായ്മയാണ് അമൃതവർഷിണി എന്ന സംഘടന. ലത നായർ ഈ സംഘടനയുടെ രക്ഷാധികാരിയാണ്. അമൃതവർഷിണിയിലെ ഓരോ കുഞ്ഞിന്റെയും ചേച്ചിയമ്മയും ആന്റിയുമാണ് ഇവർ.

വ്യക്തിജീവിതത്തിൽ ഒരുപാട് പ്രതിസന്ധികൾ നേരിടേണ്ടി വന്ന സ്ത്രീയാണ് ലത നായർ. വിവാഹത്തിനു തൊട്ടുമുൻപ് ഭർത്താവിനുണ്ടായ ആക്സിഡന്റ്, അതേതുടർന്ന് അദ്ദേഹത്തിനുണ്ടായ ആരോഗ്യപ്രശ്നങ്ങൾ, ഭർത്താവിന്റെ അകാലത്തിലുള്ള മരണം ഇവയൊക്കെ ജീവിതത്തിലുണ്ടായിട്ടും മനോധൈര്യം കൈവിടാതെ ജീവിതം മുന്നോട്ടുനയിച്ച സ്ത്രീ. ഏകമകളും വിവാഹശേഷം വിദേശത്തേക്ക് പോയപ്പോഴുണ്ടായ ഏകാന്തതയെയും ലതനായർ അതിജീവിച്ചു. ആ ഏകാന്തതയിൽ ഓർക്കൂട്ട് സമ്മാനിച്ച ഒരു സുഹൃദ് വ

ലയമാണ് ഈ കൂട്ടായ്മയുടെ തുടക്കം. ജീവിതത്തെ വളരെ പോസിറ്റീവായി കാണുന്ന വ്യക്തിയാണ് ലത നായർ. പല പ്രായത്തിലുള്ള ആളുകൾ ഈ കൂട്ടായ്മയിൽ ഉണ്ട്. ലതനായർക്ക് ഇവരെല്ലാം കുഞ്ഞുങ്ങളാണ്. ജീവിതത്തെക്കുറിച്ചുള്ള തന്റെ ഈ സമീപനം അവർ പകർന്നു നൽകുന്നു. ഈ കുഞ്ഞുങ്ങളെ സ്നേഹിക്കുകയും അവർക്കുവേണ്ടി ജീവിതം മാറ്റിവെച്ചിരിക്കുകയും ചെയ്യുന്ന ഇവർ തന്റെ ഓരോ പ്രവൃത്തിയേയും ഈശ്വരന്റെ നിയോഗമായിട്ടാണ് കാണുന്നത്.

സൂരജ് എന്ന ഒരു സുഹൃത്തിൽ നിന്ന് ഡോ.ഹരിയെ പരിചയപ്പെട്ടപ്പോഴാണ് ഒസ്റ്റിയോജെനസിസ് ഇംപെർഫക്ടാ എന്ന രോഗത്തെക്കുറിച്ച് ലതനായർ അറിയുന്നത്. ശരീരത്തിലെ എല്ലുകളിൽ കാണുന്ന കൊളാജിൻ എന്ന പദാർത്ഥത്തിന്റെ കുറവുമൂലം എല്ലുകൾ പൊടിഞ്ഞു പോകുന്ന രോഗമാണിത്. ഇതിനായി പ്രത്യേകിച്ച് മരുന്നുകളൊന്നും തന്നെയില്ല എന്നതിൽ നിന്ന് ഈ രോഗത്തെ പൂർണ്ണമായി മാറ്റുവാൻ സാധിക്കുകയില്ല എന്നു മനസ്സിലാക്കാം. കൂടാതെ ഈ രോഗനിർണ്ണയത്തിനു ആവശ്യമായ ഉപകരണങ്ങളോ എല്ലുകൾക്ക് പകരമായി ശരീരത്തിൽ സ്റ്റീൽ റോഡ്സ് പോലുള്ളവ സ്ഥാപിക്കുന്നതിനു ആവശ്യമായ ലാബുകളോ കേരളത്തിലില്ല എന്നതും ശ്രദ്ധിക്കേണ്ട ഒന്നാണ്. പലപ്പോഴും മംഗലാപുരം ഭാഗത്തു പോയാണ് ഈ രോഗമുള്ളവർ തങ്ങളുടെ ചികിത്സകൾ നടത്തുന്നത്. കട്ടിലുകളിലും വീൽച്ചെയറുകളിലും വീടിന്റെ നാലു ചുമരുകൾക്കുള്ളിലും മാത്രമായി ഒതുങ്ങി നിന്നിരുന്നവരാണ് ഈ രോഗമുള്ളവർ. അവർക്ക് ജീവിതത്തെ കുറിച്ച് പ്രതീക്ഷ നൽകുവാനും തങ്ങളുടെ കഴിവുകളെ തിരിച്ചറിയുവാനുമുള്ള പ്രാപ്തി കൈവരിക്കാനും ലത നായർ എന്ന വ്യക്തിക്ക് അമൃതവർഷിണിയിലൂടെ കഴിയുന്നുണ്ട്. ഇതിന് മികച്ച ഉദാഹരണങ്ങൾ ഈ കൂട്ടായ്മയിലെ ഓരോ കുഞ്ഞുമാണ്. ഈ കൂട്ടായ്മയിലെ ഒരംഗമായ ബിനുവിനോട് അമൃതവർഷിണിയിൽ വന്നു കഴിഞ്ഞിട്ടുള്ള മാറ്റങ്ങളെ കുറിച്ചു ചോദിച്ചപ്പോൾ ജീവിതം പൂർണ്ണമായി മാറുകയാണുണ്ടായത് എന്നാണ് പറഞ്ഞത്. ബിനുവിന്റെ വാക്കുകൾ : ആന്റിയെ (ലതനായർ) കണ്ടതിനുശേഷം ജീവിതം തന്നെ മാറി. ജീവിതത്തെ കുറിച്ച് പോസിറ്റീവായ ഒരു ചിന്താഗതിയാണ് ഇപ്പോഴുള്ളത്. അതുപോലെ ഈ അസുഖമുള്ള ഒരുപാട് ആളുക

**പല പ്രായത്തിലുള്ള ആളുകൾ ഈ കൂട്ടായ്മയിൽ ഉണ്ട്. ലതനായർക്ക് ഇവരെല്ലാം കുഞ്ഞുങ്ങളാണ്. ജീവിതത്തെക്കുറിച്ചുള്ള തന്റെ ഈ സമീപനം അവർ പകർന്നു നൽകുന്നു. ഈ കുഞ്ഞുങ്ങളെ സ്നേഹിക്കുകയും അവർക്കുവേണ്ടി ജീവിതം മാറ്റിവെച്ചിരിക്കുകയും ചെയ്യുന്ന ഇവർ തന്റെ ഓരോ പ്രവൃത്തിയേയും ഈശ്വരന്റെ നിയോഗമായിട്ടാണ് കാണുന്നത്.**





ളെ കാണാനും അവരുമായി സൗഹൃദം പങ്കിടാനും കഴിഞ്ഞു. അമൃതവർഷിണിയിൽ വന്നതിനുശേഷമാണ് തിരുവനന്തപുരത്ത് ജോലി ലഭിച്ചത്.

ഡോ.ഹരിയിലൂടെയാണ് ഈ രോഗമുള്ള വയനാടൻ സ്വദേശിയായ ബിനുവിനെ ലതനായർ പരിചയപ്പെടുന്നത്. തുടർന്ന് ബിനുവിനെ കുറിച്ചും അപൂർവ്വമായ ഈ രോഗത്തെക്കുറിച്ചും തന്റെ ഓർക്കൂട്ട് പേജിൽ ലതനായർ എഴുതി. ഇതു കാണാനിടയായ ബാംഗ്ലൂർ സ്വദേശി ധന്യ ബിനുവിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്യാൻ താൻ തയ്യാറാണെന്നു ലതനായരോടും പറഞ്ഞു. തുടർന്നുള്ള സംഭാഷണങ്ങളിൽ നിന്ന് ധന്യയ്ക്കും ഇതേ അസുഖമാണെന്നു ലതനായർ അറിയുന്നു. അങ്ങനെ ബിനുവിനു വേണ്ടി ലതനായരും ധന്യയും മറ്റു കുറെ സുഹൃത്തുക്കളും ഒരുമിച്ചു പ്രയത്നിച്ചു. 2000ൽ ആരംഭിച്ചു ഈ ഓർക്കൂട്ട് കൂട്ടായ്മ 2010ൽ അമൃതവർഷിണി എന്ന പേരിൽ ഒരു എൻ.ജി.ഒ ആയി രജിസ്റ്റർ ചെയ്തു.

കർണ്ണാടകസംഗീതത്തിലെ ഒരു രാഗമാണ് അമൃതവർഷിണി. മഴ പെയ്യിക്കാൻ കഴിവുള്ള രാഗം. ഈ പേരിനെക്കുറിച്ച് ലതനായർ: സ്നേഹത്തിന്റെ കുളിർമഴ ഈ കുഞ്ഞുങ്ങൾക്ക് കൊടുക്കുക എന്നതാണ് അമൃതവർഷിണി എന്ന പേരിലൂടെ ഉദ്ദേശിക്കുന്നത് അമൃതവർഷിണി എന്ന തന്റെ ബ്ലോഗിന്റെ പേരു തന്നെയാണ് ലതനായർ ഈ കുഞ്ഞുങ്ങൾക്കു കൊടുത്തത്. രുചിയേറിയ വിഭവങ്ങളെ കുറിച്ച് പറയുന്ന ഈ ബ്ലോഗു പോലെ സ്നേഹത്തിന്റെ രുചി വിളുമ്പുകയാണ് ലത നായർ അമൃതവർഷിണിയിലൂടെ.

ഒരുപാടു കഴിവുകളുള്ള കുട്ടികളാണ് ഈ രോഗം ബാധിച്ചവർ എല്ലാം തന്നെ. ഇങ്ങനെ ഒരസാധാരണരോഗം ജനിച്ച നാൾ മുതൽ കൂടെയുള്ള ഇവർ പഠിത്തത്തിലും മറ്റ് പാഠ്യേതരവിഷയങ്ങളിലും പ്രാഗല്ഭ്യം ഉള്ളവരാണ്. എന്നാൽ സാധാരണസ്കൂളുകളിൽ പഠിക്കാൻ തങ്ങളുടെ രോഗാവസ്ഥ കാരണം ഇവരിൽ മിക്കവർക്കും കഴിഞ്ഞിരുന്നില്ല. ദാരിദ്ര്യമേഖലയ്ക്കു താഴെയുള്ളവരാണ് ഇവരിൽ പലരും. ഇവരുടെ പഠനത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നത് ലതനായരും അമൃതവർഷിണിയുടെ ഭാഗമായ മറ്റു സുഹൃത്തുക്കളും ചേർന്നാണ്. അദ്ധ്യാപകർ വീട്ടിൽ ചെന്നാണ് ഇവർക്ക് വിദ്യ പകർന്നു നൽകുന്നത്. സാക്ഷരതാമിഷനും ഇവർക്ക് സഹായവുമായി കൂടെയുണ്ട്.

ഇന്ന് അമൃതവർഷിണിയിലെ കുഞ്ഞുങ്ങളിൽ പലരും സിവിൽസർവ്വീസിനും പ്രൊഫഷണൽ കോളേജുകളിലും പഠിക്കുന്നുണ്ട്.

ഇങ്ങനെ ഒരു രോഗവുമായി ബന്ധപ്പെടുത്തി ഒരു സംഘടനയുണ്ടായിട്ടും സമൂഹത്തിന് ഈ രോഗത്തെ കുറിച്ചോ രോഗബാധിതരുടെ പ്രശ്നങ്ങളെക്കുറിച്ചോ വേണ്ടത്ര അറിവില്ലായെന്ന് ലതനായർ പറയുന്നു. ഈ അഭിപ്രായത്തിനിടയാക്കിയ ഒരു സംഭവത്തെക്കുറിച്ചും ഇവർ പറഞ്ഞു. ഈ രോഗമുള്ള സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിയെ സ്കൂളിൽ നിന്ന് ഒരു സ്ഥലത്ത് കൊണ്ടു പോയപ്പോൾ അവർ ആ കുട്ടിയോട് നടക്കാൻ ആവശ്യപ്പെട്ടുവത്രേ. നടക്കാൻ സാധിക്കില്ല എന്ന് കുട്ടി പറഞ്ഞെങ്കിലും അവർ ആ കുട്ടിയെ നിർബന്ധപൂർവ്വം നടത്തിച്ചു. കുറച്ചു നടന്നപ്പോൾ ആ കുട്ടിയുടെ എല്ലുപൊടിയുകയും ചെയ്തു. അങ്ങനെയൊക്കെ എന്തെങ്കിലും സംഭവിച്ചാൽ പ്ലാസ്റ്ററിട്ട് കിടക്കുക എന്നതല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നും തന്നെയില്ലായെന്ന് ലതനായർ പറയുന്നു. ഈ കുഞ്ഞുങ്ങൾക്ക് സമൂഹം കുറച്ചു കൂടി ശ്രദ്ധനൽകേണ്ടതാണെന്നും ഇവർക്കു വേണ്ടി സമൂഹവും ഗവൺമെന്റും പ്രവർത്തിക്കുമെന്ന പ്രത്യേശയിലുമാണ് അമൃതവർഷിണിയിലെ ഓരോ

അംഗവും എന്നും ലതനായർ കൂട്ടിച്ചേർത്തു.

എല്ലാ വർഷവും അമൃതവർഷിണിയിലെ കുഞ്ഞുങ്ങളും ലതനായരും ഒത്തുകൂടാറുണ്ട്. ഓരോ ഒത്തുകൂടലിലും ഈ കുട്ടികൾക്ക് പുതിയ പുതിയ അറിവുകൾ പകർന്നു നൽകുകയും കരകൗശലവസ്തുക്കൾ നിർമ്മിക്കുവാനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു. ഇങ്ങനെ പഠിക്കുന്ന ഓരോ വസ്തുവും അടുത്ത ഒത്തുകൂടലിൽ ഇവർ ഉണ്ടാക്കിക്കൊണ്ടുവരാറുണ്ട്. ഇവരിൽ ചിലർ നന്നായി ചിത്രം വരയ്ക്കുന്നവരാണ്. ഇവരുടെ ചിത്രങ്ങളും മറ്റ് കരകൗശല വസ്തുക്കളും എക്സിബിഷനുകൾ നടത്തി വിൽക്കാറുണ്ട്. ഇതിലൂടെ ലഭിക്കുന്ന തുക ഇവർക്ക് തന്നെ നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെ സ്വയം പര്യാപ്തയുള്ളവരായി അമൃതവർഷിണിയിലെ ഓരോ കുഞ്ഞും മാറിയിരിക്കുന്നു.

അമൃതവർഷിണിയിലെ ഓരോ കുട്ടിയുടേയും സന്തോഷത്തിലും സങ്കടത്തിലും ഈ അമ്മ ഇവർക്ക് ഒപ്പമുണ്ട്. ഓരോ കുട്ടിക്കും അമൃതവർഷിണി സ്വന്തം കുടുംബം പോലെയാണ്. സ്വന്തം ബന്ധുമിത്രാദികളെക്കാളും തങ്ങളുടെ ഓരോ കാര്യത്തിനും ഒപ്പമുള്ളത് ലതനായരും അമൃതവർഷിണിയിലെ മറ്റംഗങ്ങളും ആണ് എന്നഭിപ്രായമാണ് ഓരോ രക്ഷിതാവിനും ഉള്ളത്.

കേരളത്തിൽ നിന്നു മാത്രം ഈ അസുഖം ബാധിച്ച 85ഓളം ആളുകൾ അമൃതവർഷിണിയിലുണ്ട്. അസാധാരണമായ ഒരു ജീവിതം നയിച്ചിരുന്ന ഈ രോഗമുള്ള ഇവരിൽ ഓരോരുത്തരും ഇന്ന് സാധാരണജീവിതം നയിക്കുന്നവരാണ്. തങ്ങൾക്ക് ഒരു രോഗം ഉണ്ടെന്നും അതൊരിക്കലും മാറുകയില്ലായെന്നുമുള്ള സത്യത്തിന് മുൻപിൽ തളർന്നിരിക്കാതെ അതിനെ അതിജീവിക്കാനാണ് ലതനായർ അമൃതവർഷിണിയിലെ ഓരോ അംഗത്തോടും പറയുന്നത്. ഈ രോഗമുള്ള വ്യക്തികൾക്ക് മാത്രമല്ല അവരുടെ വീട്ടുകാർക്കും ആശ്രയമാണ് ലതനായർ.

---

കവിത

**നിഷ വി.എ.**

# അശുദ്ധി

ഞാൻ കണ്വപുത്രിയോ
സീതയോ അല്ല
എന്റെ അടയാളം
അവന്റെ സാത്വിക-
ജീവിതത്തിൽ നിന്നും
പുറന്തള്ളപ്പെട്ടവൾ
തിരിച്ചു കയറാൻ
മുദ്രമോതിരമില്ല.
ഏത് മീനും
വയറ് കീറിയില്ല
ഒരു ഭൂമിയും
പിളർന്നില്ല.
ഞാൻ,
കാലത്തിന്റെ
ചവിട്ടിയരക്കപ്പെട്ട
അഭിജ്ഞം.
എത്ര തീയിൽ ചാടിയാലും
തീരാത്ത അശുദ്ധി.





എം. സുൽഫത്ത്

# സ്ത്രീകൾ അഗസ്ത്യാർ കൂടം ട്രക്കിംഗിന് അപേക്ഷിക്കേണ്ടതില്ല

## വനിത സംഘടന നേതാക്കൾക്ക് ഒരു തുറന്ന കത്ത്

ജൈവ വൈവിധ്യ സംരക്ഷണത്തിന്റെയും വന സംരക്ഷണത്തിന്റെയും ഭാഗമായി വനം വകുപ്പ് ട്രക്കിംഗുകളും പരിസ്ഥിതി ക്യാമ്പുകളും ലോകത്താകമാനം സംഘടിപ്പിക്കാറുണ്ട്. എന്നാൽ അവിടെയൊന്നുമില്ലാത്ത വിലക്കാണ് കേരള സർക്കാരും വനം വകുപ്പും അഗസ്ത്യാർ കൂടം ട്രക്കിംഗിൽ സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. ഭരണഘടന ഉറപ്പു നൽകുന്ന സ്ത്രീ പുരുഷ സമത്വം ഒരു സർക്കാർ സംവിധാനം തന്നെ ലംഘിച്ചുകൊണ്ടിരിക്കുമ്പോൾ ഭരണത്തിൽ പങ്കാളികളാവുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സ്ത്രീനേതൃത്വങ്ങൾ തങ്ങളുടെ നിലപാട് വ്യക്തമാക്കേണ്ടതുണ്ട്.

കേരളത്തിലെ ഉയരം കൂടിയ രണ്ടാമത്തെ മലയാണ് അഗസ്ത്യാർ കൂടം. നെയ്യാർ വന്യ ജീവി സങ്കേതത്തിൽപ്പെട്ട ഈ മലകൾക്ക് പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ ജൈവ വൈവിധ്യ മേഖലയാണ് രണ്ടായിരത്തിലധികം അപൂർവ്വ ഔഷധ സസ്യങ്ങളെയാണ് പ്രകൃതി ഇവിടെ വളർത്തി പരിപ്പാലിക്കുന്നത്. ലോക പൈതൃകപ്പട്ടികയിൽ ഇടം പിടിച്ച അഗസ്ത്യാർ കൂടത്തിലേക്കുള്ള ട്രക്കിംഗ് അതിൽ പങ്കെടുക്കുന്നവർക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവവും പ്രചോദനവുമാണ്. സ്ത്രീകളെ ട്രക്കിംഗിൽ നിന്ന് മാറ്റിനിർത്തുന്നതിലൂടെ ഭരണഘടന ഉറപ്പു നൽകുന്ന സ്ത്രീ പുരുഷ സമത്വം എന്ന അവകാശത്തിന്റെ നഗ്നമായ ലംഘനം മാത്രമല്ല സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യവും അറിയാനും പഠിക്കാനും ആസ്വദിക്കാനുമുള്ള പൗരവകാശങ്ങളുടെയും ലംഘനമാണ് ഭരണഘടനയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു സർക്കാർ സംവിധാനമായ വനം വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

ട്രക്കിംഗിൽ നിന്ന് സ്ത്രീകളെ വിലക്കുന്നതിന് കാരണമായി വനം വകുപ്പ് മന്ത്രിയും പറയുന്നത് സ്ത്രീകൾക്ക് മതിയായ സുരക്ഷ ഒരുക്കാൻ കഴിയാത്തതു കൊണ്ടാണെന്നാണ്. സർക്കാർ സംവിധാനങ്ങളും പൊതു ഖജനാവിലെ ഫണ്ടും ഉപയോഗിച്ച് കൊണ്ട് സർക്കാരിന്റെ അധീനതയിലുള്ള ഒരു പ്രദേശത്തേക്ക് നടത്തുന്ന ട്രക്കിംഗിൽ നിന്ന് സുരക്ഷാകാരണങ്ങൾ പറഞ്ഞ് സ്ത്രീകളെ ഒഴിവാക്കുന്നത് ന്യായീകരിക്കത്തക്കതാണോ. വന്യ മൃഗങ്ങൾ സ്ത്രീകളെ മാത്രം തിരഞ്ഞ് പിടിച്ച് ഉപദ്രവിക്കില്ലെന്നിരിക്കെ ഒരു റിസേർവ് ഫോറസ്റ്റിൽ വളരെ നിയന്ത്രിതമായി പൊതുജനങ്ങളെ പ്രവേശിപ്പിക്കുമ്പോൾ (10 പേരടങ്ങുന്ന 10 ഗ്രൂപ്പുകളെയാണ് വനം വകുപ്പ് ഏർപ്പെടുത്തുന്ന ഗൈഡുകളുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും ഒരു ദിവസം പ്രവേശിപ്പിക്കുക). മറ്റെന്ത് സുരക്ഷക്കുറവാണ് സർക്കാരിനെ ഭയപ്പെടുത്തുന്നത്. ഭയത്തിനടിസ്ഥാനമുണ്ടെങ്കിൽ സുരക്ഷ ഒരുക്കാനുള്ള ബാധ്യത സർക്കാരിനുണ്ട്. ആ ബാധ്യതയിൽ നിന്ന് ഒഴിഞ്ഞ് മാറി സ്ത്രീകളുടെ മൗലികാവകാശങ്ങളെ വിലക്കുകയാണ് കേരള വനം വകുപ്പ് ചെയ്യുന്നത്.

കാടും മലയും പുഴയുമൊക്കെ പൊതുസ്വത്തായിരിക്കെ അവിടേക്കുള്ള പ്രവേശനം പുരുഷനുമാത്രം അനുവദിച്ച് കൊടുക്കുന്നത് സ്ത്രീകളോടുള്ള വിവേചനമാണ്. ഉയരങ്ങൾ കീഴടക്കാനും പ്രകൃതി പഠനം നടത്താനും പ്രകൃതി സൗന്ദര്യം ആസ്വദിക്കാനുമൊക്കെയുള്ള തൃഷ്ണയും സന്നദ്ധതയും ആഗ്രഹവുമൊക്കെ ഒരു വിഭാഗത്തിനു മാത്രം അനുവദിക്കുന്നത് ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണ്.

ബഹിരാകാശ യാത്രയും പാർവ്വതാരോഹണവുമടക്കം സാഹസികത നിറഞ്ഞതും അപകടകരവുമായ എല്ലാ മേഖലകളിലും പുരുഷനോടൊപ്പം സ്ത്രീകളും സാനിധ്യം ഉറപ്പിച്ച ആധുനികകാലത്ത് 14 വയസ്സിൽ താഴെയുള്ള കുട്ടികളും സ്ത്രീകളും ട്രക്കിംഗിന് അപേക്ഷിക്കേണ്ടതില്ല എന്ന നിബന്ധനവെച്ച് കൊണ്ട് വനം വകുപ്പ് പുറത്തിറക്കുന്ന പരസ്യം സ്ത്രീ പദവിയെ അവഹേളിക്കുന്നതാണ്. പക്വതയും വിവേചനബുദ്ധിയും പൂർണമായും നേടിയിട്ടില്ലാത്ത കുട്ടികൾക്ക് തുല്യരായല്ല സ്ത്രീകളെ പരിഗണിക്കേണ്ടത്.

വനം വകുപ്പിന്റെ സ്ത്രീ വിവേചനത്തിനെതിരെ പ്രതിഷേധങ്ങൾ ഉണ്ടായപ്പോൾ 2017 ജനുവരി 24 ന് വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചർച്ച നടന്നിരുന്നു. അഗസ്ത്യാർ കൂടം ട്രക്കിംഗിൽ സ്ത്രീകളെ പങ്കെടുപ്പിക്കാമെന്ന് സമ്മതിച്ചതുമായിരുന്നു. അതിനായി ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം 2017 മെയ് മാസത്തിൽ മാർഗ രേഖയും സർക്കാർ പുറത്തിറക്കി എന്നാൽ അതിനു വിരുദ്ധമായി ഈ വർഷത്തെ ഓൺ ലൈൻ ബുക്കിംഗ് ജനുവരി 5 ന് ആരംഭിക്കുമ്പോഴും സ്ത്രീ വിവേചനം തുടരുകയാണുണ്ടായത്.

ട്രക്കിംഗിൽ നിന്ന് സ്ത്രീകളെ വിലക്കുന്നതിന് കാരണം വനം വകുപ്പ് പറയുന്ന

സുരക്ഷ കാരണങ്ങളോ സൗകര്യ കുറവോ അല്ലെന്നും സുരക്ഷയുടെ മറവിൽ സർക്കാർ സ്ത്രീ വിരുദ്ധമായ അനാചാരങ്ങളെ സംരക്ഷിക്കുകയാണെന്നുമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ട്രക്കിംഗ് കാലം മകരജ്യോതി മുതൽ ശിവ രാത്രി വരെ എന്ന് തീരുമാനിച്ചിരിക്കുന്നത് ഇതിന് തെളിവാണ്. റിസർവ് ഫോറസ്റ്റിലേക്കുള്ള ട്രക്കിംഗ് കാലം തീരുമാനിക്കുമ്പോൾ വനത്തിന്റെ ആവാസവ്യവസ്ഥ, വന്യ ജീവികളുടെ പ്രജനനം തുടങ്ങി വനത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ഘടകങ്ങളാണ് പരിഗണിക്കേണ്ടത്. എന്നാൽ ട്രക്കിംഗ് ആരംഭിച്ച 1990 മുതൽ ട്രക്കിംഗ് കാലം മകരജ്യോതി മുതൽ ശിവ രാത്രി വരെയാണ്. ഒരു റിസർവ് ഫോറസ്റ്റിലേക്കുള്ള ട്രക്കിംഗ് തീർത്ഥാടനമാക്കാൻ വനം വകുപ്പിന് അധികാരമുണ്ടോ ? സ്ത്രീ വിരുദ്ധ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സംരക്ഷിക്കാൻ ബാധ്യതപ്പെട്ടവരല്ല ഭരണകൂടങ്ങളും സർക്കാർ ഉദ്യോഗസ്ഥരും. അതുകൊണ്ട് തെറ്റ് തിരുത്താൻ സർക്കാരും വനം വകുപ്പും തയ്യാറാകേണ്ടതുണ്ട്. ഭരണഘടന ലംഘനവും സ്ത്രീ വിവേചനവും തുടർന്ന് കൊണ്ടിരിക്കുന്ന വനം വകുപ്പിനെ തിരുത്താൻ കേരളത്തിലെ സ്ത്രീ സംഘടനകൾ രംഗത്ത് വരേണ്ടതുണ്ട്.

ചർച്ചാവിഷയം

കെ.എ.ബീന

എഴുത്തുകാരി, മാധ്യമപ്രവർത്തക
യാത്രാവിവരണം ലേഖിക



# ഭൂമിയുടെ അവകാശികൾ




കടുത്ത ശൈത്യത്തിന്റെ നാളുകളിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായുള്ള സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഉത്തരേന്ത്യക്കാർ തിരക്കിലായിരിക്കും, പഴയ രജായികൾ നന്നാക്കിയെടുക്കൽ, പുതിയവ ഉണ്ടാക്കൽ, സ്വെറ്ററുകൾ, മറ്റു തണുപ്പുപ്രതിരോധ വസ്ത്രങ്ങൾ ഒക്കെ റെഡിയാക്കിവയ്ക്കൽ തുടങ്ങി നിരവധി പണികൾ.ഡോ.മധുദലീലയ്ക്ക് ഇരട്ടിപ്പണിയാണ്. സ്വന്തം വീട്ടിലേക്കുള്ള തണുപ്പു വസ്ത്രങ്ങൾക്കൊപ്പം പത്തൻപതു പേർക്ക് രജായിയും ബ്ലാങ്കറ്റുകളും ഉണ്ടാക്കണം. പിന്നെ തണുപ്പുവസ്ത്രങ്ങൾ, പോരാഞ്ഞ് ഇത്രയും പേർക്ക് തണുപ്പത്ത് കിടന്നുറങ്ങാൻ വീടും ഉണ്ടാക്കണം.

ന്യൂഡൽഹിയിൽ ബംഗാളി മാർക്കറ്റിന് സമീപം ചെന്നാൽ റോഡരികിലൊക്കെ കാണാം പച്ച പെയിന്റടിച്ച് മഞ്ഞ നിറത്തിൽ MY HOME എന്നെഴുതിയ വീടുകൾ. Earth is my home too, We can live together happily എന്നൊക്കെ എഴുതിയിട്ടുള്ള വീടുകൾ. അവിടത്തെ താമസക്കാർ നായ്ക്കളാണ്, തെരുവ് നായ്ക്കൾക്ക് വീടും അഡ്രസ്സും ഉണ്ടാക്കിക്കൊടുക്കുന്നത് ദയയോ, ദാക്ഷിണ്യമോ, ഔദാര്യമോ അല്ല ഡോ. മധുവിന്. ഈ ഭൂമി അവരുടേതും കൂടിയല്ലെ.

സമാധാനത്തോടെ ഒപ്പം കഴിയുന്നതിനു പകരം നമ്മൾ എല്ലാംകൂടി പിടിച്ചെടുക്കുകയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഇതു മാറണം.

മൃഗങ്ങൾക്കും പക്ഷിജാലങ്ങൾക്കും നമ്മളെപ്പോലെ ജീവിക്കാൻ കഴിയണം. കടുത്ത ശൈത്യത്തിൽ ഡൽഹിയിലെ നായ്ക്കൾ തണുത്തുവിറക്കും. അവർക്ക് കയറിക്കിടക്കാൻ വീടും, തണുപ്പു വസ്ത്രങ്ങളും കൊടുക്കാനാണ് ഞാൻ ശ്രമിക്കുന്നത്. പഴയ തുണികളും ബ്ലാങ്കറ്റുകളുമൊക്കെ ശേഖരിച്ച് അവർക്ക് പാകത്തിന് ഞാൻ തയ്പ്പിച്ചെടുക്കും.

നായ്ക്കൾക്ക് കമ്പിളി ഉടുപ്പുകളും തയ്ച്ചു കൊടുക്കും. കാശ്മീർ പോലെ എപ്പോഴും തണുപ്പുള്ള സ്ഥലങ്ങളിൽ നായ്ക്കൾക്ക് തണുപ്പിനെ പ്രതിരോധിക്കാനുള്ള ശേഷി സ്വയമേവ ഉണ്ടാവും. ഡൽഹിയിൽ അങ്ങനല്ല, മാറി മാറി വരുന്ന കാലാവസ്ഥകൾ അവരെ വല്ലാതെ

ബാധിക്കും.

അക്കാലത്ത് അവർക്ക് നല്ല ഭക്ഷണവും കൂടിയേ തീരൂ. ബംഗാളി മാർക്കറ്റിനടുത്ത് ടാൻസൻ മാർഗ്ഗിലും, സഫ്ദർഹഷ്മി മാർഗിലും തോഡർമാൽ മാർഗിലുമൊക്കെയുള്ള നായ്ക്കൾ രാത്രി ഒൻപതു മണിയാവുമ്പോൾ കണ്ണും കാതും കൂർപ്പിച്ചിരിക്കും. ആ വെളുത്ത കാർ വരുന്നുണ്ടോ? എത്ര കടുത്ത ഗതാഗതത്തിരക്കിലും ആ കാർ അവർ തിരിച്ചറിയും. പിന്നൊരു പാച്ചിലാണ്, വാലിട്ടാട്ടി ശരീരമാസകലം സന്തോഷവും സ് നേഹവും നിറച്ച് - അന്നമാണ് വരുന്നത്. അതും ചിക്കൻ ചേർത്തുണ്ടാക്കുന്ന ചോറിൽ പെഡിഗ്രി കുഴച്ച്. ഡൽഹി യിൽ ഞങ്ങളുടെ അയൽപക്കക്കാരായ ഡോ. മധുവും ഇരുപതു വയസ്സുള്ള മകൾ ഛിയ (ശ്രുതി)യും സന്ധ്യയാവുമ്പോൾ തന്നെ നായ്ക്കൾക്ക് വേണ്ടി ഭക്ഷണമൊരുക്കും. പരിപൂർണ്ണ വെജിറ്റേറിയനാണ് തങ്ങളെന്നത് തെരുവുപട്ടികൾക്കുള്ള ആഹാരത്തിൽ ചിക്കനും മട്ടനും മീനുമൊക്കെ ചേർക്കുന്നതിന് തടസ്സമാവുന്നില്ല. കാറിൽ ഭക്ഷണവുമായി ഓരോ തെരുവിലുമെത്തി അവർ നായ്ക്കളെ പേര് ചൊല്ലി വിളിക്കും. മെന്റക്, സൂഖീ, ബൂരാ, കാലൂ, പാഗൽ, സോണീ, മോണീ, ടിറ്റർ, ജിഗ്ലി, ജസ്സി, കാഞ്ച, ചിൻടൂ, ഖിജിലി, ചിൻമുൽ. ഡോ. മധുവിനും ഛിയയ്ക്കുമൊപ്പം നായ്ക്കൾക്ക് രാത്രി ഭക്ഷണവിതരണത്തിന് പോകുമ്പോഴൊക്കെ അത്ഭുതപ്പെട്ടിട്ടുണ്ട്, ഓരോ നായയ്ക്കും ഡോ. മധു ഇട്ടിരിക്കുന്ന പേര് എത്ര കൃത്യമായറിയാം. ആകെ അതറിയുന്നത് ആ നായയ്ക്കും മധുവിനും ഛിയയ്ക്കുമാണെന്ന് മാത്രം.

തണുപ്പുകാലത്ത് വീടും വസ്ത്രങ്ങളും വേഷങ്ങളും നൽകുന്നതുകൊണ്ടും മുടങ്ങാതെ രാത്രി ഭക്ഷണമെത്തിക്കുന്നതുകൊണ്ടും മാത്രം തീരുന്നില്ല അവർ തമ്മിലുള്ള ബന്ധം. ആ പ്രദേശത്തുള്ള എല്ലാ നായ്ക്കൾക്കും ആന്റിറാബീസ് വാക്സിനേഷൻ നൽകാനും പർവോ, ഡിസ്റ്റംബർ തുടങ്ങി നിരവധി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ മുടങ്ങാതെ നൽകാനും ഡോ. മധു ശ്രദ്ധിക്കുന്നു. എല്ലാ നായ്ക്കളെയും വന്ധ്യംകരണത്തിനും വിധേയരാക്കിയിട്ടുണ്ട്. തണുപ്പുകാലത്ത് നൽകുന്ന പരിചരണം പോലെ വേനൽക്കാലത്തും ഡോ. മധു നായ്ക്കൾക്കൊപ്പമുണ്ട്,

ധാരാളം വെള്ളം അവർക്ക് നൽകാനും കൊടുംചൂടിൽ തളരാതിരിക്കാൻ തണൽ നൽകാനും ഒക്കെ ശ്രദ്ധിക്കുന്നു. നായ്ക്കൾക്ക് മനുഷ്യരില്ലാതെ ജീവിക്കാൻ പറ്റില്ല, അത് നമ്മൾ അറിഞ്ഞ് പെരുമാറണം. പൂച്ചകളുമതെ. തെരുവിൽ അലഞ്ഞ് നടക്കുന്ന അവർക്കും കൂടി അവകാശപ്പെട്ടതാണ് ഇവിടുത്തെ ജീവിതം. ഓരോ തെരുവിലും മൂന്ന് വീട്ടുകാരിലൊരാൾ ശ്രദ്ധവച്ചാൽ തെരുവു പട്ടികളുടെയും പൂച്ചകളുടെയും പ്രശ്നം




പരിഹരിക്കാം. ആന്റി റാബീസ്, പ്രതിരോധ കുത്തിവയ്പ്പുകളും, സ്റ്റെറിലൈസേഷനും ചെയ്യിക്കുകയാണ് വേണ്ടത്. പകരം നമ്മളവരെ അടിച്ച് ഓടിക്കുകയും തല്ലിക്കൊല്ലുകയും ചെയ്യുന്നു. മനുഷ്യന്റെ ദുരയാണ് ഇത്, നിറകണ്ണുകളോടെ ഡോ. മധു പറയുന്നു. നമ്മൾ കളയുന്ന കുറച്ച് ഭക്ഷണം, കിടക്കാനിത്തിരി സ്ഥലം ഇതു കൊടുത്താൽ ഒരു സഹജീവിക്ക് എത്ര ആശ്വാസമാകും എന്ന് ചിന്തിക്കാൻ മനുഷ്യർക്ക് കഴിയണം എന്നാണ് മധുവിന്റെ മകൾ ഇരുപതു വയസ്സുകാരി ഛിയയുടെ പക്ഷം. രാത്രി നായ്ക്കൾക്കുള്ള ഭക്ഷണവുമായി തെരുവുകൾ തോറും സന്തോഷത്തോടെ ചെല്ലുന്ന ഛിയ ഫൈനൽ ഇയർ ഡിഗ്രി വിദ്യാർത്ഥിനിയാണ്. തെരുവു പട്ടികളുടെ പ്രിയപ്പെട്ട ഛിയയ്ക്ക് റോഡിലൂടെ നടക്കുക ദുഷ്ക്കരമാണ്, സിനിമാതാരത്തെയെന്ന പോലെ നായ്ക്കൾ വളഞ്ഞുകളയും, സ്നേഹപ്രകടനങ്ങൾ നടത്തും. ഡോ. മധു യു.പി.യിലെ ലക്നൗക്കാരിയാണ്. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിലെ മുതിർന്ന ഉദ്യോഗസ്ഥയായ മധു അവരുടെ നാട്ടിൽ നിലവിലുള്ള ഒരു രീതിയെക്കുറിച്ച് പറഞ്ഞു: ഞങ്ങൾ നിത്യവും റോട്ടി ഉണ്ടാക്കുമ്പോൾ ആദ്യത്തേത് മാറ്റിവെയ്ക്കും. അത് പശുവിനുള്ളതാണ്. അവസാനത്തേതും മാറ്റിവയ്ക്കും. അത് പട്ടിയ്ക്കുള്ളതാണ്. ആര് ഭക്ഷണം കഴിച്ചാലും കയ്യിൽ കുറച്ച് ഭക്ഷണം കരുതും. അത് പക്ഷികൾക്ക് ഉള്ളതാണ്. ഞാൻ ഡോ. മധുവിനോടും ഛിയയോടും വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് പറഞ്ഞുകൊടുത്തു. ഭൂമിയുടെ അവകാശികൾ എന്ന പുസ്തകത്തിലെ വരികൾ കേൾപ്പിച്ചും കൊടുത്തു.

ചര്‍ച്ചാവിഷയം

റെജിന മുഹമ്മദ് കാസിം
9400418353



**ദീര്‍ഘ കാലം ഒമാനില്‍. ബിസിനസ് അനലിസ്റ്റായും മാധ്യമ പ്രവര്‍ത്തകയായും ജോലി ചെയ്തു. മാതൃഭൂമി , ഗള്‍ഫ് മാധ്യമം, അഴിമുഖം തുടങ്ങിയവയില്‍ ഫീച്ചറും കോളവും ചെയ്തു. ഇപ്പോള്‍ പാലക്കാട്.**



# ഇരുപത്തിനാല് അമ്മമാര്‍ c/o റസിയാ ബാനു

റസിയാ ബാനു ഒരു അമ്മയോടൊപ്പം

ഒന്ന് കാണാന്‍ ശ്രമിക്കുമ്പോഴൊക്കെ അവര്‍ തിരക്കിലായിരുന്നു.

ധൃതിയില്‍ പറഞ്ഞു നിര്‍ത്തുന്ന ഫോണ്‍ കോള്‍ മുറിയുന്നതിന് മുന്‍പ് കഴിക്കേണ്ടുന്ന മരുന്നുകളെ പറ്റിയോ മരുന്ന് കഴിക്കേണ്ട വിധത്തെ പറ്റിയോ ആരോടോ പറയുന്ന ആശ്വാസവാക്കിലേക്കോ ഒക്കെ വര്‍ത്തമാനം നീളുന്നത് കേള്‍ക്കാമായിരുന്നു.

രാത്രി ഡ്യൂട്ടിയിലെ ആശുപത്രി മുറികളില്‍ നിന്നും പകല്‍ നേരങ്ങളിലെ അമ്മപ്പരിചരണങ്ങള്‍ക്ക് ഇടയിലേക്കുമുള്ള പകര്‍ച്ചകളിലെ ഇത്തിരി നേരമാണ് അവരെ കണ്ടത്.

വെളിച്ചങ്ങളോടോ ക്യാമറകളോടോ ഒട്ടും പ്രതിപത്തി ഇല്ലാത്തൊരാള്‍ പാലക്കാട് ചുണ്ണാമ്പുത്തറയിലെ ശാന്തിനികേതനം എന്ന വീട്ടില്‍ ഉണ്ട്.

പേര് റസിയ ബാനു. പ്രകാശം പരത്തുന്ന ഒരുവള്‍ .

ഇപ്പോള്‍ 24 അമ്മമാരുടെ ഒരേ ഒരു മകള്‍ ..

ഇനി റസിയാ ബാനു പറയും...



ഒരു സാധാരണ പെൺകുട്ടി ആയിരുന്നു ഞാൻ. അധികം ആരോടും വർത്തമാനവും ബഹളവും ഒന്നും ഇല്ലാത്തൊരു മിണ്ടാക്കുട്ടി. ചെറുപ്പത്തിലേ ഉമ്മ മരിച്ചു. അതോടെ ഒരു യാഥാസ്ഥിതിക മുസ്ലിം കുടുംബത്തിലെ പെൺകുട്ടിക്ക് വന്നു ചേരാവുന്ന എല്ലാ നിയന്ത്രണങ്ങളും വന്നു. പാലക്കാട് ഗവ.മോയൻ ഗേൾസ് സ്കൂളിൽ ആണ് പഠിച്ചത്. പഠിത്തം തീരും മുന്നേ വിവാഹം. അടുത്ത ബന്ധു തന്നെ ആയിരുന്നു കല്യാണം കഴിച്ചത്. ഇരുപത് വയസ്സാവുമ്പോഴേക്കും അദ്ദേഹം മരിച്ചു.

അതൊക്കെ കഴിഞ്ഞ കാലങ്ങൾ . പടച്ചവന്റെ വഴികൾ ആർക്കറിയാം .! അങ്ങനെ ഒരു ജീവിതം വഴി തിരിഞ്ഞു. അടച്ചുവെച്ച നോട്ടു പുസ്തകം തുറന്നു. പഠിക്കണം എന്നായിരുന്നു. ചെറുപ്പം മുതൽക്കേ ദൈവം പോലെ മദർ തെരേസ ഉണ്ടായിരുന്നു മനസ്സിൽ. രണ്ടാമത് പഠിക്കാനുള്ള വഴി തെളിഞ്ഞപ്പോൾ മറ്റൊന്നും ആലോചിക്കാതെ നഴ്സിങ് തിരഞ്ഞെടുത്തത് അത് കൊണ്ടാണ്. പതിയെ വീട്ടുകാരും ഒപ്പംനിന്നു .

പഠിക്കുമ്പോൾ തന്നെ പാലിയേറ്റിവ് കെയറുകളും മറ്റും ചെയ്തിരുന്നു. പാവപ്പെട്ട രോഗികളെ വീട്ടിൽ ചെന്ന് ശുശ്രൂഷിക്കുകയൊക്കെ ചെയ്യുമായിരുന്നു. പഠിത്തം കഴിഞ്ഞപ്പോൾ തന്നെ ഒരു സ്വകാര്യ നഴ്സിങ് ഹോമിൽ ജോലിക്ക് കയറി. അവിടെ തന്നെയാണ് ഇപ്പോളും ജോലി ചെയ്യുന്നത്. ചെറുപ്പം മുതൽക്ക് എന്റെ കാഴ്ചകളിൽ പെടുന്നത് മുഴുവനും ദുരിതം പേറുന്ന മനുഷ്യർ ആയിരുന്നു. അവർക്ക് വേണ്ടി ജീവിക്കുക എന്നതാണ് എന്റെ ലക്ഷ്യം എന്നു ശക്തിയായി ഉള്ളിൽ ആരോ പറയുന്നുണ്ടായിരുന്നു. കുട്ടികളെയോ പ്രായമായവരെയോ സംരക്ഷിക്കണം എന്ന തോന്നൽ ശക്തമായി . ജീവിതം മുന്നിലുള്ള കുട്ടികളെ നോക്കണോ അതോ ജീവിച്ച ജീവിതമേ തീർന്നു പോയ ആരോരുമില്ലാത്ത പ്രായം ചെന്നവരെ സംരക്ഷിക്കണോ എന്ന തിരഞ്ഞെടുപ്പിൽ മനസ്സ് അമ്മമാർക്ക് ഒപ്പം നിന്നു .

**അടച്ചുവെച്ച നോട്ടു പുസ്തകം തുറന്നു. പഠിക്കണം എന്നായിരുന്നു. ചെറുപ്പം മുതൽക്കേ ദൈവം പോലെ മദർ തെരേസ ഉണ്ടായിരുന്നു മനസ്സിൽ. രണ്ടാമത് പഠിക്കാനുള്ള വഴി തെളിഞ്ഞപ്പോൾ മറ്റൊന്നും ആലോചിക്കാതെ നഴ്സിങ് തിരഞ്ഞെടുത്തത് അത് കൊണ്ടാണ്. പതിയെ വീട്ടുകാരും ഒപ്പംനിന്നു . പഠിക്കുമ്പോൾ തന്നെ പാലിയേറ്റിവ് കെയറുകളും മറ്റും ചെയ്തിരുന്നു. പാവപ്പെട്ട രോഗികളെ വീട്ടിൽ ചെന്ന് ശുശ്രൂഷിക്കുകയൊക്കെ ചെയ്യുമായിരുന്നു. പഠിത്തം കഴിഞ്ഞപ്പോൾ തന്നെ ഒരു സ്വകാര്യ നഴ്സിങ് ഹോമിൽ ജോലിക്ക് കയറി. അവിടെ തന്നെയാണ് ഇപ്പോളും ജോലി ചെയ്യുന്നത് .**

അങ്ങനെയാണ് ഒരു വൃദ്ധസദനം എന്ന ആശയം മനസ്സിൽ വരുന്നത്. എന്റെ നിശ്ചയ ദാർഢ്യത്തിനു ഒടുവിൽ വീട്ടുകാരും സമ്മതം മൂളി . കയ്യിൽ ഒന്നുമില്ല. ഈ ചെറിയ ജോലി അല്ലാതെ . ഒരു ഫോണോ ഫോൺ നമ്പറോ പോലും ഇല്ല. ഓരോന്നും വന്നു ചേരുന്നത് ഓരോ മിറാക്കിൾ പോലെ ആണ്. അല്ലാഹ്.. എന്റെ പടച്ചവൻ കാത്തു വെക്കുന്ന അതിശയങ്ങൾ . ഞാൻ അക്കാലത്ത് വീട്ടിൽ ചെന്ന് പരിചരിക്കാറുള്ള ഒരു അമ്മയാണ് ആദ്യമായി ഒരു മോട്ടോറോള ഫോൺ എന്റെ കയ്യിൽ വെച്ച് തന്നത്. അങ്ങനെ നമ്പർ എടുത്തു. പിന്നീട് പത്രത്തിൽ പരസ്യം കൊടുത്തു . വൃദ്ധ സദനം നടത്താൻ ആവശ്യമുള്ള ഒരു വാടക വീട് അന്വേഷിച്ച് കൊണ്ട്. പക്ഷേ ഫോൺ കാളുകൾ



വന്നത് മുഴുവൻ സംരക്ഷിക്കാൻ ആവുമോ എന്ന് അന്വേഷിച്ചു കൊണ്ട് ആയിരുന്നു. പാലക്കാട് ജില്ലാ ആശുപത്രിയിൽ ഏഴു വയസ്സിൽ ആരോ കൊണ്ട് ചെന്നാക്കിയ  തങ്കമ്മയാണ് ആദ്യം വിളിച്ചത്.

ആരോ ഉപേക്ഷിച്ച കുട്ടിയായ തങ്കമ്മ പിന്നെ വലുതായത് മുഴുവൻ ജില്ലാ ആശുപത്രിയിൽ മാറി മാറി വരുന്ന ഡോക്ടർമാരുടെ വീട്ടിൽ ജോലി ചെയ്തു കൊണ്ടായിരുന്നു. ഭക്ഷണവും വസ്ത്രവും മാത്രമാണ് കൂലി. ജോലി ചെയ്യാൻ ശരീരത്തിന് ശേഷി ഇല്ലാതായതോടെ  പോകാൻ ഇടവും ഇല്ലാതെ ആയി. അങ്ങനെ മനസ്സ് ഉറച്ചു. ഇനിയീ അമ്മമാർക്ക് വേണ്ടിയാണ് ജീവിതം . തങ്കമ്മ ആണ് ആദ്യം എത്തിയത്.  ജോലി ചെയ്യുന്ന ആശുപത്രിക്ക് സമീപം തന്നെ ഒരു വീട് കിട്ടി. എന്ന് സ്വന്തമായി വീട് ഉണ്ടാവുന്നുവോ അന്ന് മാറിതന്നാൽ മതി എന്ന് പറഞ്ഞ് ഒരു അച്ഛനും അമ്മയും തന്നതാണ് ആ വീട്. അതൊക്കെയാണ് സ്നേഹം. ഇന്നും അവർ എനിക്ക് അച്ഛനും അമ്മയും ആണ്.

സ്റ്റാഫിനെ വെക്കാൻ പൈസ ഒന്നുമില്ല. മാത്രമല്ല .ഞാൻ ചെയ്യുന്ന പോലെ ആവില്ല .അവർ എന്തെങ്കിലും കടുപ്പിച്ച് പറഞ്ഞാലോ ? ഒരു ജീവിത്തിലെ സകല ദുരിതവും പേറിയവർ ആണിവർ . എന്റമ്മമാരെ സങ്കടപ്പെടുത്താൻ വയ്യ. അന്ന് മൂന്ന് അമ്മമാർ കോമ സ്റ്റേജിൽ ആയിരുന്നു. അവരെ കുളിപ്പിച്ചു ഭക്ഷണം ഉണ്ടാക്കി വെച്ചിട്ടാണ് ഞാൻ പോവുക. തങ്കമ്മ സഹായിക്കുമായിരുന്നു. റുമാറ്റിസ് ആർത്രൈറ്റിസ് ആയിരുന്നു തങ്കമ്മയ്ക്ക്. പിന്നെ വയ്യായ്കയ്ക്ക് ഒടുവിൽ ആ അമ്മ പോയി. ഓരോ അമ്മമാരും പോകുമ്പോൾ നെഞ്ച് പറയുന്ന വേദനയാണ്. കുറച്ചു കൂടി നല്ല സമയത്ത് എനിക്കവരെ കിട്ടിയില്ലല്ലോ എന്നോർക്കും. ബോംബെ ജാനമ്മയും കുട്ടിമാളു അമ്മയും ഒക്കെ അത് പോലെ ചങ്ക് തന്ന് സ്നേഹിച്ചിട്ട് കടന്നു പോയ  അമ്മമാർ ആണ് .

ഇപ്പോളും ഞാൻ തന്നെ ആണ് ഭക്ഷണം ഉണ്ടാക്കുക.  വിമല ചോറ് വെക്കും. വിമലയും



ഇവിടെ വന്നു ചേർന്നത് ആണ്. ചില ആളുകൾ പിറന്നാളിനൊക്കെ ഭക്ഷണം എത്തിക്കാറുണ്ടായിരുന്നു. ഇപ്പോൾ പുറമെ നിന്ന് ഭക്ഷണം എടുക്കുന്നില്ല. അവരുടെ തിരക്കൊക്കെ കഴിഞ്ഞു വരുമ്പോഴേക്കും പ്രായമായവരല്ലേ.. വിശക്കും. പുറത്ത് നിന്ന് കൊണ്ട് വരുന്ന ചോറ് വേവും പാകമാവില്ല. അത്

കൊണ്ട് ഞങ്ങൾ തന്നെ വെക്കും . എന്റെ അമ്മമാരെ പട്ടിണിക്ക് ഇടാൻ ആവില്ല ( അത് പറഞ്ഞപ്പോൾ അത് വരേയ്ക്കും സൗമ്യം ആയിരുന്ന റസിയയുടെ മുഖം ചുവന്നു ). അത് കൊണ്ട് അവരോട് നേരത്തെ  പറയും . സാധനങ്ങൾ ആയോ മറ്റോ എത്തിക്കാൻ .

ഇപ്പോൾ ശാന്തി നികേതനം എന്ന ഈ വീട്ടിൽ 24 അമ്മമാർ ഉണ്ട്. നല്ലോണം കുറുമ്പ് ഒക്കെ ഉള്ള കുട്ടികൾ ആണ് ഇവർ . മിഠായി കിട്ടില്ലെങ്കിൽ ഒക്കെ കരയുന്ന, പരാതി പറയുന്ന കുട്ടികൾ. ഞാൻ ജോലി കഴിഞ്ഞു വരുമ്പോഴേക്കും ചില കുറുമ്പുകൾ ഹാജരാവും. പല ജീവിത സാഹചര്യങ്ങളിൽ നിന്ന് വന്ന ആരോരുമില്ലാത്തവർ ആണ് ഈ അമ്മമാർ. ജീവിതം കൊടുത്ത മുറിവുകൾ അവർക്ക് വേണ്ടുവോളം ഉണ്ട്. അതിനാൽ ആ മുറിവ് അല്പമെങ്കിലും ഉണങ്ങാൻ ആയാൽ ദൈവത്തിന്റെ കൃപ. ഞാൻ ഒരു നേരം ഭക്ഷണം കഴിക്കാൻ നേരമില്ലാതെ പോയാൽ അവർ പിണങ്ങും. അവരും കഴിക്കില്ല...

ഓരോ അമ്മയുടെയും സ്നേഹം ഓരോ വിധം ആണ്.

********

കുട്ടൂ ...മുടി വെട്ടണ്ടേ ..വളർന്നല്ലോ എന്ന് പറഞ്ഞ് ഇടയ്ക്ക് റസിയബാനു കുട്ടു എന്ന് വിളിക്കുന്ന അമ്മൂമ്മക്കുട്ടിയുടെ വെളുത്ത പഞ്ഞി പോലുള്ള തലമുടിയിൽ  തൊട്ടു. ‘കുട്ടിക്കെപ്പളും മുടി വെട്ടലെന്നെ പണി. പറ്റില്യാ... എനിക്ക് മുടി വളർത്തണം’ എന്ന് പറഞ്ഞ് ചിണുങ്ങി  കുട്ടു റസിയയുടെ അരുമക്കുട്ടി ആയി .

പതുക്കെ പറയുന്ന വാക്കുകളിൽ റസിയ തുടരുകയാണ്. നേർത്ത് മെലിഞ്ഞ ഒരു വെളിച്ചച്ചിറകായി ! റസിയാബാനു ലോകത്തോട് ഒന്നും വിളിച്ച് പറയുന്നില്ല. എന്നാൽ ലോകം ഇടയ്ക്കിടെ ആ കുഞ്ഞു വീട്ടിലേക്ക് കയറി ചെല്ലാറുണ്ട്. CNN IBN ന്റെ റിയൽ  ഹീറോ അവാർഡ് പോലെ ചിലത് അവിടെ ചെല്ലാറുണ്ട്.

റസിയാ ബാനു പറയുന്ന മിറാക്കിൾ പോലെ പണി തീർന്ന അമ്മമാരുടെ ആ സ്വന്തം വീട്ടിൽ ചെന്നെത്തുന്ന ഓരോ പുരസ്കാരവും  ആ വീടിന്റെ മരവും തറയും ഒക്കെ ആയിട്ടുണ്ട്.സ്നേഹം മാത്രമാണ് റസിയാ ബാനുവിന്റെ ഇൻവെസ്റ്റ്മെൻറ് . ഇവരൊക്കെ ജീവിച്ചിരിക്കുന്നത് കൊണ്ട് കൂടിയാണ് ഭൂമി ഇത്രയും മനോഹരമായിരിക്കുന്നത് .

ദൈവത്തെ കണ്ടുവോ എന്ന് ചോദിച്ചാൽ ഞാൻ കണ്ടു എന്ന് വേണം പറയാൻ. ദൈവത്തെ തൊട്ടു എന്നും കെട്ടിപ്പിടിച്ചുമ്മ വെച്ചു എന്നും .

---





# സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ  - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **sheebakm@gmail.com** എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

ചർച്ചാവിഷയം

നിഷാ രാജു
09747809760

മലയാളം അദ്ധ്യാപിക, ശ്രീനാരായണ ഗുരു ആർട്സ്
& സയൻസ് കോളേജ്, പൈങ്ങോട്ടൂർ







അധികാരവർഗ്ഗത്തിന്റെയും സവർണ്ണ പ്രഭുത്വത്തിന്റെയും ചൂഷണങ്ങൾക്ക് വിധേയമാക്കപ്പെട്ട് പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനത. അവർക്കുവേണ്ടി സംസാരിക്കാൻ തോളോടു ചേർത്തു നിർത്താൻ സാധാരണക്കാരിൽ സാധാരണക്കാരിയായ ഒരു വീട്ടമ്മ. സജിനി മാത്യൂസ്. സജിനിയും ഭർത്താവ് മാത്യൂസും മക്കളായ അതുലിനും കൃപയ്ക്കും ഒപ്പം നിരാലംബരായ പെൺകുട്ടികളെ, സ്നേഹഭവൻ എന്ന സ്നേഹവീടിന്റെ വാതായനങ്ങൾ മലർക്കെ തുറന്നിട്ട്ഒറ്റപ്പെട്ടുപോയ ബാല്യങ്ങളെ തേടുകയാണവർ, സ്നേഹത്തിന്റെ കരുത്തുമായി. അതെ കരുത്ത് എന്ന വാക്കിനാൽ മാത്രമേ സജിനി മാത്യൂസിനെ അടയാളപ്പെടുത്താൻ സാധിക്കൂ. അത് വ്യവസ്ഥിതികളോട് കലഹിച്ച് നേടിയ കരുത്താണ്. ആരുമില്ലാത്തവർക്ക് സാന്ത്വനമാകാൻ കഴിയുന്നതിനുള്ള കരുത്താണ്.

ആദിവാസി ദളിത് വുമൺ എംപവർമെന്റ് സ്റ്റഡീസ് സെന്റർ എന്ന പ്രസ്ഥാനത്തെയും അതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്നേഹിഭവനെയും അമരത്ത് പ്രവർത്തിക്കുന്ന സജിനി മാത്യൂസ് എന്ന വ്യക്തിയെക്കുറിച്ചും അറിഞ്ഞപ്പോൾ റഫീക്ക് അഹമ്മദിന്റെ ശത്രു എന്ന കവിതയിലെ രണ്ട് വരികളാണ് ഓർമ്മയിൽ

# സ്നേഹിഭവൻ



“അതിരറ്റ സ്നേഹത്തണുപ്പാൽ
ചെടികളെ പലതരം പ്രകാശത്തെ ഉയിരോട്
ചേർക്കുന്നൊരതിജീവനം”

വികസനത്തിന്റെയും പുരോഗതിയുടെയും പേരിൽ ഭരണവ്യവസായ ദല്ലാളന്മാരുടെ കൊലക്കത്തിക്ക് ഏതുനിമിഷവും ഇരയായേക്കാവുന്ന അതിരപ്പിള്ളി. മഴവെള്ളം വീണ് തിളങ്ങി നിൽക്കുന്ന മലകളെയും മുറിയാതെ വീണൊഴുകുന്ന ജലധാരയേയും വിസ്മൃതിയിലേക്കായേക്കാവുന്ന പലതരം സസ്യജന്തുജാലങ്ങളെയും ഉയിരോടെ ചേർത്തുപിടിക്കാൻ ശ്രമിക്കുകയാണ്. സജിനി മാത്യൂസ് എന്ന വ്യക്തിയുടെജീവിതത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് അറിഞ്ഞപ്പോഴാണ് ഈ കവിത ചേർത്തുവായിക്കാൻ ശ്രമിച്ചത്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെടുന്ന ജനതയുടെ പ്രതീകമാണ് സജിനി മാത്യൂസ്. കാരണങ്ങൾ ആപേക്ഷികമാവാം. ജാതിയോ, മതമോ, സമ്പത്തോ, ലിംഗഭേദമോ എങ്ങിനെയായിരുന്നുവെന്നാലും ആ മാറ്റി നിർത്തൽ യാഥാർത്ഥ്യമാണ്. എന്നിട്ടും നിരാലംബരും തിരസ്കൃതരും ആയ ഒരു കൂട്ടംകുട്ടികളെ സനാഥരാക്കിത്തീർത്തു എന്നത് ഒരു ശരാശരി മനുഷ്യന്റെ ആത്മാർത്ഥതയ്ക്കും കഴിവിനും അപ്പുറമാണ്. ശൂന്യതയിൽ നിന്ന് മുത്തും പവിഴവും സൃഷ്ടിക്കുന്ന മായാജാലക്കാരനെപ്പോലെയാണത്. വിശപ്പിന് ഭക്ഷണം കൊടുക്കുക മാത്രമല്ല. സമൂഹത്തിന്റെ പുറമ്പോക്കുകളിൽ നിന്ന് കണ്ടെത്തിയവരെ സാമ്പത്തികവും മാനസികവുമായ ഔന്നത്യത്തിലേക്ക് കൈപിടിച്ച് കൊണ്ടുവരിക എന്ന ദൗത്യവും കൂടിയാണ് അവർ ഏറ്റെടുത്തിരിക്കുന്നത്.

അവനവന് വേണ്ടിയല്ലാത്ത ഓരോ കൊച്ചുകാര്യങ്ങൾക്കും വിലയിടുന്ന ഈ കാലത്ത് സ്വയം നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റുള്ളവരെ ചേർത്തുപിടിക്കുവാനുള്ള സജിനി മാത്യൂസിന്റെ കഴിവ് അത് നമിക്കപ്പെടേണ്ടത് തന്നെയാണ്. കാരണം ആ കഴിവാണ് സ്നേഹീഭവൻ എന്ന വീടിന്റെ പിറവിക്ക് പിന്നിൽ. വർഷങ്ങൾക്ക് മുൻപ് മാത്യൂസിന്റെ തറവാട്ടിൽ നിന്ന് ഭാഗം കിട്ടിയ രൂപയുമായി സ്വന്തമായി 2 സെന്റ് സ്ഥലം എന്ന ലക്ഷ്യവുമായി ഹൈറേഞ്ചിലേക്കുള്ള യാത്രയിൽ ബസ്സിൽ വിശന്നു കരയുന്ന രണ്ട് കുരുന്നുകളേയും അമ്മയേയും കണ്ട സജിനിയും മാത്യൂസും അവരുടെ യാത്രയുടെ ഉദ്ദേശ്യം മറന്നു. തിരിച്ചുപോരുമ്പോൾ അവരുടെയൊപ്പം പോകാൻ മറ്റൊരിടമില്ലാത്ത ആ അമ്മയും കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. അന്നത്തെ ആ യാത്രയിൽ അവർ അറിഞ്ഞു കൊണ്ട് നഷ്ടപ്പെടുത്തിയത് ഇന്നും

**അവനവന് വേണ്ടിയല്ലാത്ത ഓരോ കൊച്ചുകാര്യങ്ങൾക്കും വിലയിടുന്ന ഈ കാലത്ത് സ്വയം നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റുള്ളവരെ ചേർത്തുപിടിക്കുവാനുള്ളസജിനി മാത്യൂസിന്റെ കഴിവ് അത് നമിക്കപ്പെടേണ്ടത് തന്നെയാണ്. കാരണം ആ കഴിവാണ് സ്നേഹീഭവൻ എന്ന വീടിന്റെ പിറവിക്ക് പിന്നിൽ.**

അവർക്ക് നേടാനായിട്ടില്ല. പക്ഷെ, പകരം സജിനി മാത്യൂസ് സ്നേഹം കൊണ്ടൊരു ഭവനം തീർത്തു. അനുഭവങ്ങളുടെ പൊള്ളിയടരുകളും, വേദനയും, നിസ്സഹായതയും, കുറച്ച് സ്വപ്നങ്ങളും അടിത്തറ പണിത സ്നേഹിഭവൻ.

കോട്ടയം ജില്ലയിലെ മേലുകാവിൽ ആദിവാസി ദളിത്സ്ത്രീകളുടെയും പെൺകുട്ടികളുടെയും പുനരധിവാസം ലക്ഷ്യമിട്ടു തുടങ്ങിയ ആദിവാസി ദളിത് വുമൺ എംപവർമെന്റ് സ്റ്റഡീസ് സെന്ററും അതിനോട് ചേർന്ന് സ്നേഹിഭവനും പ്രവർത്തനം ആരംഭിക്കുന്നത് 2001 ലാണ്. ആദ്യകാലങ്ങളിൽ കൂലിപ്പണിയെടുത്തും ടാപ്പിങ്ങിനു പോയും സജിനിയും മാത്യൂസും വളർത്തിയെടുത്ത സ്നേഹിഭവൻ ഒന്നുമില്ലായ്മയിൽ നിന്ന് ഹൃദയങ്ങളുടെ പിൻതുണയോടെ 16 വർഷങ്ങൾ പിന്നിടുമ്പോൾ ഇവിടെ നിന്ന് പഠിച്ചും ജോലി നേടിയും വിവാഹിതരായും കടന്നുപോയത് നൂറോളം പെൺകുട്ടികൾ. പലസാഹചര്യങ്ങളിൽ നിന്ന് എത്തിച്ചേർന്നവർ. അവർക്ക് പഠിക്കുവാനും ഉയരങ്ങളിൽ എത്തുവാനും എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുന്ന സജിനി. നാളെ എന്റെ കുട്ടികളിൽ നിന്നും ഡോക്ടർമാരും സയന്റിസ്റ്റുമൊക്കെ ഉണ്ടാകുമെന്ന് പറയുമ്പോൾ സജിനിയുടെ സ്വരത്തിൽ നിറയുന്നത് ആവേശവും ആത്മവിശ്വാസവും ആണ്. വിവാഹം ചെയ്ത് വിട്ട പെൺകുട്ടികൾ ഭർത്താവിനോടും കുട്ടികളോടുമൊപ്പം സ്വന്തം വീട്ടിലേക്കെന്ന പോലെ വന്നുപോകുന്നതും സ്നേഹിഭവനിലെ കാഴ്ചയാണ്.

ഏറ്റവും കൂടുതൽ നിയമസംരക്ഷണം നൽകുന്നുവെന്ന് പറയുന്നവരെ തന്നെയാണ് ഏറ്റവും ചൂഷണങ്ങൾക്ക് വിധേയരാക്കുന്നത് എന്നതാണ് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സത്യം. ഈ യാഥാർത്ഥ്യം മനസ്സിലാക്കി തന്നെയാണ് സജിനിയുടെ പ്രവർത്തനങ്ങളും. ദളിത് ആദിവാസിസ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്ക് പിന്നിൽ സമൂഹത്തിൽ അവർ നേരിടുന്ന ഭിന്നതലത്തിലുള്ള അപകർഷതാബോധങ്ങളെ മറികടക്കുക എന്ന ലക്ഷ്യമാണുള്ളത്. കാരണം സ്ത്രീ എന്ന നിലയിലും ദളിത്സ്ത്രീ എന്ന നിലയിലും ഇരട്ടിസംഘർഷങ്ങളിലൂടെയാണ് ഇവർക്ക് കടന്നുപോകേണ്ടി വരുന്നത്. ഇവർ നേരിടുന്ന തുറിച്ചുനോട്ടങ്ങൾ, തൊഴിലിടങ്ങളിൽ, പൊതുഇടങ്ങളിൽ അനുഭവിച്ചുതീർക്കേണ്ടി വരുന്ന പരിഹാസങ്ങൾ ഇതൊരിക്കലും അവസാനിക്കുന്നില്ല. സജിനി പറയുന്നു - 12-ാമത്തെ വയസുമുതൽ 50 പൈസയ്ക്ക് കൂലിപ്പണിയെടുത്തു തുടങ്ങിയ ദളിത്സ്ത്രീകളെ എനിക്കറിയാം. പാടത്തെയും പറമ്പിലെയും പണിക്ക് ശേഷവും വിശ്രമമനുവദിക്കാതെ വീടുപണിയെടുക്കാൻ നിർബന്ധിതരായവർ. എങ്കിലും അവർക്ക് കിട്ടിയിരുന്ന അവഹേളനങ്ങളും നിന്ദാവചനങ്ങളും എന്റെ കാഴ്ചകളായിരുന്നു. എന്റെ ചുറ്റിലും അസ്പൃശ്യർ എന്ന് കൽപ്പിക്കപ്പെട്ടവരുടെ കുനിഞ്ഞ ശിരസും നിറഞ്ഞ കണ്ണുകളുമെ ഉണ്ടായിരുന്നുള്ളു. മണ്ണിനെ അറിഞ്ഞ് ജീവിച്ചവരാണ് ഞങ്ങൾ. കാലിൽ മണ്ണുപുരളാതെ മണ്ണിനെ സ്നേഹിക്കുന്നുവെന്ന് പറയുന്നവരല്ല ഞാനടക്കമുള്ള ദലിതർ എന്നടയാളപ്പെടുത്തപ്പെട്ടവർ.




**ഏറ്റവും കൂടുതൽ നിയമസംരക്ഷണം നൽകുന്നുവെന്ന് പറയുന്നവരെ തന്നെയാണ് ഏറ്റവും ചൂഷണങ്ങൾക്ക് വിധേയരാക്കുന്നത് എന്നതാണ് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സത്യം. ഈ യാഥാർത്ഥ്യം മനസ്സിലാക്കി തന്നെയാണ് സജിനിയുടെ പ്രവർത്തനങ്ങളും. ദളിത്ആദിവാസി സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്ക് പിന്നിൽ സമൂഹത്തിൽ അവർ നേരിടുന്ന ഭിന്നതലത്തിലുള്ള അപകർഷതാബോധങ്ങളെ മറികടക്കുക എന്ന ലക്ഷ്യമാണുള്ളത്.**

എന്നിട്ടും മണ്ണ് ഉള്ളിടത്തു നിന്നെല്ലാം ഞങ്ങൾ ഓടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പാറകളുടെ മുകളിലും പുറമ്പോക്കുകളിലും ഒതുക്കപ്പെട്ട് കൊണ്ടിരിക്കുന്നു. സജിനി മാത്യൂസിന്റെ ഈ വാക്കുകളിൽ നിറയുന്ന നൊമ്പരമാണാ അരികുജീവിതങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള അവരുടെ പ്രവർത്തനങ്ങളുടെ ഊർജ്ജം.

ബൈബിളിൽ ഒരു വചനമുണ്ട്. കാറ്റിന് ദിശയില്ലെന്ന് അത് എല്ലാദിക്കിലും തന്റെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ടിരിക്കുന്നു.സജിനി മാത്യൂസിന്റെ പ്രവർത്തനങ്ങളും സ്നേഹിഭവനിലോ പെൺകുട്ടികളുടെ സംരക്ഷണത്തിലോ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. പ്രാഥമിക ഘട്ടത്തിൽ ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ മാത്രം ലക്ഷ്യമിട്ടുകൊണ്ട് തുടങ്ങിയ പ്രവർത്തനങ്ങൾ സ്വയംതൊഴിൽ കണ്ടെത്തൽ, വയോജനങ്ങളുടെ പുനരധിവാസം, അർഹരായവർക്ക് ആവശ്യമായ നിയമസംരക്ഷണം എന്നിങ്ങനെ വികസിച്ചിരിക്കുന്നു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്നവർക്കും അനാഥരാക്കപ്പെട്ടവർക്കും ലൈംഗികചൂഷണങ്ങൾക്ക് ഇരയായവർക്കും സ്നേഹിഭവൻ ഇന്നൊരു സാന്ത്വനമാണ്. സാമൂഹികക്ഷേമ പദ്ധതി ലക്ഷ്യമിട്ടുള്ള പല പ്രവർത്തനങ്ങളും ഇന്നിതിന്റെ ഭാഗമാകുന്നു. സാമൂഹിക അവബോധത്തിനും ജീവിതവിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, വൈദ്യസഹായം (മെഡിക്കൽ ക്യാമ്പ്), പരിസ്ഥിതിയുമായി ചേർന്നു നിൽക്കുന്ന തൊഴിൽ ആവാസവ്യവസ്ഥയുടെ രൂപീകരണം, സർവ്വോപരി ആരുടെയും കണ്ണിൽപ്പെടാതെ പോകുന്ന, സമൂഹം നിസാരരെന്ന് മുദ്രകുത്തിയ വ്യക്തിത്വങ്ങൾക്ക് ഞങ്ങളും ഈ സമൂഹത്തിന്റെ ഭാഗമാണെന്ന് കാണിച്ചുകൊടുക്കുവാനുള്ള ഒരു വേദി നൽകുന്നു എന്നതാണ് മഹത്തരം. ഇന്ന് സ്നേഹിഭവൻ മറ്റൊരുതിരക്കിലാണ്. വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടു പോകുന്ന അമ്മമാർക്ക് കൂടി വീടൊരുക്കുവാനുള്ള തിരക്കിൽ. തന്റെ പെൺകുട്ടികൾക്ക് കരുത്ത് പകരാൻ കുറച്ച് അമ്മമാർ കൂടിയുണ്ടാകുമല്ലോ എന്നത് സജിനി മാത്യൂസ് കണ്ടെത്തുന്ന ആശ്വാസവും.

ശ്രദ്ധിക്കേണ്ടതാകുന്നു സജിനിയുടെ ജീവിതം. സ്വന്തം സുഖങ്ങൾക്കുമപ്പുറം മറ്റുള്ളവരുടെ സുരക്ഷിതത്വത്തിൽക്കൂടി സന്തോഷം കണ്ടെത്തുന്ന ഇവരുടെ പ്രവർത്തനങ്ങൾ. പാർശ്വവൽക്കരിക്കപ്പെട്ടവരെ, മാറിമാറിവന്നുകൊണ്ടിരിക്കുന്ന ഭരണകൂടങ്ങൾ നിശബ്ദമാക്കപ്പെട്ടവരെ മുന്നോട്ടു കൊണ്ടുവരാൻ സമൂഹത്തിന്റെ ഭാഗമാക്കാൻ ഇവർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഇന്ന് നിരവധി അവാർഡുകളുടെ തിളക്കമുണ്ട്. 2015 ലെ ഏറ്റവും നല്ല സാമൂഹിക പ്രവർത്തകക്കുള്ള ഇന്ത്യൻ എക്സ്പ്രസ്

**കാലിൽ മണ്ണുപുരളാതെ മണ്ണിനെ സ്നേഹിക്കുന്നുവെന്ന് പറയുന്നവരല്ല ഞാനടക്കമുള്ള ദലിതർ എന്നടയാളപ്പെടുത്തപ്പെട്ടവർ. എന്നിട്ടും മണ്ണ് ഉള്ളിടത്തു നിന്നെല്ലാം ഞങ്ങൾ ഓടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പാറകളുടെ മുകളിലും പുറമ്പോക്കുകളിലും ഒതുക്കപ്പെട്ട് കൊണ്ടിരിക്കുന്നു. സജിനി മാത്യൂസിന്റെ ഈ വാക്കുകളിൽ നിറയുന്ന നൊമ്പരമാണാ അരികുജീവിതങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള അവരുടെ പ്രവർത്തനങ്ങളുടെ ഊർജ്ജം.**




അവാർഡ്, അരളി അവാർഡ്, ഫാ. ഇമ്മാനുവൽ കല്ലറങ്ങാട്ട് മെമ്മോറിയൽ അവാർഡ്, റോസ്മേരി അവാർഡ്, 2016 ലെ ദളിത് വുമൺ സൊസൈറ്റി അവാർഡ് ഇവയൊക്കെ സജിനിക്ക് കിട്ടിയ അംഗീകാരങ്ങളാണ്. ഈ അംഗീകാരങ്ങളുടെ സന്തോഷം മനസിലുണ്ടെങ്കിലും അതിനേക്കാളുപരി പരിവർത്തനം സാധ്യമാവുന്നില്ലല്ലോ എന്ന വേദനയാണ് സജിനി മാത്യൂസിനെ അലട്ടുന്നത്. കടന്നുപോകുന്ന വഴികളിലെ കല്ലും, മുള്ളും ഇപ്പോളും അവശേഷിക്കുന്നു എന്നതാണ് അവരുടെ വ്യഥ. അതുകൊണ്ടുതന്നെ തന്റെ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകാനുള്ള ആത്മവിശ്വാസമാണ് സ്നേഹീഭവന്റെ സാരഥിയിൽ ദർശിക്കാൻ സാധിക്കുന്നത്.





ഡോ.ജാൻസി ജോസ്

# വാസ്തവം

പെണ്ണിനെ നേരിട്ടും അല്ലാതെയും ആക്രമിക്കുന്നതാണ് ആണത്തം എന്ന് കരുതുന്ന കാലത്താണ് നാം ഇന്ന് ജീവിക്കുന്നത്.

ഇത് പുരോഗമന കാലം എന്ന് ഊറ്റം കൊള്ളുന്ന നമുക്ക് ഇന്നും, പെൺ വിഷയങ്ങളിൽ ഹാലിളക്കം വരുന്നത് എന്തുകൊണ്ടായിരിക്കാമെന്ന് പഠനം നടത്തേണ്ടിയിരിക്കുന്നു. മതം, രാഷ്ട്രീയം കല, സാഹിത്യം – ഇവിടെയൊന്നും സ്ത്രീവിരുദ്ധരുടെ അഴിഞ്ഞാട്ടത്തിന് ഒരു കുറവും വന്നിട്ടില്ല. എന്തൊക്കെ പറഞ്ഞാലും സ്ത്രീപീഡനത്തിൽ ഒറ്റക്കെട്ടായേ കേരളീയർ നിലകൊള്ളുകയുള്ളൂ എന്നത് വിചിത്രം തന്നെ. രാഷ്ട്രീയ കുബേരന്മാരും താരരാജാക്കന്മാരും അണികളും ആരാധകരും എല്ലാം വിനോദോപാധിയായി സ്ത്രീ തന്നെ വരണമെന്ന് ആഗ്രഹിക്കുന്നു. അങ്ങ് മണിപ്രവാള കാലം മുതൽ തുടങ്ങിയ അവഹേളനം ഇന്ന് ന്യൂജെൻ കാലഘട്ടത്തിലും പിൻതുടരുന്നു എന്നത് അത്ഭുതം തന്നെ . സാഹിത്യം രസിക്കാൻ വേണ്ടിയാണെന്നും അത് സ്ത്രീ വർണ്ണനയിലൂടെ ആവാമെന്നും അന്ന് കരുതിയിരുന്നല്ലോ . ഇന്നാകട്ടെ തിരിച്ചറിവു വന്ന ഒരു വിഭാഗമെന്ന നിലക്ക് സ്ത്രീകളെ വർണ്ണിക്കുക അസാധ്യമാവുകയും അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും തങ്ങൾ കാരണക്കാരാകുകയും ചെയ്യുന്ന ശാരീരിക അവസ്ഥകളെ പറഞ്ഞു പൊലിപ്പിച്ച് ഇക്കിളി കൊള്ളുകയുമാണ് ചെയ്യുന്നത് . അനിഷേധ്യരായി വാഴാമെന്ന മോഹം വെച്ചു കൊണ്ട് ഇക്കൂട്ടർ സ്ത്രീവിരുദ്ധ പ്രസ്താവനകൾ കൊണ്ടു പോലും സ്ത്രീകളുടെ മനോധൈര്യം കൊടുത്താൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നു. ഈ മോഹം ആളിപ്പടരുന്നതിനു മുന്നേ, എത്രയും വേഗം തല്ലിക്കെടുത്തുക തന്നെ വേണം.

മതപരമായ അടിമത്തം ഇപ്പോഴും സജീവമായിത്തന്നെ നിൽക്കുന്നുണ്ട് എന്നതും വിചിത്രം. ആരെങ്ങനെ ജീവിക്കണമെന്ന് മതം തന്നെയാണ് തീരുമാനിക്കുന്നത്. മതാന്ധത മനുഷ്യനെക്കൊണ്ട് എന്തൊക്കെ കോലാഹലമാണ് ചെയ്യിക്കുന്നത്? മതം പോലെ തന്നെ സാഹിത്യവും സിനിമയുമെല്ലാം സ്ത്രീകളുടെ വിധേയത്വം ആഗ്രഹിക്കുന്നുണ്ട്. സാഹിത്യ പുംഗവന്മാർ സ്ത്രീകളുടെ കൃതികൾ ചവറ്റുകൊട്ടയിൽ കിടക്കണമെന്നും സിനിമാക്കാർ സ്ത്രീകൾ തങ്ങളുടെ കിടക്കയിൽ കിടക്കണമെന്നും ആഗ്രഹിക്കുണ്ട്. ഇവരുടെയൊക്കെ അനുയായികളും മൂടുതാങ്ങികളുമായ ഒരു പറ്റം ജനങ്ങൾ ഓഖിയെക്കാൾ ദുരന്തം വിതച്ച് ഇവിടെ ചുറ്റുന്നുമുണ്ട്. പ്രതിരോധത്തിന്റെ അമ്പുകളെടുത്ത് തൊടുക്കാൻ നേരമായി. പ്രതികരിക്കുന്നവരെയും തിരിച്ചറിയുന്നവരേയും ഫെമിനിച്ചി എന്ന ഒറ്റ വാക്കിൽ തകർക്കാൻ ശ്രമിക്കുന്ന ആധിപത്യത്തിൽ പൊതിഞ്ഞ ബാണമാണ് ആണും പെണ്ണും അടങ്ങുന്ന ഒരു കൂട്ടർ എയ്തു വിടുന്നത്. ഫെമിനിച്ചി എന്നു കേൾക്കുമ്പോൾ ഫെമിനിസ്റ്റുകൾ പോലും മോഹാലസ്യപ്പെടുന്നത് അതിശയത്തോടെയേ നോക്കിക്കാണാനാവൂ. എല്ലാ സ്ത്രീവിരുദ്ധ പ്രവണതകളെയും തച്ചുടക്കാനുള്ള ചങ്കൂറ്റം; അനീതികളെ ചെറുക്കാനുള്ള കരുത്ത് – ഇതുകൊണ്ടേ ഇവിടെ ജീവിച്ചു പോവാൻ കഴിയൂ. നാം മുന്നോട്ട് തന്നെ പോവണം നാം മുന്നോട്ടു തന്നെ പോയേ പറ്റൂ.

ചർച്ചാവിഷയം

**സജിത മൊയ്തീൻ**
9497331850

**എഴുത്തുകാരി, ഗാനരചയിതാവ്, സംവിധായിക. ഇപ്പോൾ അഗളി ഗവ: സ്കൂൾ അദ്ധ്യാപിക**



# സേവനരംഗത്ത് ഉറച്ചമനസ്സുമായി ഉമാ പ്രേമൻ

ആതുരസേവനരംഗത്തു സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയാണ് ഉമാ പ്രേമൻ. ജീവിത ദുരിതങ്ങളുടെ കൊടുങ്കാറ്റിനെ അതിജീവിച്ച് രോഗികൾക്കും, ദുഖിതർക്കും, നിരാലംബർക്കും താങ്ങും തണലായി ഒരു വിളിപ്പാടകലെ ഉമാപ്രേമനുണ്ട്. 1971 – ൽ കോയമ്പത്തൂരിൽ ജനനം. പാലക്കാട് കടമ്പുഴ സ്വദേശിയായ അച്ഛനാണ് സേവനപാതയിലേക്കുള്ള കാൽവെയ്പ്പിനു പ്രചോദനമായത്. എം .ബി. ബി. എസ്. പഠനം പാതി വഴിയിൽ നിർത്തേണ്ടി വന്ന നിർഭാഗ്യവാനായ അച്ഛൻ തമിഴ് നാട്ടിൽ എത്തിയപ്പോൾ സിന്ദാമണിപുരത്തെ ഏക ഡോക്ടറുടെ കമ്പോണ്ടറായി മാറി. ചികിത്സ ലഭിക്കാതെ പഴുത്തൊലിക്കുന്ന വ്രണങ്ങളുമായി കിടക്കുന്നവരെ കമ്പോണ്ടർ ബാലകൃഷ്ണൻ വീട്ടിൽ ചെന്ന് തന്നാലാവുന്ന ചികിത്സ നൽകുമായിരുന്നു. അന്ന് അച്ഛനോടൊപ്പം അഞ്ചുവയസുകാരി ഉമയും ഉണ്ടായിരുന്നു. ഉമക്കു ഒൻമ്പതു വയസ്സുള്ളപ്പോൾ അമ്മ തങ്കമണി മറ്റൊരാളെ വിവാഹം ചെയ്തു പോയി. അതോടെ അച്ഛനും അനിയനും വേണ്ടി ഗൃഹനാഥ ആയി മാറേണ്ടി വന്നു.

ഒരിക്കൽ ഉപേക്ഷിച്ചുപോയ അമ്മ വീണ്ടും അവതരിച്ചു മക്കളെ നിയമത്തിന്റെ വഴിയിലൂടെ അച്ഛനിൽ നിന്നും പറിച്ചെടുത്തു. അമ്മ ഉണ്ടാക്കിവെച്ച പ്രശ്നങ്ങൾക്ക് പ്രായശ്ചിത്തമായി തന്നെക്കാൾ പ്രായത്തിൽ ഒരുപാട് അന്തരമുള്ള സിനിമ-നാടക പ്രവർത്തകനായ പ്രേമൻ തൈക്കാടിന്റെ നാലാമത്തെ ഭാര്യ ആവേണ്ടി വന്നു. ജീവിത പങ്കാളിയുടെ രോഗ ദുരിതങ്ങളും ചികിത്സ തേടിയുള്ള നെട്ടോട്ടവുമാണ് ഉമാ പ്രേമനെ ആരോഗ്യ സേവനരംഗത്തേക്ക് വരാൻ പ്രേരിപ്പിച്ചത്. ദുരിതങ്ങൾ നിറഞ്ഞ ഏഴു വർഷത്തെ ദാമ്പത്യത്തിനൊടുവിൽ 1997 ൽ പ്രേമൻ തൈക്കാട് മരണത്തിനു കീഴടങ്ങി.

മദർ തെരേസയെ തേടി പ്ലസ് ടു പഠനകാലത്തായിരുന്നു അച്ഛനെ പോലെ സേവന രംഗത്തേക്ക് കടന്നു വരാൻ മനസ് പ്രേരിപ്പിച്ചത് .കൂടുതൽ ആലോചിക്കാതെ മദർ തെരേസക്ക് കത്തെഴുതി. എനിക്ക് മദറിനെ കാണണമെന്നും, സംസാരിക്കണമെന്നും മദറിനോടൊപ്പം ചേർന്ന്



**ദീനദുഃഖിതരുടെ സ്വന്തം അമ്മയോടൊപ്പം സേവനത്തിൽ മുഴുകാൻ അതിരില്ലാത്ത സന്തോഷവുമായി കൊൽക്കത്തക്ക് ട്രെയിൻ കയറി . പക്ഷെ മദർ നൽകിയ മറുപടി ഇപ്രകാരമായിരുന്നു ' സേവനം ചെയ്യാൻ ഉമ ഇത്രയും ദൂരം വരേണ്ടതില്ല. ഉമയുടെ സ്നേഹവും പരിചരണവും ആവശ്യമുള്ള അനേകം പേർ ഉമക്കു ചുറ്റുമുണ്ട് '.**

പ്രവർത്തിക്കാനാഗ്രഹിക്കുന്നുവെന്നും. വൈകാതെ മറുപടി എത്തി . 'ഉമയെ കാണാൻ മദർ സമ്മതിച്ചിട്ടുണ്ട്' ദീനദുഃഖിതരുടെ സ്വന്തം അമ്മയോടൊപ്പം സേവനത്തിൽ മുഴുകാൻ അതിരില്ലാത്ത സന്തോഷവുമായി കൊൽക്കത്തക്ക് ട്രെയിൻ കയറി . പക്ഷെ മദർ നൽകിയ മറുപടി ഇപ്രകാരമായിരുന്നു ' സേവനം ചെയ്യാൻ ഉമ ഇത്രയും ദൂരം വരേണ്ടതില്ല. ഉമയുടെ സ്നേഹവും പരിചരണവും ആവശ്യമുള്ള അനേകം പേർ ഉമക്കു ചുറ്റുമുണ്ട് '. കൂടാതെ തൃശ്ശൂരിലെ ബിഷപ് ജോസഫ് കുണ്ടുകുളത്തിനു കൊടുക്കാനായി ഒരു കത്തും കൊടുത്തയച്ചു. ഉമ തിരിച്ചു കേരളത്തിലെത്തി ബിഷപ്പിനോടൊപ്പം ഒരു വർഷകാലം മാറാരോഗികളെയും വൃദ്ധരെയും പരിചരിച്ചു.

***ശാന്തി മെഡിക്കൽ ഇൻഫെർമേഷൻ സെന്റർ***

കൃത്യസമയത്തു രോഗം തിരിച്ചറിയാൻ കഴിയാത്തതും ആവശ്യമായ ചികിത്സ ലഭിക്കാത്തതും മൂലമാണ് തനിക്കു ജീവിതപങ്കാളിയെ നഷ്ടമായതെന്നുള്ള സത്യം ഉമയെ ഒരുപാട് വേദനിപ്പിച്ചു. ഇതുപോലുള്ള ദുരന്തം ഇനിയാർക്കും വരരുതെന്ന ഉറച്ച തീരുമാനത്തോടെ 1997 ഓഗസ്റ്റ് 24 ന് തൃശ്ശൂരിൽ 'ശാന്തി മെഡിക്കൽ ഇൻഫെർമേഷൻ സെന്റർ ' ആരംഭിച്ചു. ഏതു രോഗത്തിന് എന്ത് ചികിത്സ ? എവിടെ കിട്ടും ? എന്നീ രോഗികൾക്കാവശ്യമായ വിവരങ്ങൾ നൽകുകയായിരുന്നു ലക്ഷ്യം. എന്നാൽ പിന്നീടങ്ങോട്ട് ശാന്തിയൊരുക്കിയ സേവനങ്ങളും പ്രവർത്തനങ്ങളും ജനങ്ങളെ ദുരിതക്കയത്തിൽ നിന്നും ശാന്തിതീരത്തിലേക്കെത്തിക്കുന്നതു തന്നെയായിരുന്നു. 680 വൃക്കമാറ്റിവെക്കൽ, 20500 ഹൃദയശസ്ത്രക്രിയകൾ, രണ്ടുലക്ഷത്തിൽപരം സൗജന്യ ഡയാലിസിസുകൾ, കേരളത്തിലെ തെരഞ്ഞെടുത്ത ആശുപത്രിയുമായി ചേർന്നു ശാന്തി ഡയാലിസിസ് യൂണിറ്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. തെങ്കാശി, വയനാട് , തിരുനെൽവേലി, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ മൊബൈൽ ഡയാലിസിസ് യൂണിറ്റുകളും നിലവിലുണ്ട്. കേരളത്തിൽ 17 ഡയാലിസിസ് യൂണിറ്റുകളോളം പ്രവർത്തിക്കുന്നുണ്ട്. ശാന്തി മെഡിക്കൽ ഇൻഫെർമേഷൻ സെന്ററിന്റെ ഡയറക്ടർ ഉമാ പ്രേമന്റെ ഉറച്ച തീരുമാനങ്ങളും നിശ്ചയദാർഢ്യവും തളരാത്ത മനസുമാണ് അവരുടെ മുതൽക്കൂട്ട്. ഭർത്താവ് മരിച്ചു 15 ദിവസം കഴിഞ്ഞപ്പോൾ പ്രീ ഡിഗ്രി മാത്രം വിദ്യാഭ്യാസമുള്ള ഉമ 'ശാന്തി ' തുടങ്ങാൻ ഇറങ്ങി തിരിച്ചപ്പോൾ രോഗവിവരങ്ങളും ചികിത്സ ലഭ്യമാകുന്ന ഹോസ്പിറ്റലിനെ കുറിച്ചും ഓടിനടന്നു വിവരങ്ങൾ ശേഖരിച്ചു. എത്ര ആശുപത്രികളിൽ കേറി എത്ര ഡോക്ടർമാരെ കണ്ടു എന്ന് എണ്ണി തിട്ടപ്പെടുത്താൻ സാധിക്കില്ല. ഓരോദിവസം കഴിയുന്തോറും ശാന്തിയിലേക്കു വിളിക്കുന്നവരുടെ എണ്ണം കൂടി കൂടി വന്നു. ഇന്നും ശാന്തി പുതിയ പ്രവർത്തനങ്ങളുമായി സേവനപാതയിൽ യാത്ര തുടരുന്നു.

***അവയവദാനം***

രോഗികളെയും കൊണ്ട് കോയമ്പത്തൂരിലെ

ആശുപത്രിയിലെത്തിയപ്പോഴാണ് കോട്ടപ്പാടിക്കാരൻ സലീലിനെ കാണുന്നത് വൃക്ക തകരാറിലായ ആ അപരിചിതനായ യുവാവ് അനാഥനായിരുന്നു. ആരോരുമില്ലാത്ത എനിക്ക് ആര് വൃക്ക തരാനാണ് ? എന്ന ചോദ്യത്തിന് മുന്നിൽ ഉമാ പ്രേമന് ഒരുപാട് ആലോചിക്കേണ്ടി വന്നില്ല ' ഞാൻ നിങ്ങൾക്കു വൃക്ക തരാം ' അങ്ങനെ 1999 ജൂലൈ 28 ന് നടന്ന ശസ്ത്രക്രിയയിലൂടെ വൃക്ക നൽകി സലീലിനെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവന്നു. പിന്നീട് സലീൽ അവയവദാനത്തിനായി ജനങ്ങൾക്കിടയിൽ ബോധവൽക്കരണവുമായി സഹോദരതുല്യനായി ഉമാ പ്രേമനൊപ്പമുണ്ട്.



***ശാന്തിഗ്രാമമൊരുക്കി അട്ടപ്പാടിയിൽ***

മൂന്ന് വർഷം മുമ്പാണ് അട്ടപ്പാടിയിൽ ഉമാ പ്രേമൻ തന്റെ സേവന പാതക്ക് തുടക്കം കുറിച്ചത്. അഗളി ആദിവാസി ഊരിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കി. ഊരുകളിൽ ഇരുപതോളം ടോയ്‌ലെറ്റുകൾ പണിതു നൽകി. അട്ടപ്പാടിയിൽ ഉമാ പ്രേമൻ താമസിക്കുന്ന ശാന്തിഗ്രാമമെന്ന വാടക കെട്ടിടത്തിൽ പതിനഞ്ചോളം രോഗികളുള്ള ഫിസിയോ തെറാപ്പി യൂണിറ്റ് പ്രവർത്തിക്കുന്നു.

പ്രവാസ ജീവിതത്തിനിടെ ശരീരത്തിന്റെ ചലന ശേഷി നഷ്ട്ടപെട്ട ബീഹാർ സ്വദേശിയായ പ്രദീപ് ശർമക്കു മുഴുവൻ ചികിത്സയും പരിചരണവും നല്കാൻ ഉമാ പ്രേമൻ ദുബായിൽ നിന്ന് അട്ടപ്പാടി ശാന്തി ഗ്രാമത്തിലേക്ക് കൊണ്ടുവന്നു. ബന്ധുക്കൾ പ്രദീപിനെ ജീവനോടെ കാണാൻ സാധിച്ചതിന്റെ സന്തോഷത്തിൽ അട്ടപ്പാടിയിൽ കാണാനെത്തിയിരുന്നു. സാനിറ്ററി നാപ്കിൻ നിർമിച്ചു അട്ടപ്പാടിയിലെ സ്കൂളുകളിൽ സൗജന്യ വിതരണം ചെയ്യുന്നു. ആദിവാസി വിഭാഗത്തിലുള്ള കുട്ടികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്കൂൾ നിർമിച്ചുകൊണ്ടിരിക്കുന്നു. വൈകാതെ ഇ-ലേർണിംഗ് സംവിധാനത്തിലുള്ള ഈ സൗജന്യ സേവനം ആദിവാസി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കും . കൂടാതെ അട്ടപ്പാടി സ്കൂളുകളിൽ നടപ്പിലാക്കിയ പെൺകുട്ടികൾക്കായുള്ള പിങ്ക് ടോയ്‌ലെറ്റ് രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു. ഉമാ പ്രേമന്റെ പിങ്ക് ടോയ്‌ലറ്റിന്റെ മാതൃകയിൽ രാജ്യത്തിലുടനീളമുള്ള സ്കൂളുകളിൽ നിർമിച്ചു നൽകുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

***പുരസ്കാരങ്ങൾ***

സി.എൻ. എൻ. റിയൽ ഹീറോ അവാർഡ് , അക്കാമ്മ ചെറിയാൻ പുരസ്കാരം, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ സ്ത്രീ ശക്തി പുരസ്കാരം ,വനിതാ രത്നം അവാർഡ് , വനിതാ വുമൺ ഓഫ് ദി ഇയർ അവാർഡ് , ഏഷ്യാനെറ്റ് സ്ത്രീ ശക്തി അവാർഡ് തുടങ്ങി അറുപതോളം അവാർഡുകൾ ഉമാ പ്രേമന്റെ സേവനങ്ങൾക്ക് അംഗീകാരമായി ലഭിച്ചിട്ടുണ്ട്.

ചർച്ചാവിഷയം

അഞ്ജലി എസ്.

കേരള മീഡിയ അക്കാദമിയിൽ
ജേർണലിസം വിദ്യാർത്ഥിനി



# സ്വപ്നങ്ങളുടെ നിറക്കൂട്ട്




നിസ്സഹായതയുടെ ചിറകടികൾ ഉയരത്തിൽ പറക്കുന്ന ആരവങ്ങളാക്കാൻ തുനിഞ്ഞ ശബ്ദം.

തന്റെ ജീവിതം ഏത് രീതിയിൽ വേണമെന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ബീന സെബാസ്റ്റ്യൻ ചുറ്റുമുള്ള സ്ത്രീ ജീവിതങ്ങളെ സുരക്ഷിതരാക്കാൻ വിനിയോഗിച്ചു, ആ തീരുമാനം ഇന്ന് നിരവധി സ്ത്രീജീവിതങ്ങൾക്ക് തണലാണ്. കൾച്ചറൽ അക്കാദമി ഫോർ പീസ് എന്ന സ്ഥാപനത്തിന്റെ ചെയർപേർസൺ സ്ഥാനത്തിരുന്ന് അവകാശങ്ങൾ നഷ്ടപ്പെട്ട സ്ത്രീകളുടെ ജീവിതങ്ങൾ നെയ്തെടുക്കുന്ന തിരക്കിലാണവർ.

ശരീരത്തിലേക്കുള്ള കടന്നുകയറ്റങ്ങൾക്കു മുന്നിൽ നിസ്സഹായരായ സ്ത്രീകളുടെ സഖിയായായ് മാറി, അസ്വസ്ഥമായ ജീവിതത്തിന്റെ ഇരുണ്ട ഏടുകളിൽ വെളിച്ചം വീശാൻ നിറഞ്ഞുകത്തുന്ന വിളക്കായ് സ്വയം മാറി അറിവിന്റേയും സുരക്ഷിതത്വത്തിന്റേയും കവചമായി ഈ സൂപ്പർ ലേഡി. വ്യതസ്തമായ ആശയങ്ങളുമായി മുന്നോട്ട് നീങ്ങുന്ന പ്രവർത്തനങ്ങൾ ഇന്ന് ഇന്ത്യക്കകത്തും പുറത്തും പ്രവർത്തിക്കുന്ന പല സംഘടനകൾക്കും മാതൃകയാണ്. പിന്നിട്ട വഴികളിലേക്കെത്തി നോക്കുമ്പോൾ അവരുടെ ഓർമ്മയിൽ നിറയുന്നത് പല മുഖങ്ങളാണ് പല ജീവിതങ്ങളും. അപൂർണ്ണമായ സ്വപ്നങ്ങൾക്ക് നിറം ചാലിക്കാൻ, കണ്ണുനീരൊപ്പാൻ, സഖിയാവാൻ അവർ തീരുമാനിച്ചു. വർഷങ്ങൾ പിന്നിട്ട വിജയയാത്രയിലൂടെ വീണ്ടുമൊരു പ്രയാണം.

*നിരാലംബരായ സ്ത്രീകളുടെ ശബ്ദമാവാനുള്ള പ്രചോദനം എന്തായിരുന്നു ?*

എന്റെ ഔദ്യോഗിക ജീവിതം തുടങ്ങുന്നത് ഒരു അദ്ധ്യാപികയായിട്ടാണ്. അദ്ധ്യാപനജീവിതത്തിനിടയിലാണ് ഇടം നഷ്ടപ്പെടുന്നവരെ പറ്റി അറിയുന്നത്. ഇടം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത് അവരുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കാനും അത് പരിഹരിക്കാനും ആരുമില്ല എന്നതാണ്. ചില സാഹചര്യങ്ങളിൽ അവർക്ക് തന്നെ അറിയില്ല അവർക്ക് പ്രശ്നങ്ങളുണ്ടെന്ന്, അവർക്ക് ശബ്ദിക്കാൻ അറിയില്ല. നിരന്തരമായി അങ്ങനെയുള്ളവരെ കാണാൻ തുടങ്ങിയപ്പോൾ എനിക്കുള്ള ചെറിയ അറിവുകളും അവർക്കാണ് നൽകേണ്ടതെന്ന് തിരിച്ചരിഞ്ഞു. ആ തിരിച്ചറിവാണ് എന്നെ മുന്നോട്ട് നയിച്ചത്. പ്രതികരണശേഷിയില്ലാത്ത അടിച്ചമർത്തപ്പെട്ട സ്ത്രീകൾക്കൊപ്പം നിൽക്കാൻ ഞാൻ തീരുമാനിച്ചു.

*എങ്ങനെയാണ് ഈ വഴിയിലേക്കുള്ള യാത്ര ആരംഭിച്ചത് ?*

ഞാൻ ജനിച്ചത് കോട്ടയത്ത് ഒരു ആശ്രമത്തിലാണ്. അത് നടത്തിയിരുന്നത് എന്റെ അച്ഛൻ തന്നെയായിരുന്നു. ആ ചുറ്റുപാടിൽ വളർന്നതുകൊണ്ട് സാമൂഹ്യ പ്രതിബദ്ധത ചെറുപ്പംമുതൽക്കെ ഉണ്ടായിരുന്നു. ചുറ്റും നടക്കുന്ന കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ എനിക്കാവില്ലായിരുന്നു. പിന്നീട് വിവാഹം കഴിഞ്ഞ് കൊച്ചിയിൽ എത്തിയപ്പോൾ പ്രവർത്തനങ്ങൾക്ക് വലിയ വേദികിട്ടി.1990കളിൽ തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്കെത്തിയ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ലൈഫ് സ്കിൽസിനെക്കുറിച്ച് ക്ലാസുകൾ എടുത്തിരുന്നു. ഈ ഉദ്യമമാണ് പ്രവർത്തനങ്ങൾ സംഘടിത രീതിയിലാവുന്നതിന്റെ തുടക്കം. ഈ യാത്ര ഇന്ന് കൾച്ചറൽ അക്കാദമി ഫോർ പീസ് എന്ന എൻ.ജി.ഒ യിൽ എത്തി നിൽക്കുന്നു.

*കൾച്ചറൽ അക്കാദമി ഫോർ പീസ് എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?*

കൾച്ചറൽ അക്കാദമി ഫോർ പീസ് ഒരു സർക്കാർ



ഇതര സംഘടനയാണ്. ഈ സംഘടനയുടെ ലക്ഷ്യം സ്ത്രീസുരക്ഷയുള്ള സമൂഹമാണ്. അതിനായി സർക്കാരിന്റേയും കോടതിയുടേയും പ്രവർത്തനങ്ങളിൽ പങ്കുചേരുന്നുമുണ്ട് ഞങ്ങൾ. അതിന്റെ ഫലമാണ് നിർഭയ, ഉജ്ജ്വല, സഖി, ശാന്തിഭവൻ എന്നീ പദ്ധതികളുടെ വിജയം. ലൈംഗികാതിക്രമങ്ങളുടെ ഇരകളായവർക്ക് താമസിക്കാൻ സുരക്ഷിതമായ സൗകര്യം, നിയമസഹായം, ഇതിനെല്ലാം പുറമേ ആ മാനസികാവസ്ഥയിൽ അവർക്കാവശ്യമായ കൂട്ട് ഇതെല്ലാമാണ് സഖി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ 2012 മുതൽ

**അദ്ധ്യാപനജീവിതത്തിനിടയിലാണ് ഇടം നഷ്ടപ്പെടുന്നവരെ പറ്റി അറിയുന്നത്. ഇടം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത് അവരുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കാനും അത് പരിഹരിക്കാനും ആരുമില്ല എന്നതാണ്. ചില സാഹചര്യങ്ങളിൽ അവർക്ക് തന്നെ അറിയില്ല അവർക്ക് പ്രശ്നങ്ങളുണ്ടെന്ന്, അവർക്ക് ശബ്ദിക്കാൻ അറിയില്ല. നിരന്തരമായി അങ്ങനെയുള്ളവരെ കാണാൻ തുടങ്ങിയപ്പോൾ എനിക്കുള്ള ചെറിയ അറിവുകളും അവർക്കാണ് നൽകേണ്ടതെന്ന് തിരിച്ചരിഞ്ഞു. ആ തിരിച്ചറിവാണ് എന്നെ മുന്നോട്ട് നയിച്ചത്. പ്രതികരണശേഷിയില്ലാത്ത അടിച്ചമർത്തപ്പെട്ട സ്ത്രീകൾക്കൊപ്പം നിൽക്കാൻ ഞാൻ തീരുമാനിച്ചു.**

നടത്തിവരുന്ന പദ്ധതിയാണ് ഉജ്ജ്വല, ലൈംഗികചൂഷണങ്ങൾക്ക് ഇരയായവരുടെ പുനരധിവാസമാണ് ഇതിന്റെ ലക്ഷ്യം.2014ൽ ആരംഭിച്ച നിർഭയയിൽ 25 പെൺകുട്ടികൾക്ക് സംരക്ഷണം നൽകുന്നുണ്ട്. ഞങ്ങളുടെ അടുത്തെത്തുന്ന ഓരോ സ്ത്രീക്കും പറയാനുള്ളത് ദുരവസ്ഥകളുടെ പൊള്ളുന്ന കഥകളാണ്. അവരുടെ മുന്നോട്ടുള്ള ജീവിതം സന്തോഷത്താൽ നിറച്ച് അതിന് സുരക്ഷിതത്വത്തിന്റെ കോട്ടകെട്ടാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.



*നിർഭയ സംഭവം  പ്രതിരോധിക്കാൻ ആളുകളെ തെരുവുകളിൽ എത്തിച്ചു. എന്നാൽ ഈ പ്രതിരോധങ്ങൾക്കൊന്നും ജിഷയുടെ വിധി മാറ്റാനായില്ല. പെൺകുട്ടികൾ വീടിനുള്ളിൽ പോലും സുരക്ഷിതരല്ല. എന്താണ് ഇതിന് പരിഹാരം ?*

പരിഹാരം കാണേണ്ടത് നാം ഉൾപ്പെട്ട സമൂഹമാണ്. ഓരോ കുട്ടിയേയും സ്വയംപര്യാപ്തരാക്കണം, തെറ്റും ശരിയും വേർതിരിച്ചറിയാൻ അവർ പ്രാപ്തരാവണം. മാതാപിതാക്കളും കുട്ടികളുമായി നല്ല രീതിയിലുള്ള ആശയവിനിമയം വേണം. ഇതിലൂടെ നല്ലൊരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് സാധിക്കും. റേപ്പിസ്റ്റുകളും മനുഷ്യരാണ്. ഒരു മനുഷ്യനെ അങ്ങനെയാക്കുന്നതിൽ സമൂഹത്തിന് വല്യ പങ്കുണ്ട്. എന്നാൽ സമൂഹത്തെ കുറ്റപ്പെടുത്തി സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രതികരിക്കുന്നത് യാതൊരു ചലനങ്ങളും ഉണ്ടാക്കില്ല. ഇനിയൊരു ജിഷയോ സൗമ്യയോ ഉണ്ടാവാതിരിക്കാൻ നമുക്കെന്തു ചെയ്യാൻ കഴിയും എന്നാലോചിക്കണം. സാമൂഹ്യ പുരോഗതി ഉന്നംവെച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന പല സംഘടനകളും ഉണ്ട്, ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അവർക്കൊപ്പം പ്രവർത്തിക്കാൻ സർക്കാർ തയ്യാറാവണം അതിലൂടെ ഒരു മാറ്റം കൊണ്ടുവരാൻ സാധിക്കും എന്നാണ് എന്റെ വിശ്വാസം. സംഘടിക്കുവിൻ ശക്തരാകുവിൻ എന്നല്ലേ?

*നമ്മുടെ നിയമ വ്യവസ്ഥിതിയിൽ ഇരകൾക്ക് നീതി ലഭിക്കുന്നുണ്ടോ ?*

രണ്ടാമതൊന്നാലോചിക്കാതെ പറയാം ഇല്ല, നിയമപരമായും സാമൂഹ്യപരമായും അവർക്ക് നീതി നഷേധിക്കപ്പെടുന്നു. എന്റെ അനുഭവത്തിൽ നിന്ന് ഒരു ഉദാഹരണം പറയാം, വിതുര കേസിലെ പെൺകുട്ടി ഞങ്ങളുടെയൊപ്പം ഉണ്ടായിരുന്നതാണ്. ആ കുട്ടി ഒരു കെണിയിൽ അകപ്പെട്ടതായിരുന്നു അവൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു പല തവണ പല മനുഷ്യരാൽ. എന്നിട്ടും സമൂഹം അവളോട് ചോദിച്ച ചോദ്യമുണ്ട്. ഒരു പക്ഷേ അതായിരിക്കാം അവളെ കൂടുതൽ തളർത്തിയത്. എന്തിനാ ഇത്രയും പീഡനം സഹിച്ച് അവിടെ നിന്നത് ഓടിരക്ഷപ്പെട്ടുകൂടായിരുന്നോ എന്ന്. ആ ഒരു സാഹചര്യത്തിൽനിന്ന് എളുപ്പത്തിൽ രക്ഷപ്പെടാനാവില്ല എന്ന് നമുക്കറിയാം എന്നിട്ടും അവളെ കുറ്റപ്പെടുത്താൻ ആവേശം കൊള്ളുന്നു. പിന്നെ അവൾക്ക് ലഭിച്ച നീതിയുടെ കഥ നമുക്കെല്ലാം അറിയുന്നതാണല്ലൊ. പഴഞ്ചൊല്ലിൽ പതിരില്ലെന്ന് വിശ്വസിക്കുന്ന സമൂഹം ഇലയുടേയും മുള്ളിന്റേയും കഥ പറഞ്ഞ് അനീതിക്കു നേരെ കണ്ണടയ്ക്കുന്നു.

*സെക്സ് എഡ്യുക്കേഷൻ നൽകാത്തത് ഒരു പരിധിവരെ ഇതിനെല്ലാം കാരണമല്ലേ?*

തീർച്ചയായും നമ്മുടെ കുട്ടികൾക്ക്  അതിന്റെ കു

**മാതാപിതാക്കളും കുട്ടികളുമായി നല്ല രീതിയിലുള്ള ആശയവിനിമയം വേണം ഇതിലൂടെ നല്ലൊരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് സാധിക്കും. റേപ്പിസ്റ്റുകളും മനുഷ്യരാണ് ഒരു മനുഷ്യനെ അങ്ങനെയാക്കുന്നതിൽ സമൂഹത്തിന് വല്യ പങ്കുണ്ട്. എന്നാൽ സമൂഹത്തെ കുറ്റപ്പെടുത്തി സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രതികരിക്കുന്നത് യാതൊരു ചലനങ്ങളും ഉണ്ടാക്കില്ല.**

റവ് വലിയതോതിൽ ഉണ്ട്. പുറം രാജ്യങ്ങളിൽ നിന്ന് നമ്മൾ പകർത്തേണ്ട രീതീകൾ ഉണ്ട്, യൂറോപ്യൻ രാജ്യങ്ങളിൽ എല്ലാം സെക്സ് എന്നത് ഒരു നിഗൂഢ വാക്കല്ല അവർക്കത് ജീവിതത്തിന്റെ ഭാഗമാണ്. സെക്സ് എഡ്യുക്കേഷൻ കൃത്യസമയത്ത് നൽകാത്തത് കുട്ടികളിൽ പല സംശയങ്ങളും ഉളവാക്കുന്നു. സംശയനിവാരണം നമ്മൾ തന്നെ നടത്തിയാൽ അവർ പല വഴിക്ക് അതിന് തുനിയില്ല. എതിർ ലിംഗത്തോട് തോന്നുന്ന ആസക്തിയായി മാത്രം ലൈംഗികതയെ കാണുന്ന പ്രവണത മാറ്റി അവരിൽ ലൈംഗികതയെ പറ്റി അവബോധം സൃഷ്ടിക്കണം. ഇത് വിദ്യാലയങ്ങളിൽ നിന്ന് മാത്രമല്ല ഓരോ വീട്ടിൽ നിന്നും കുട്ടികൾക്ക് നൽകണം എന്നാണ് എന്റെ അഭിപ്രായം.

*നമ്മുടെ രാജ്യത്ത് ലിംഗനീതിയുണ്ടോ ?*

നമ്മുടെ സമൂഹത്തിന്റെ ഇരുണ്ട ഏടായി ഞാൻ കണക്കാക്കുന്നത് ലിംഗ വിവേചനമാണ്. എനിക്ക് തോന്നുന്നു ഈ വിവേചനത്തിന്റെ അളവ് കുറഞ്ഞാൽ തന്നെ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ പിടിച്ചുനിർത്താനാവും. ഒരു കുട്ടിക്ക് വാങ്ങുന്ന കളിപ്പാട്ടത്തിൽ തുടങ്ങുന്നു വേർതിരിവുകൾ, ഇതിനാണ് അടിയന്തരമായ മാറ്റം വേണ്ടത്.

ഓരോ കുടുംബത്തിലും, മതത്തിലും, വിദ്യാലയത്തിലും എല്ലാം ബോധവത്കരണം നടത്തണം. ആൺ പെൺ വ്യത്യാസമില്ലാതെ കുട്ടികളെ വ്യക്തികളായി കാണാൻ പഠിപ്പിക്കണം. ലിംഗ നീതി നിയമത്തിൽ ഒതുങ്ങി നിൽക്കുന്നു. അത് പ്രചാരത്തിൽ കൊണ്ടുവരണം. നീ ഒരു പെണ്ണാണ് എന്ന വാചകം അതാണ് ഏറ്റവും വലിയ സ്ത്രീവിരുദ്ധത. സ്ത്രീകളുടെ ഉന്നമനവും ഉയർച്ചയും ഉറപ്പാക്കാനും പുരുഷവിരുദ്ധത തടയാനും ലിംഗനീതി ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

*ഈ കാലഘട്ടത്തിലെ ഫെമിനിസത്തെ കുറിച്ചുള്ള അഭിപ്രായം ?*

ഫെമിനിസത്തിന് കാലഘട്ടമനുസരിച്ച് മാറ്റമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല മറിച്ച് ഫെമിനിസം സമൂഹത്തിന് മാറ്റം വരുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. ഫെമിനിസം പല തരത്തിലുണ്ട്, യൂറോപ്പിൽ എനിക്ക് ചില സുഹൃത്തുകളുണ്ട് അവർ എകസ്ട്രീം ഫെമിനിസ്റ്റുകളാണ്. ഞാനേതെങ്കിലും പുരുഷൻമാരോട് സംസാരിക്കുന്നതു കണ്ടാൽ പോലും അവർക്ക് സംശയമാണ്. എനിക്ക് ഫെമിനിസം എന്നാൽ പുരുഷ വിദ്വേഷമല്ല, സ്ത്രീശാക്തീകരണമാണ്. മീടു എന്ന കാംപെയിൻ ഒരു വിളിച്ചു പറയലായിരുന്നു എന്നാൽ ആ തുറന്നുപറച്ചിലുകൾക്ക് പകരം കിട്ടിയത് അസഭ്യവർഷമായിരുന്നു.

*തുറന്നുപറച്ചിലുകളെ ഭയക്കുന്നോ സമൂഹം ?*

ഞാനും ഒരു ഇരയാണെന്ന് തുറന്നുപറയുന്നത് പ്രശംസനീയം തന്നെ, എന്നാൽ സമൂഹമാധ്യമങ്ങളിലെ തുറന്നുപറച്ചിൽ അല്ലാതെ അവർ മറ്റെന്തെങ്കിലും ചെയ്തോ റേപ്പ് എന്ന വാക്ക് ആവർത്തിക്കാനല്ല, ഇനി ഒരാൾക്ക് ഈ അനുഭവം ഉണ്ടാവാതിരിക്കാൻ എന്ത് ചെയ്യണമെന്നാണ് നാം ചിന്തിക്കേണ്ടത്.

*സാമൂഹ്യസവേനത്തോട് പുതിയ തലമുറയുടെ സമീപനം എന്താണ് ?*

**എതിർ ലിംഗത്തോട് തോന്നുന്ന ആസക്തിയായി മാത്രം ലൈംഗികതയെ കാണുന്ന പ്രവണത മാറ്റി അവരിൽ ലൈംഗികതയെ പറ്റി അവബോധം സൃഷ്ടിക്കണം. ഇത് വിദ്യാലയങ്ങളിൽ നിന്ന് മാത്രമല്ല ഓരോ വീട്ടിൽ നിന്നും കുട്ടികൾക്ക് നൽകണം എന്നാണ് എന്റെ അഭിപ്രായം.**

പുതിയ തലമുറയിലെ ഒരുഭാഗം സമൂഹത്തിലെ മാറ്റങ്ങൾക്കായി പ്രവർത്തിക്കുന്നു . അവർ എല്ലാ പ്രശ്നങ്ങളെക്കുറിച്ചും ബോധവാന്മാരാണ് എന്നാൽ മറ്റൊരു വിഭാഗം പുസ്തകപ്പുഴുക്കളായി ജീവിതം തീർക്കുന്നു. പിന്നെ എല്ലാവർക്കും ജീവിക്കാൻ പണം വേണം സാമൂഹ്യ സേവനത്തിൽ ബിരുദാനന്തരബിരുദം നേടിയെത്തുന്ന ഉദ്യോഗാർഥികൾക്ക് അവർ അർഹിക്കുന്ന വേതനം നൽകാൻ സർക്കാർ തയ്യാറാവണം. കാരണം ഇന്ത്യക്ക് പുറത്ത് അവർക്ക് അഞ്ചക്ക ശമ്പളം ലഭിക്കുന്നുണ്ട്. ഈ പ്രശ്നം സാമൂഹ്യ സേവനം പഠിക്കാനും ഈ രംഗത്ത് പ്രവർത്തിക്കാനും താത്പര്യമുള്ള കുട്ടികളെ പിന്തിരിപ്പിക്കുന്നു.

ഒരു സിനിമയിൽ ചോദിച്ച ചോദ്യമാണ് who defines the expiry date of a woman's dream?

സ്ത്രീ തന്നെയാവണം അത് നിശ്ചയിക്കേണ്ടത്, ആത്മധൈര്യവും ദൃഢനിശ്ചയവും ഉള്ള എല്ലാ സ്ത്രീകൾക്കും സ്വന്തമായും സ്വതന്ത്രമായും ചിന്തിക്കാൻ കഴിയും. അതിന് കഴിയാത്ത സ്ത്രീകളെ പ്രാപ്തരാക്കാൻ മറ്റു സ്ത്രീകൾ ശ്രമിക്കണം. ഇന്ന് പല വേദികളിലും സ്ത്രീ സാന്നിധ്യം വർദ്ധിച്ചുവരുന്നത് ഒരു ശുഭ സൂചനയാണ്. എന്റെ കുടുംബത്തിന്റെ പൂർണ്ണ പിന്തുണയോടെയാണ് ഞാൻ പ്രവർത്തിക്കുന്നത്, എന്റെ ഭർത്താവ് നിഴലായ് ഒപ്പമുണ്ട്. എനിക്ക് രണ്ട് പെൺകുട്ടികളാണ്. എന്റെയടുത്തെത്തുന്ന ഓരൊ കുട്ടിയും എനിക്കവരെപ്പോലെയാണ്. എന്റെ സ്വപ്നങ്ങൾക്ക് അതിരില്ല ഇനിയും പലതും ചെയ്യാനുണ്ട്, ചെയ്ത് തീർക്കാൻ ആയുസ്സും ആരോഗ്യവും ഉണ്ടാവണേ എന്നാണ് പ്രാർഥന.

വഴിത്താരകൾ

കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക



ജാനകി

# 'പളനിക്ക് കടലമ്മ കൊടുത്ത ഒരു കൊമ്പൻ സ്രാവു പോലെയാണ് പ്രവാസം' (ഡോണ മയൂര)*




ഒരു പക്ഷെ, ഈ കുറിപ്പ് കടൽ എന്ന പ്രമേയത്തിന് ചുറ്റും നെയ്തെടുക്കപ്പെട്ട കഴിഞ്ഞ ലക്കം സംഘടിതയിലായിരുന്നു ഉണ്ടാവേണ്ടിയിരുന്നത് . എസ്.മായയുടെ Changing Perspectives Among Indian Diaspora in Germany: Culture and Gender എന്ന പുസ്തകത്തെക്കുറിച്ച് എഴുതാനിരിക്കുമ്പോൾ , എനിക്കോർമ്മ വന്നത് സ്കൂളിലും കോളേജിലും എന്റെ കൂടെ പഠിക്കാനെത്തിയ മറുനാടൻ മലയാളികളുടെ പെൺമക്കളെയാണ്. ശൈശവവും ബാല്യവുമെല്ലാം യൂറോപ്പിലും അമേരിക്കയിലും അച്ഛനമ്മമാർക്കൊപ്പം ആഘോഷത്തോടെ ചിലവിട്ട പെൺകുട്ടികളെ, കൗമാരപ്രായമാകുമ്പോൾ കേരളത്തിലെ ഹോസ്റ്റൽ മുറികളിൽ ബന്ധിപ്പിച്ച് , ഇന്ത്യൻ സംസ്കാരത്തിന്റെ മനോഹാരിതകളെ പഠിപ്പിച്ച് ,ഒരിന്ത്യൻ വിവാഹജീവിതത്തിനു ഒരുക്കി എടുക്കുക എന്ന ദയാശൂന്യമായ ആചാരം എൺപതുകളിൽ


സാധാരണമായിരുന്നു.

അത്ര കാലം മറ്റൊരു രീതിയിൽ ജീവിച്ചു വളർന്ന കുട്ടികൾ പുതിയ സാഹചര്യത്തിൽ പൊരുത്തപ്പെടാനാവാതെ കൈകാലുകൾ ഇട്ടടിക്കുന്നതു അന്ന് തന്നെ ശ്രദ്ധിച്ചിരുന്നു. അന്ന് ഞങ്ങൾ കണ്ട് അനുഭവിച്ചറിഞ്ഞ ചെറിയ അമ്പരപ്പുകൾക്കും വലിയ വിങ്ങലുകൾക്കും ഉത്തരം കണ്ടെത്താനും, ഒരു സൈദ്ധാന്തിക പരിപ്രേക്ഷ്യം ഉണ്ടാക്കാനുമുള്ള ശ്രമമാണ്, മായയുടെ മേൽ സൂചിപ്പിച്ച പുസ്തകം. ജർമ്മനിയിലെ ഫ്റേയ്ബർഗ് സർവകലാശാലയിൽ നിന്ന് സോഷ്യോളജിയിൽ ഡോക്ടറേറ്റ് ബിരുദം നേടിയ മായ, കേരളവർമ്മ കോളേജിലെ ഫിലോസഫി വിഭാഗം അദ്ധ്യാപികയാണ് . തത്വചിന്തയുടെ തെളിച്ചങ്ങൾ സാമൂഹ്യ, ശാസ്ത്ര ഗവേഷണ രീതിയ്ക്ക് വ്യത്യസ്തമായ മാനങ്ങൾ നൽകുന്നത് ഗവേഷണ കുതുകികളെ ഏറെ പ്രചോദിപ്പിക്കുന്ന പ്രക്രിയയാണ്.

കുടിയേറ്റങ്ങളിലൂടെയാണ് മറ്റേതൊരു ജനതയേയും പോലെ കേരളവും സ്വന്തം പരാധീനതകളെ അതിജീവിച്ചിട്ടുള്ളത് . സ്വന്തം സാധ്യതകളെ തിരിച്ചറിയുകയും, വിപുലീകരിക്കുകയും ചെയ്തിട്ടുള്ളത്. വ്യത്യസ്ത കാലഘട്ടങ്ങളിൽ കൊളമ്പും, മലേഷ്യയും, ഗൾഫും, അമേരിക്കയും നമ്മുടെ ദൈനംദിന ജീവിതങ്ങളുടെ ഭാഗമായി തീർന്നിട്ടുണ്ട്. മലയാളി സംസ്കാരം ഒന്നല്ല പലതാണ് എന്ന് ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ള സാംസ്കാരിക വിനിമയങ്ങൾ കേരളവും ഇതരരാജ്യങ്ങളും തമ്മിൽ നടന്നിട്ടുണ്ട്. തലമുറകളായി നടന്നു വരുന്ന ആ വിനിമയത്തിന്റെ ഒരേടു മാത്രമാണ് ഈ പുസ്തകത്തിൽ പരിശോധിക്കുന്നത്. പക്ഷേ വിഭിന്ന സമുഹങ്ങളിൽ, ലിംഗപദവികൾ തമ്മിലുള്ള വ്യത്യാസങ്ങൾ പ്രത്യേക വീക്ഷണകോണുകളായി തന്നെ മാറുന്നു. ഒരു സവിശേഷ ലിംഗ വ്യവസ്ഥയിൽ നിന്ന് മറ്റൊരു സംവിധാനത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന പരിണാമങ്ങൾ, ആത്മീയസംഘർഷങ്ങൾ , മാനസികമായ ആഘാതങ്ങൾ എല്ലാം ഗൗരവമായ ശ്രദ്ധ അവകാശപ്പെടുന്നുണ്ട്..

വിൻഷീൽഡ് പ്രസ്സ് 2017-ൽ പുറത്തിറക്കിയ ഈ പുസ്തകം വിശദമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. ജെണ്ടർ പഠനങ്ങൾ നടത്തുന്നവരേയും ഗവേഷണത്തെ ജ്ഞാനോത്പാദനത്തിലെ ഒരു പ്രധാന കൈവഴിയായി കാണുന്നവരേയും ഒരുപോലെ ആകർഷിക്കുന്ന ഉൾക്കാഴ്ചകളും ചോദ്യങ്ങളും മായ ഉയർത്തുന്നുണ്ട്.

സംസ്കാരം എന്ന പരികല്പനയുടെ ചരിത്രപരതയിലേക്കും സങ്കീർണ്ണതയിലേക്കും കടക്കാൻ ഈ അന്വേഷണം മായയെ




നിർബ്ബന്ധിക്കുന്നുണ്ട്. കുടിയേറ്റക്കാർ അവർ കുടിയേറുന്ന രാജ്യങ്ങളേയും സാരമായി സ്വാധീനിച്ചിട്ടുണ്ട്. അവരുടെ നോവുകളും നൊമ്പരങ്ങളും കഥകളും, കവിതകളും, നോവലുകളുമായിട്ടുണ്ട്. പക്ഷേ കേരളത്തിൽ നിന്നും പ്രവാസി സ്ത്രീകളുടെ സാഹിത്യം ഉണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. ആ സംശയം സ്വാഭാവികമായും അത്ഭുതം ഉളവാക്കുന്നുണ്ട്.

തെക്കേ ഇന്ത്യയിൽ നിന്നും എത്തിയത് മിക്കവരും നഴ്സുമാരാണ്. മോശപ്പെട്ട സാമ്പത്തികാവസ്ഥയിൽ നിന്ന് ഇവിടെ എത്തി ഉപരിവർഗ്ഗമായി മാറിയ അനവധി പേരുണ്ട്.

ഉത്തരേന്ത്യയിൽ നിന്നു വന്ന ഏറിയ പങ്കും വിവാഹശേഷം എത്തിയവരാണ്. അഭ്യസ്തവിദ്യർ. സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിൽ നിന്നും വന്നവർ. വൃദ്ധർക്ക് സാമൂഹ്യപരിരക്ഷ നൽകുന്നുണ്ടെങ്കിലും കടുത്ത ഏകാന്തത അവരെ അലട്ടുന്നുണ്ട്.

ഭക്ഷണം ലിംഗപരമായി നിർവ്വചിക്കപ്പെട്ടിരിക്കുന്നു. വിദേശ സംസ്കാരങ്ങളിൽ ഭക്ഷണം തയ്യാറാക്കുന്നതിൽ ആൺ പെൺ ഭേദമില്ല.ഇന്ത്യയിൽ സ്ത്രീയും ഭക്ഷണവും ദൃഢമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

ജർമ്മൻ ഭാഷയിലൂടെയാണ് അവിടെ കുടിയേറി പാർത്തിരിക്കുന്ന ഇന്ത്യൻ സമുദായങ്ങൾ പരസ്പരം ഇണക്കപ്പെട്ടിരിക്കുന്നതെന്ന

വൈചിത്ര്യം നമ്മുടെ ദേശീയതയുടെ കൗതുകകരമായ സവിശേഷതകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.ഭാഷയിലൂടെയാണ് ഒരു വിദേശ സംസ്കാരത്തെ ഉൾക്കൊള്ളാനും സ്വാംശീകരിയ്ക്കാനും ഏതൊരു കുടിയേറ്റ ജനതയും ശ്രമിക്കുന്നത്.ആ ഭാഷയിൽ ലിംഗവിവേചനത്തിന്റെ പ്രത്യക്ഷ അടയാളങ്ങളുടെ അഭാവം, മറ്റൊരു ഐഡൻറ്റിറ്റി വാർത്തെടുക്കാൻ ശ്രമിക്കുന്ന കുടിയേറ്റക്കാർക്ക് ശ്രമകരമായ പരീക്ഷണമാണ്. സ്ത്രീത്വവും പൗരുഷവും ഒരു പോലെ മാറിക്കൊണ്ടേയിരിക്കുന്നു .

ഇന്ത്യൻ-ജർമ്മൻ മിശ്രവിവാഹങ്ങൾ പലവിധത്തിലുള്ള സമസ്യകൾ ഉയർത്തിയിട്ടുണ്ട്. ഇന്ത്യൻ രീതികളിലേയ്ക്ക് ജർമ്മൻ ഭാര്യയെ അനുശീലിപ്പിച്ചെടുക്കുക എന്നത് അഭിമാനകരമായ ദൗത്യമായി കാണുന്നവരായിരുന്നു ആദ്യ തലമുറ പ്രവാസികളിൽപ്പെട്ട ഇന്ത്യൻ പുരുഷന്മാർ മിക്കവരും എന്ന് മായയുടെ ഫീൽഡ് വർക്ക് പറയുന്നു. ആയിരത്തി തൊള്ളായിരത്തി അമ്പതുകളിലും അറുപതുകളിലും വന്ന മിക്കവാറും സ്ത്രീകൾ കന്യാസ്ത്രീകളും നഴ്സുമാരുമായിരുന്നു. വിവാഹം ചെയ്യാതെ ഒറ്റയ്ക്ക് ജീവിക്കാൻ സന്തോഷത്തോടെ തീരുമാനിച്ച സ്ത്രീകളുണ്ട് അവരുടെ കൂട്ടത്തിൽ. അവർക്ക് സമൂഹത്തിൽ അന്തസ്സും സ്വീകാര്യതയുമുണ്ട്. ഇന്ത്യയുടെയും ജർമ്മനിയുടേയും പൂർവ്വകാല ചരിത്രങ്ങളെക്കുറിച്ച് തികഞ്ഞ ബോദ്ധ്യമുള്ളവരും, ഇന്ത്യൻ സംസ്കാരത്തെ വിലമതിക്കുമ്പോഴും ഇവിടുത്തെ സമൂഹങ്ങളിൽ രൂഢമൂലമായ ആൺപ്രബലതയോട് കൂറുപുലർത്താത്തവരുമായിരുന്നു ഇവരെന്ന് ഗവേഷക സൂചിപ്പിക്കുന്നു. സ്ത്രീവിരുദ്ധതയും പുരുഷമേൽക്കോയ്മയും സംസ്കാരത്തിന്റെ അവിഭാജ്യഘടകമല്ലെന്ന് വ്യക്തമാക്കുന്ന ജീവിത പരീക്ഷണങ്ങളും അവയുടെ രേഖപ്പെടുത്തലുകളുമാണ് നമുക്ക് അനുഭവവേദ്യമാകുന്നത്.

ഇന്ത്യൻ സമൂഹങ്ങളുടെ വൈവിധ്യം അവയുടെ ലിംഗവ്യവസ്ഥകളിലും നിഴലിക്കുന്നുണ്ട്. സമാനതകൾക്കപ്പുറം, വ്യത്യാസങ്ങളിലൂടെയാണ് ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിങ്ങളും, പാഴ്സികളും മറ്റനേകം വിശ്വാസങ്ങളും ആൺ-പെൺ നിർമ്മിതികൾ നടത്തുന്നത്. ഹിന്ദു സ്ത്രികൾ പടിഞ്ഞാറൻ രാജ്യങ്ങളിൽ ജീവീക്കുമ്പോൾ പ്രത്യക്ഷത്തിലുള്ള മതചിഹ്നങ്ങൾ ഒഴിവാക്കുന്നു. ഉദാഹരണത്തിന് സുമംഗലികൾ നെറ്റിയിൽ ചാർത്തുന്ന സിന്ദൂരപ്പൊട്ടും, വിശ്വാസികൾ വിഭൂതിയും വേണ്ടെന്നു വെക്കുന്നു. എന്നാൽ മുസ്ലിം സ്ത്രീകൾ മതചിഹ്നങ്ങൾ വേണ്ടെന്ന് വെയ്ക്കുന്നില്ല. കുടിയേറ്റരീതികളിൽ പ്രാദേശിക വ്യത്യാസങ്ങളുണ്ട്. പഞ്ചാബിൽ നിന്ന് 1984ന് ശേഷമാണ് കുടിയേറ്റങ്ങൾ വർദ്ധിക്കുന്നത്.

സ്ത്രീകളെ ആശ്രയിക്കുന്ന പുരുഷന്മാരാണ് ഇന്ത്യയിൽ . അവർ സ്വയംപര്യാപ്തരല്ല. ഈ വിമർശനം ലിംഗാവസ്ഥകളും സ്വാശ്രയത്വവും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള സ്ഥിരംപല്ലവികളെ പറ്റി വേറിട്ട് ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. വീട്ടിലെ സ്ത്രീ അനങ്ങിയില്ലെങ്കിൽ തീർത്തും നിസ്സഹായനായി മാറുന്ന, അന്നംമുട്ടുന്ന പുരുഷൻ എത്ര തന്നെ സ്വതന്ത്രനാണ്?

രണ്ടാം തലമുറയിലെ കുട്ടികൾ, മനസ്സിൽ ഇന്ത്യയുടെ കലാരൂപങ്ങളെയും സൗന്ദര്യ സങ്കൽപങ്ങളെയും കൊണ്ടു നടക്കുമ്പോഴും, ഇവിടുത്തെ ഞെരുക്കങ്ങളിൽ ജീവിക്കാൻ ഇഷ്ടപ്പെടാത്തവരാണ്. ഈ തലമുറയിലെ കുട്ടികൾ പ്രകടിപ്പിക്കുന്ന പക്വത ശ്രദ്ധേയമാണ്. സംരക്ഷണത്തിന്റെ പേരിൽ അടിച്ചേൽപ്പിക്കപ്പെടുന്ന അസഹനീയമായ നിയന്ത്രണങ്ങളുമായി സമരസപ്പെടാൻ അവർ തയ്യാറല്ല. രണ്ടു വിഭിന്ന സംസ്കാരങ്ങളെ സമന്വയിപ്പിച്ച് കൊണ്ടു പോകേണ്ട ഭാരം രണ്ടാം തലമുറയിൽപെട്ട യുവതീയുവാക്കളെ സാരമായി ബാധിക്കുന്നു. പ്രവാസികൾക്കിടയിലെ യുവതലമുറയെ വികലമായി ചിത്രീകരിക്കുന്ന ജനപ്രിയ മാധ്യമ രീതികൾ ഇവിടെ പരോക്ഷമായി വിമർശിക്കപ്പെടുന്നുണ്ട്.

സ്വദേശസംസ്കാരത്തിന്റെ യാഥാസ്ഥിതിക മൂല്യങ്ങൾക്കും വിദേശസംസ്കാരത്തിന്റെ താരതമ്യേന അയഞ്ഞ തുറന്ന ജണ്ടർ മനോഭാവങ്ങൾക്കുമിടയിൽ പെട്ടു പോകുന്ന രണ്ടാം തലമുറക്കാരുടെ സമീപനങ്ങളും, മാനസികാവസ്ഥകളും സങ്കീർണ്ണങ്ങളാണ്.ഔപചാരികവും അനൗപചാരികവുമായ ഇടങ്ങളിലെ കൂടിക്കാഴ്ചകളിൽ നിന്നും, സുഹൃത്തുക്കളുടെ വീടുകളിൽ ഒരുക്കിയ ഒത്തുചേരലുകളിൽ നിന്നുമൊക്കെയാണ് മായ തന്റെ നിരീക്ഷണങ്ങൾ നടത്തുന്നത്. യഥാർത്ഥ പേരുകളെ വെളിപ്പെടുത്താതെയാണ് അഭിപ്രായങ്ങൾ കുറിച്ചെടുത്തിട്ടുള്ളത്.

മായയുടെ പഠനം അക്കാദമിക ഗ്രൂപ്പുകളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. കേരളീയതയുടെ പേരിൽ കുട്ടികൾ ശിക്ഷിക്കപ്പെടുമ്പോൾ, ഭാരതീയതയുടെ പേരിൽ ആളുകൾ പീഡിപ്പിക്കപ്പെടുമ്പോൾ, എത്ര അനായാസമായാണ് വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിലുള്ള അതിരുകൾ രചനാത്മകമായി അലിഞ്ഞില്ലാതാകുന്നതെന്ന് മായയെപ്പോലുള്ള ഗവേഷകരുടെ അന്വേഷണങ്ങൾ തെളിയിക്കുന്നു. ഉപജീവനത്തിനായി അന്യ ജീവിതരീതികളേയും ആൺ പെൺ ബന്ധങ്ങളെയും ഹൃദയവിശാലതയോടെ മനസ്സിലാക്കാനും സ്വന്തം ജീവിത ശൈലികളിലേക്ക് ഉൾച്ചേർക്കാനും തയ്യാറാവുന്ന മലയാളികളെയും ഇന്ത്യക്കാരേയും

നമുക്കീ താളുകളിൽ കാണാനാകും. മാറ്റങ്ങളോട് കൂടുതലും ആഭിമുഖ്യം കാണിക്കുന്നവർ രണ്ടാം തലമുറയാണ്. എന്നാൽ തങ്ങളുടെ വംശീയ വ്യത്യാസങ്ങളെ മനസ്സിലാക്കി , തങ്ങളുടെ സാംസ്കാരിക സവിശേഷതകളെ ഗുണകരമായ രീതിയിൽ പുതിയ മനോഭാവങ്ങളുമായി സമന്വയിപ്പിക്കുന്ന ഒരു ജൈവ പ്രക്രിയയിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കാൻ ഈ പുസ്തകം പ്രകടിപ്പിക്കുന്ന കരുതലും, സൂക്ഷ്മതയും, ജാഗ്രതയും പ്രത്യേക പരാമർശം അർഹിക്കുന്നു.

കച്ചവടം, ഉപരിപഠനം, രാഷ്ട്രീയ അഭയം, തൊഴിലന്വേഷണം ഇങ്ങിനെ പല ആവശ്യങ്ങൾക്കായിട്ടാണ് പ്രാചീനകാലം മുതൽ ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റങ്ങൾ ഉണ്ടായിട്ടുള്ളത്. എം. എൻ. റോയിയെ പോലുള്ളവർ അഭയം തേടി എത്തിയവരിൽ പെടുന്നു. സ്വന്തം നാട്ടിൽ ലിംഗപരമായി വിവേചനവും രണ്ടാം കിടസ്ഥാനവും അനുഭവിക്കുന്ന സ്ത്രീകൾ വിദേശങ്ങളിലെത്തുമ്പോൾ എങ്ങിനെ സ്വതന്ത്ര വ്യക്തിത്വങ്ങളായി മാറുന്നു എന്ന് ആരായുമ്പോൾ മായ എത്തിച്ചേരുന്ന സങ്കീർണ്ണതകളാണ് ഈ പുസ്തകത്തിന് പിന്തുടർച്ചകളുണ്ടാകുമെന്ന പ്രതീക്ഷ നൽകുന്നത്.

മായയുടെ നൂതനമായ അനവധി നിരീക്ഷണങ്ങളിൽ ഒന്നാണ് പൗരസ്ത്യവത്കരണം എന്ന ആശയം. ഇന്ത്യൻ വംശജരായ കുടിയേറ്റക്കാരിലൂടെ ജർമ്മൻ സമൂഹത്തിലേക്കെത്തുന്ന പൗരസ്ത്യ ചിന്തകൾ പടിഞ്ഞാറൻ കർത്തൃത്വങ്ങളെയും മാറ്റുന്നുണ്ട്. സാംസ്കാരിക വിനിമയങ്ങളിൽ നടക്കുന്ന ഇരുഭാഗത്തേക്കുമുള്ള ഒഴുക്ക് ഉണ്ടാക്കിയെടുക്കുന്ന സങ്കര ശൈലികൾ സമൂഹങ്ങളുടെ വികാസപരിണാമങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ജർമ്മൻ -ഇന്ത്യൻ കൂട്ടുകെട്ടുകളെ ദൃഢപ്പെടുത്തുന്നതിൽ ഓഷോ കമ്മ്യൂണുകൾ വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ലെന്ന് മായയുടെ കൂടിക്കാഴ്ചകൾ ധ്വനിപ്പിക്കുന്നുണ്ട്. അഭിമുഖം എന്ന ഔപചാരിക പദം ഒഴിവാക്കി സംവാദത്തിലൂന്നുന്ന ഫീൽഡ് വർക്കാണ് താൻ നടത്തിയിരിക്കുന്നതെന്ന് അടിവരയിടുന്നതിലൂടെ സാമൂഹ്യശാസ്ത്ര ഗവേഷണ രംഗത്തെ നൈതികതയെ കൂടി മായ ചിന്താവിഷയമാക്കുകയാണ്,

നമ്മുടെ ലിംഗാവസ്ഥകൾക്ക് സ്ഥായിഭാവമില്ലെന്നും നമ്മൾ ജീവിക്കുന്ന സാമൂഹ്യക്രമങ്ങളുടെ രീതിയ്ക്കനുസരിച്ച് അവ മാറി കൊണ്ടിരിക്കുന്നു എന്നുമുള്ള ആശ്വാസകരമായ ഉൾക്കാഴ്ചയാണ് പുസ്തകത്തെ ഈ കാലഘട്ടത്തിന്റെ ആവശ്യമാക്കുന്നത്. സംസ്കാരം എന്നത് മാറ്റങ്ങൾക്കതീതമായ, തലമുറകളിലൂടെ കൈമാറുന്ന ഒരു ജഡവസ്തു അല്ലെന്നും അതു്

**സ്വദേശ സംസ്കാരത്തിന്റെ യാഥാസ്ഥിതിക മൂല്യങ്ങൾക്കും വിദേശസംസ്കാരത്തിന്റെ താരതമ്യേന അയഞ്ഞ തുറന്ന ജണ്ടർ മനോഭാവങ്ങൾക്കുമിടയിൽപ്പെട്ടു പോകുന്ന രണ്ടാം തലമുറക്കാരുടെ സമീപനങ്ങളും, മാനസികാവസ്ഥകളും സങ്കീർണ്ണങ്ങളാണ്. ഔപചാരികവും അനൗപചാരികവുമായ ഇടങ്ങളിലെ കൂടിക്കാഴ്ചകളിൽ നിന്നും, സുഹൃത്തുക്കളുടെ വീടുകളിൽ ഒരുക്കിയ ഒത്തുചേരലുകളിൽ നിന്നുമൊക്കെയാണ് മായ തന്റെ നിരീക്ഷണങ്ങൾ നടത്തുന്നത്.**



ചരിത്രപരമായ ചലനങ്ങൾക്കനുസരിച്ച് പരിണാമങ്ങളിലൂടെ ഉരുത്തിരിഞ്ഞു കൊണ്ടിരിക്കുന്ന ഒന്നാണെന്നുമുള്ള തിരിച്ചറിവാണ് ഈ ഗവേഷണത്തിന്റെ ആത്മാവ്.

വിദേശത്ത് തൊഴിലെടുത്ത് നാട്ടിലെ കുടുംബത്തെ പുലർത്തുന്ന സ്ത്രീയെ സഹതാപത്തോടെയും അവളെ പിന്തുണച്ച് വീട്ടുകാര്യം നോക്കി നടത്തുന്ന ഭർത്താവിനെ പെൺകോന്തനായും ചിത്രീകരിച്ച് കയ്യടി നേടുന്ന പ്രവണത നമ്മുടെ ജനപ്രിയ മാദ്ധ്യമങ്ങൾക്ക് ഇന്നും പത്ഥ്യമാണ് എന്നതാണ് ഖേദകരം. വാസ്തവത്തിൽ ഈ ദാമ്പത്യങ്ങൾ ലിംഗപദവികളെക്കുറിച്ചുള്ള പിന്തിരിപ്പൻ ധാരണകളെ അട്ടിമറിക്കുന്നുണ്ട്. ഗൾഫിലേക്കുള്ള പുരുഷന്റെ പ്രയാണം വീട്ടിലെ സ്ത്രീയെ കാര്യപ്രാപ്തിയുള്ളവളാക്കി മാറ്റിയത് പോലെ തന്നെ, തൊഴിൽ തേടിയുള്ള സ്ത്രീയുടെ യാത്ര പുരുഷനെയും ഗാർഹസ്ഥ്യത്തിന് ഒരുക്കി എടുത്തത് നമ്മൾ എന്തു കൊണ്ടാണ് അംഗീകരിക്കാത്തത്? അതു പോലെ തന്നെ ജർമ്മൻ സ്ത്രീകളുമായുള്ള സൗഹൃദങ്ങളും സഹവാസവും പല പരമ്പരാഗത ധാരണകളിൽ

**ജർമ്മൻ – ഇന്ത്യൻ കൂട്ടുകെട്ടുകളെ ദൃഢപ്പെടുത്തുന്നതിൽ ഓഷോ കമ്മ്യൂണുകൾ വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ലെന്ന് മായയുടെ കൂടിക്കാഴ്ചകൾ ധ്വനിപ്പിക്കുന്നുണ്ട്. അഭിമുഖം എന്ന ഔപചാരിക പദം ഒഴിവാക്കി സംവാദത്തിലൂന്നുന്ന ഫീൽഡ് വർക്കാണ് താൻ നടത്തിയിരിക്കുന്നതെന്ന് അടിവരയിടുന്നതിലൂടെ സാമൂഹ്യശാസ്ത്ര ഗവേഷണ രംഗത്തെ നൈതികതയെ കൂടി മായ ചിന്താവിഷയമാക്കുകയാണ്.**



നിന്നും മുക്തരാവാൻ അവരെ സന്നദ്ധരാക്കുകയും ചെയ്തു.

ഒരു ഗവേഷണവും അവസാന വാക്കല്ല. തുടരന്വേഷണത്തിന്റെ സാദ്ധ്യതകളെ തുറന്നിട്ടു കൊണ്ടും, നിലവിലുള്ള പല ധാരണകളെ അസ്വസ്ഥപ്പെടുത്തിയും മായ തന്റെ ദൗത്യം നിർവഹിക്കുന്നു. പ്രൂഫ്റീഡിങ്ങ് കുറച്ചു കൂടി സൂക്ഷ്മമാവാമായിരുന്നു എന്ന വിഷമം ബാക്കി നിൽക്കുന്നു. ഈ പുസ്തകത്തിന്റെ പ്രാധാന്യം ഒരു മലയാളം പതിപ്പ് ആവശ്യപ്പെടുന്നുണ്ട് എന്ന് കൂടി പറഞ്ഞു നിർത്തട്ടെ.

*ഈ കവിതാ ശകലം പങ്കുവെച്ചതിന് ശാരദക്കുട്ടിടീച്ചറോട് സ്നേഹം.

കവിത

സ്മിത ഗിരീഷ്



# ടോട്ടോ "ഷാൻ" ജനാലയ്ക്കരുകിലെ വികൃതിക്കുട്ടി*

നിങ്ങളുടെ മകൻ
ആവശ്യമുള്ള വാക്കുകൾ
പറയുന്നില്ല
മറ്റു കുട്ടികൾ ഇരിക്കുമ്പോൾ
അവൻ ഓടി നടക്കുന്നു.....
അവർ പഠിക്കുമ്പോൾ
അവൻ പാടുന്നു
അവർ എഴുതുമ്പോൾ
അവൻ വരയ്ക്കുന്നു
അവരുറങ്ങുമ്പോൾ
അവൻ ഉണർന്നിരിക്കുന്നു
ഉച്ചയൂണ് കഴിക്കാത്തവനെ
നിങ്ങൾ കൂട്ടികൊണ്ടു പോകണം...
അങ്ങനെയാണ്
ടോട്ടോ 'ഷാനെ'
നേഴ്സറി ടീച്ചർ അമ്മക്കൊപ്പം
പറഞ്ഞയച്ചത്....!

ടോട്ടോ 'ഷാന്റെ' പുതിയ സ്കൂൾ
വയലറ്റ് പൂപ്പടർപ്പുള്ളൊരു
കുന്നിൻ മുകളിലായിരുന്നു...
അതിന് തീവണ്ടി മുറികൾ*
പോലുള്ള ക്ലാസുകളും
മഴമരങ്ങളുടെ
ജലത്തുള്ളികൾ പൂത്ത
പൊടിപ്പും, കവരവുമുള്ള*
ഗേറ്റുമുണ്ടായിരുന്നു..
സ്ക്കൂളിന്റെ ഉത്തരത്തിൽ
തിളക്കമുള്ള
വെണ്മേഘത്തുണ്ടുകൾ
വെട്ടിയുണ്ടാക്കിയ പോലുള്ള
വെള്ളിമൂങ്ങകൾ
ഉറക്കം തൂങ്ങി വിശ്രമിച്ചിരുന്നു...
നനുത്ത പൂക്കൾ
പൊഴിഞ്ഞുകിടന്ന മുറ്റത്തെ
ചെളിവെള്ളക്കെട്ടിൽ
ചാടി നനഞ്ഞ്
ടോട്ടോ 'ഷാൻ'
അമ്മയെ വിട്ട് പുതിയ
ക്ലാസിലേക്ക് ഓടിക്കയറിപ്പോയി..

ഉച്ചയ്ക്ക്
കരളാ ന്തി
കുന്നുകയറിയമ്മ
ടോട്ടോ 'ഷാന്റെ' ക്ലാസിന്
മുന്നിൽ
കിതച്ചു നിന്നു...
അവിടെ,
മറ്റു കുട്ടികൾ നിരന്നിരുന്ന്
ഉച്ചഭക്ഷണം കഴിച്ചിരുന്നു
ടോട്ടോ 'ഷാൻ' ജനലരികിലെ*
വികൃതിക്കുട്ടിയായി
ഒറ്റക്ക്
നിന്നിരുന്നു....!
ജനലോരത്തെ
തെരുവു പാട്ടുകാരെ കൂവിയർത്തു*
വിളിച്ചതിനോ,
കൂരേറമ്പിലെ,
തൂക്കണാം കുരുവിയെ നോക്കി*
ഉറക്കെ പൊട്ടിപൊട്ടിച്ചിരിച്ചതിനോ,

ഉച്ചയൂണ് കഴിക്കാത്തവനെ
നിങ്ങൾ കൂട്ടിക്കൊണ്ട്
പോകണമെന്ന്'
ടീച്ചറുടെ ശാസന കാതോർത്തമ്മ നിൽക്കെ,
കൊബയാഷി മാഷുടെ*
ഉറച്ച ചുമലുകളുള്ള ടീച്ചർ,
അമ്മയോടു പറയുന്നു

'ടോട്ടോ' ഷാൻ പഠിക്കേണ്ട
സ്ക്കൂൾ ഇതാണ്....
അവന് നിങ്ങൾ
മലകളിൽ നിന്നും,*
കടലിൽ നിന്നും പങ്കു ചേർത്ത
ഉച്ചയൂണ്, *കൂടി
കൊടുത്തു വിട്ടാൽ മാത്രം
മതിയെന്ന്........!

*(കടപ്പാട്: അൻവറലിയുടെ ടോട്ടോച്ചാ നോട് കൊബയാഷി മാഷുടെ സ്ക്കൂൾ സ്വപ്നം കാണുന്ന ഒരമ്മയോട്......)*



കഥ


സ്മിത സി. ആർ.

അസിസ്റ്റന്റ് പ്രൊഫസർ
ഹിന്ദുസ്ഥാൻ ആർട്സ് ആൻഡ് സയൻസ്
കോളേജ്,കോയമ്പത്തൂർ


# രജസ്വല

ദ്രുപദാ....

എത്ര നേരമായി നീ കേറി കതകടച്ചിട്ട്?

നീയവിടെ എന്തെടുക്കുവാ?

സമയമെത്രയായീന്നാ വിചാരം?

ഒരുകാലത്തും എനിക്കീ വീട്ടീന്ന് നേരേ ചൊവ്വേ ഇറങ്ങാൻ സാധിക്കില്ല.

ദ്രുപദാ വേഗം ഇറങ്ങ് നീയെന്താ അവിടെ തപസ്സിരിക്കുവാണോ?

അമ്മാശ്ശഒന്നു മിണ്ടാതിരിക്ക് ഞാനിപ്പോൾ ഇറങ്ങാം.

അമ്മയ്ക്കറിയില്ലേ? എനിക്കിന്ന് രണ്ടാണെന്ന്.

വെയിറ്റ് അമ്മാ പ്ലീസ്.

ഓ... അതു പിന്നെ വേറെയാർക്കും ഇല്ലാത്ത പോലെ.

ഓരോരോ എക്സ്ക്യൂസസ്.

അമ്മയുടെ ശകാരങ്ങൾ അവഗണിച്ചുകൊണ്ട് ദ്രുപദ ടോയ്ലറ്റ് സീറ്റിൽ ഇരുന്ന് കാലുകൾ അകത്തി. കണ്ണുകൾ ഇറുക്കിയടച്ച് തന്റെ രഹസ്യഭാഗത്തേയ്ക്ക് ഇടംകൈ പായിച്ചു. മസ്തിഷ്ക വിജൃംഭനം സംഭവിച്ച് ദ്രുപദ ടോയ്ലറ്റ് സീറ്റിൽ ഇരുന്ന് വിറച്ചു.കാതുകളിൽ ഭംഭം ബോലേ എന്ന് ഉറച്ച ശബ്ദത്തിൽ ആരോ വിളിച്ചുകൂവുന്നതും ആളുകൾ ഏറ്റുവിളിക്കുന്നതും ദ്രുപദ അറിഞ്ഞു. വാരണയും അസിയും ഉറഞ്ഞുതുള്ളി പതഞ്ഞൊഴുകുന്നത് അവൾ നോക്കി നിന്നു.അവയ്ക്കു മധ്യേ പശുപതിസ്ഥിതനായി ഓംകാരമൂർത്തിയും.

വിജനമായ കുറ്റിക്കാടുകളിലൂടെ അനേകചാലുകളായി ഒഴുകുന്ന മന്ദാകിനി. ആ ജലപ്രവാഹം പെട്ടെന്നു നിലച്ചുവോ?ആരായിരിക്കാം അതിനു തടയിട്ടത്? ദ്രുപദ ഇരുട്ടിൽ പരതി.കൈയിൽ തടഞ്ഞ ഓവുചാൽ അവൾ മെല്ലെ ഊരിയെടുത്തു.രുധിരവർണ്ണത്തിൽ തലകീഴായ ശിവലിംഗം. ഓവു മുറിച്ചുകടക്കാൻ സാധിക്കാതെ ശോണീനദി.

'ദ്രുപദാ..

എന്നെ വിമോചിതയാക്കൂശ്ശഎനിക്ക് പണ്ടത്തെപ്പോലെ അലതല്ലി ഒഴുകണം.

എന്നെ മോചിതയാക്കൂശ്ശ

'സഖീ ശ്ശഞാനിതാ നിനക്കായി കാത്തുനില്ക്കുന്നു. യുഗയുഗാന്തരങ്ങളായി

നിന്നിലേയ്ക്ക് ലയിക്കാൻ.

എല്ലാം മറന്ന് മതിമറന്ന് ഒരുമിച്ചുചേർന്നൊഴുകാൻ'

ലയനം.....

'വരൂ എനിക്ക് ചുവക്കാൻ കൊതിയാകുന്നു. എല്ലാക്കാലത്തും വെളുത്തുപതഞ്ഞൊഴു കിയിരുന്ന എനിക്ക് രക്തവർണ്ണം നല്കിയത് നീയല്ലേ? ചുവന്നുതുടുക്കാൻ ഞാനിതാ കാത്തു നില്ക്കുന്നു. ഹിമവാന്റെ ഗിരിശൃംഗങ്ങൾക്കുതാഴെ നാം തിമിർത്താടിയ ആ ദിനങ്ങൾ ഒരിക്കൽ കൂടി ആസ്വദിക്കുവാൻ എനിക്കു തിടുക്കമാകുന്നു. അതിനായി ഭുക്സകൾ ഇനിയും ജനിക്കുമോ? അവരുടെ സ്ത്രീകൾ ഇനിയും രജസ്വലരാകുമോ ഒരിക്കൽക്കൂടി?'

'ആ ഹൈമതഭൂവിലെ മഞ്ഞുകണങ്ങൾ എന്റെ രുധിരവർണ്ണം തട്ടി രക്തശോഭമാകുമ്പോൾ ബോലേ ഭംഭം പറയാൻ ഭുക്സാവംശത്തിലെ പുരുഷന്മാർ ആ ദ്വീപിൽ ഒരുമിക്കുമോ? തിരികെ വന്ന് കാമിനിമാരെ ഭോഗിക്കുന്ന രാസലീലയ്ക്ക് സാക്ഷിയാകാൻ ഇനിയും നമുക്കാകുമോ?'

എല്ലാം വിധിയാണ്. സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ചുരുളഴിക്കാൻ നാം അശക്തരാണല്ലോ.അല്ലെങ്കിൽ കാലങ്ങൾക്കിപ്പുറത്ത് ഈ

നാലുചുമരുകൾക്കുള്ളിൽ കൊച്ചുസമവൃത്തത്തിൽ കണ്ടുമുട്ടുവാനുള്ള യോഗം നമുക്കെങ്ങനെവന്നുചേർന്നു?

വനമാലി ഭൂമിയിലെ സ്വർഗമായിരുന്നു. മഞ്ഞ് മൂടിക്കിടന്ന മലകൾ ഭുക്സകൾക്ക് നല്കിയത് ഭാംഗിന്റെ ലഹരിയായിരുന്നു.സപ്തവർണ്ണങ്ങളിലെ ഭാംഗ് ദലങ്ങൾ അവരുടെ സിര കളെ ചൂടുപിടിപ്പിച്ചു.സ്വർണ്ണവർണ്ണത്തിലെ ഭാംഗിന്റെ ധൂമം അവരെ ഉന്മത്തരാക്കി. ഹിമാലയ സാനുക്കളിൽ അവർ തങ്ങളുടെ ആത്മാക്കളെ അലയാൻ വിട്ടു.മാസത്തിൽ ഏഴുനാൾ മാത്രമേ ഭുക്സാവംശജരായ പുരുഷന്മാർക്ക് ലൈംഗികാനുഭൂതി ലഭിച്ചിരുന്നുള്ളൂ. വനമാലി സ്ത്രീകളുടെ ഇംഗിതത്തിനൊത്ത് ആനന്ദനൃത്തം ചെയ്തു.

ശുഭ്രവർണ്ണത്തിലൊഴുകുന്ന മന്ദാകിനി മാസത്തിൽ ഏഴുനാൾ രക്ത വർണ്ണത്തിലൊഴുകി. വനമാലിയിലെ സ്ത്രീകൾ രജസ്വലരായത് ഒരുമിച്ചായിരുന്നു.അതിനു മുമ്പേ അവർ പുരുഷന്മാരെ കടത്തുകയറ്റി ഗർദഭ ദ്വീപിലെത്തിച്ചു.ആർത്തവദിനങ്ങൾ പാട്ടും നൃത്തവുമായി കെങ്കേമമായി അവർ കൊണ്ടാടി.പുരുഷസാമീപ്യമില്ലാത്തതിന്റെ ഇരുപത്തിമൂന്നു നാളുകൾ. പൂർണ്ണനഗ്നരായി അവർ നദീസ്നാനം ചെയ്തു. ദിവസം മുഴുവൻ നദിയിൽ നീന്തിത്തുടിച്ചു. മന്ദാകിനിയുടെ തീരങ്ങൾ അവരുടെ മേദുരനഗ്നശരീരങ്ങളുടെ തല്പമായി.അവരുടെ ആർത്തവരക്തം മന്ദാകിനി മോന്തിക്കുടിച്ചു. അങ്ങനെമന്ദാകിനി ചുവന്നുതുടുത്തൊഴുകി. അതിന്റെ രുധിരവർണ്ണം ഹിമവാന്റെ ശൃംഗങ്ങളിൽ പ്രതിഫലിച്ചു.ഗർദഭയിലിരുന്ന് ഹിമവത്ശൃംഗത്തിന്റെ രക്തവർണ്ണം കണ്ട് വരാനിരി ക്കുന്ന പുളകോദ്ദീപകങ്ങളായ ദിനങ്ങളെയോർത്ത് ഭുക്സാപുരുഷന്മാർ ഉറക്കെവിളിച്ചു ബോലേ ഭംഭം. രക്തവർണ്ണം മാഞ്ഞ് ഹിമവാൻ ശുഭ്രാംഗിതനാകുമ്പോൾ ഭുക്സാപുരുഷന്മാർ അക്ഷമ യോടെ കാത്തിരുന്നു.ഗർദഭയിൽ നിന്നും വനമാലിയിലേക്ക് തിരിച്ചുപോകാനുള്ള തോണിയും കാത്ത്.

മൺചിലത്തിൽ ഭാംഗിന്റെ സുഗന്ധവും പേറി ഭുക്സായിലെ സ്ത്രീകൾ ഗർദഭയിലെത്തി തങ്ങളുടെ പുരുഷന്മാരെ മടക്കിക്കൊണ്ടുവന്നു. പിന്നെ ഏഴുനാൾ നീണ്ട ഭോഗചര്യകൾക്ക് മന്ദാകിനി സാക്ഷിയായി. ഒടുക്കം അവർ പുരുഷന്മാരെ മടക്കി അയച്ചു ദർദഭയിലേക്ക്. അങ്ങനെ സൃഷ്ടിയുടെ വിസ്ഫോടനങ്ങൾക്ക് വിഘാതം സൃഷ്ടിച്ചുകൊണ്ട് ഭുക്സാവംശജർ വനമാലിയെ നിലനിർത്തി. വനമാലിയിലെ സ്ത്രീകൾക്ക് മാതൃത്വത്തിന്റെ കെട്ടുപാടുകൾ ആവശ്യമില്ലായിരുന്നു. അവരുടെ വൈകാരികഭാവങ്ങളിൽ വാത്സല്യത്തിനു സ്ഥാനം കല്പിച്ചില്ല. സൃഷ്ടിയുടെ വേദനാ നിർഭരമായ നിമിഷങ്ങൾ അവർ ആഗ്രഹിച്ചില്ല. അവരുടെ പുരുഷന്മാരും അതാഗ്രഹിച്ചില്ല. അവർക്ക് ഇടിയാത്ത മുലകളും ഉടയാത്ത നിതംബവുമുള്ള സ്ത്രീകളെ ഭോഗിച്ചാൽ മാത്രം മതി യായിരുന്നു. അവർ ചിരകാലയൗവ്വനസ്ഥരായി.വനമാലി കാത്തിരിപ്പിന്റെ ഇടമായിരുന്നു. പുരുഷ സാമീപ്യമില്ലാത്ത ദിനങ്ങളിലെ സ്വൈര്യവിഹാരത്തിനായി സ്ത്രീകളും ഭോഗതൃഷ്ണയുടെ ശമന ത്തിനായി പുരുഷന്മാരും രുധിരസഖിയുമായി ഇണചേർന്ന് രക്താധിനിവേശിതയായ് പ്രവഹിക്കു വാൻ മന്ദാകിനിയും കാത്തിരുന്നു.

നിയതിയുടെ രഹസ്യങ്ങൾ ആരറിഞ്ഞു. ഭോഗതൃഷ്ണയിൽ അമർന്ന് തിമിർത്ത വനമാലി ഒരിക്കൽ ശാപഗ്രസ്തയായിത്തീർന്നു. ശുക്ലാവസ്ഥയിൽ തന്നെ ഒടുങ്ങാൻ വിധിക്കപ്പെട്ട ഭുക്സാ യിലെ പുംബീജങ്ങൾ ആദ്യസമാഗമത്തിന്റെ ഭ്രൂണം തിരഞ്ഞും പറ്റിച്ചേർന്ന് വളരാനുള്ള ഇടം തിരഞ്ഞും നിരാശരായി മരിച്ചു. അവ അവിടുത്തെ സ്ത്രീപുരുഷന്മാരെയും മന്ദാകിനിയെയും ശപിച്ചു. ഒരിക്കൽ ഒരശരീരി ഉണ്ടായി. ഹിമവാന്റെ ഔന്നത്യങ്ങൾക്കും മേലേനിന്നും

ഹേ ഭുക്സാവംശജരായ സ്ത്രീകളേ...

'നിങ്ങൾ കല്പാന്തകാലത്തോളം പുനർജനിച്ചുകൊണ്ടിരിക്കും. കൃഷ്ണയായി ജനിക്കു മ്പോൾ രജസ്വലയായിരിക്കുന്ന വേളയിൽ പുരുഷന്മാർക്കിടയിൽ അവമാനിതയാകും. വന്ധ്യത ശാപമായി കരുതുന്ന കാലം വരും. അന്ന് മച്ചികൾ എന്ന് വിളിക്കപ്പെട്ട് നിങ്ങൾ അപമാനഭാരം പേറും. നിങ്ങളെ ദുശ്ശകുനങ്ങളായി കരുതും.

ഹേ ഭുക്സയിലെ പുരുഷന്മാരേ...

'നിങ്ങൾ ഭാംഗിന്റെ ലഹരിയിൽ ഭം ഭം ബോലേ പാടി അലഞ്ഞുതിരിയും. നരഭോജികളാ യി മാറും. മൃതശരീരങ്ങൾ കാണുമ്പോൾ മാത്രമേ നിങ്ങളുടെ ഭോഗതൃഷ്ണ ഉണരുകയുള്ളൂ. നിങ്ങൾ ചുടലഭസ്മധാരികളായി മൃതശരീരങ്ങളുമായി ഇണചേർന്ന് അഘോരികളായി അറിയ പ്പെടും.

ഭുക്സകളുടെ ഭോഗചര്യകളെ നിശബ്ദമായി ആസ്വദിച്ച മന്ദാകിനീ.....

നീ കൃത്രിമജലസംഭരണികളിൽ കുടുങ്ങും. അശുദ്ധങ്ങളേറ്റുവാങ്ങുവാൻ നിന്റെ ജന്മം ബാക്കി യാകും.'

ദ്രുപദ തന്റെ കൈക്കുള്ളിലെ ഉള്ള് പൊള്ളയായ ലിംഗത്തിൽ നിറഞ്ഞിരിക്കുന്ന രക്തത്തിൽ തുറിച്ചുനോക്കി. ഏതോ ജന്മത്തിലെ പ്രലോഭനം കൊണ്ടെന്നപോലെ അവൾ മെൻസ്ട്രുവൽ കപ്പിലെ രക്തം മുഴുവൻ ക്ലോസറ്റിലേക്കൊഴിച്ചു. അത് കലങ്ങിമറിഞ്ഞ് രുധിരവർണ്ണം പ്രാപിച്ചു. അവൾ യാന്ത്രികമായി ഫ്ളഷ് ചെയ്തു. ജലപ്രവാഹം ആ രുധിരവർണ്ണത്തെ അപ്രത്യക്ഷമാക്കി. ക്ലോസറ്റ് മഞ്ഞുമലകൾ പോലെ തിളങ്ങി.

വായനാനുഭവം

നിഷി ജോർജ്ജ്

# പെണ്ണേ പിരാന്തു പറയാതെ

കുട്ടനാട്ടിലെ കർഷകരുടെ ജീവിതത്തിലുണ്ടായ പരിണാമങ്ങളുടെ കഥ പറയുന്ന നോവലാണ് തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി. നോവലിലെ പ്രധാനകഥാപാത്രങ്ങളായ കോരൻ, ചിരുത, ചാത്തൻ എന്നിവർ പറയസമുദായക്കാരാണ്. കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ സ്വാധീനഫലമായി പുലയരും പറയരുമായ കർഷകർക്കിടയിൽ തൊഴിലാളികൾ എന്നനിലയിൽ വർഗ്ഗപരമായ ഐക്യവും മുതലാളിത്തചൂഷണത്തിനെതിരായ പ്രതിഷേധവും വളർന്നുവരുന്നതിനെക്കുറിച്ച് പറയുന്ന നോവൽ  കൃഷിഭൂമി കർഷകർക്ക് എന്ന മുദ്രാവാക്യത്തിലാണ് അവസാനിക്കുന്നത്. പ്രത്യക്ഷമായി കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ രാഷ്ട്രീയപരിണാമത്തിന്റെ ചിത്രമാണ് രണ്ടിടങ്ങഴി വരച്ചിടുന്നതെങ്കിലും അതോടൊപ്പം അവരുടെ വൈകാരിക ജീവിതത്തിന്റെയും സാംസ്കാരികസവിശേഷതകളുടെയും അടയാളങ്ങളും നോവലിൽ തെളിഞ്ഞു കാണാവുന്നതാണ്.

സാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനങ്ങൾ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുകയും വിവിധ സമുദായങ്ങളിൽ സ്ത്രീകളുമായി ബന്ധപ്പെട്ട ആചാര വിശ്വാസങ്ങളിൽ മാറ്റം വരുത്തുകയും ചെയ്തു. താലികെട്ട്കല്യാണം, തിരണ്ടുകല്യാണം, പുളികുടി എന്നിങ്ങനെയുള്ള ആചാരങ്ങളിൽ വന്ന മാറ്റം, ഘോഷാബഹിഷ്ക്കരണം, മറക്കുടതല്ലിപ്പൊളിക്കൽ എന്നിങ്ങനെയുള്ള ഇടപെടലുകൾ ഇവ സ്ത്രീജീവിതത്തിൽ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. സ്ത്രീകൾക്ക് പൊതുസ്ഥലത്തേയ്ക്ക് കടന്നു വരാനുള്ള സാഹചര്യങ്ങൾ സാമൂഹ്യനവോത്ഥാനത്തിലുണ്ടായെങ്കിലും സ്ത്രീകൾ നേതൃസ്ഥാനത്തേയ്ക്ക് കടന്നുവരുന്നത് രാഷ്ട്രീയനവോത്ഥാന ഘട്ടത്തിലാണെന്ന് കാണാം. രണ്ടിടങ്ങഴിയിൽ ചിരുതയിലൂടെയും കർഷകത്തൊഴിലാളികളായ മറ്റ് സ്ത്രീകഥാപാത്രങ്ങളിലൂടെയും പ്രത്യക്ഷപ്പെടുന്ന സ്ത്രീലോകം നോവലിന്റെ അവസാനഭാഗത്താണ് രാഷ്ട്രീയവൽക്കരിക്കപ്പെടുന്നത്. ജാതീയവും ലിംഗപരവുമായ വ്യവഹാരങ്ങളാണ് നോവലിന്റെ ഒന്നാം ഭാഗത്ത് സ്ത്രീജീവിതത്തെ തീരുമാനിക്കുന്നത്.

രണ്ടിടങ്ങഴിയിൽ ചിരുതയിലൂടെ വ്യത്യസ്തമായൊരു നായികാസങ്കല്പം തകഴി അവതരിപ്പിക്കുന്നുണ്ട്. നന്നായി പണിയെടുക്കുന്ന നല്ല ആരോഗ്യമുള്ള പെണ്ണ് എന്നതാണ് ചിരുതയുടെ യോഗ്യത. ആ യോഗ്യതയാലാണ് അവളെ വിവാഹം ചെയ്യാൻ വലിയ പെൺപണം കൊടുക്കണമെന്ന് അവളുടെ




അച്ഛൻ ആവശ്യപ്പെടുന്നത്.  ചിരുതയെ നല്ല ആരോഗ്യമുള്ള, നല്ല പണിക്കാരിയായ ഒരു പെണ്ണായി അവതരിപ്പിക്കുന്ന നോവലിസ്റ്റിൽ ഒരു ജന്മിയുടെ നോട്ടം പ്രവൃത്തിക്കുന്നുണ്ട് എന്ന് കാണാം. കോരന്റെമേൽ ചില അധികാരമൊക്കെ ചിരുതയ്ക്കുണ്ട് എന്ന് നോവൽ പറയുന്നുണ്ടെങ്കിലും സ്ത്രീ എന്ന നിലയിലുള്ള ലിംഗസ്വത്വവും ലിംഗപദവീപരമായ തൊഴിലുകളുമാണ് അവളുടെ ജീവിതത്തെ നിർണ്ണയിക്കുന്നത്. പുഷ്പവേലിൽ ഔസേപ്പിന്റെ മകനായ ചാക്കോയെ പേടിച്ച് ആ നാട്ടിൽ കുടിലുകെട്ടണ്ട എന്ന് അവൾ കോരനോട് പറയുന്നുണ്ടെങ്കിലും അവിടെത്തന്നെ കുടിൽവെക്കാനുള്ള കോരന്റെ തീരുമാനമാണ് ജയിക്കുന്നത്. തന്റെ സൗന്ദര്യത്താൽ ആരെങ്കിലും ആകർഷിക്കപ്പെടേണ്ടെന്ന് തീരുമാനിച്ച് ചിരുത നല്ല വസ്ത്രമണിയാൻ മടിക്കുന്നു. വേഗം പ്രസവിക്കണമെന്നാഗ്രഹിക്കുന്നു.

ചിരുതയെക്കൂടാതെ ചിരുതയുടെ അമ്മയായ

കുഞ്ഞാളി, മറിയ, ചെങ്ങന്നൂർക്കാരായ കൊയ്ത്തുകാരികൾ എന്നിവരാണ് നോവലിലുള്ള സ്ത്രീകൾ. മകളായ ചിരുതയുടെ വിവാഹത്തെപ്പറ്റി കുഞ്ഞാളി ചില ദൃഢനിശ്ചയങ്ങളെടുക്കുകയും കാളിയുമായി വഴക്കിടുകയും ചെയ്യുന്നുണ്ടെങ്കിലും ചിരുതയുടെ അച്ഛനായ കാളിയുടെ നിശ്ചയങ്ങളാണ് നോവലിൽ നടപ്പിൽ വരുന്നതായി കാണുന്നത്. നോവലിൽ അവതരിപ്പിക്കുന്ന കർഷകത്തൊഴിലാളികളായ മറ്റ് സ്ത്രീകൾ പാരമ്പര്യവ്യവഹാരങ്ങളുടെ വാഹകരാണ്. ജാതിസ്ഥലത്തേയും സ്ത്രീപുരുഷബന്ധത്തെയും സ്ത്രീയുടെ സദാചാരത്തേയും കുറിച്ചുള്ള ശുദ്ധിയുടെ സങ്കല്പങ്ങൾ പലതും നോവലിൽ അവതരിപ്പിക്കപ്പെടുന്നത് ഈ കഥാപാത്രങ്ങളിലൂടെയാണ്. രാഷ്ട്രീയമണ്ഡലത്തിലേക്ക് ഇവരാരും സജീവ പ്രവർത്തകരായി കടന്നുവരുന്നത് നോവലിൽ കാണുന്നില്ല.

മുതുപുലകിവരെ കർഷകത്തൊഴിലാളികൾ ഒന്നിച്ചുനിൽക്കേണ്ടതിനെക്കുറിച്ച് പറഞ്ഞു എന്ന് നോവലിൽ പറയുന്നു. ഇങ്ങനെ സ്ത്രീകളിൽ പൊതുവേ ഉണ്ടാകുന്ന രാഷ്ട്രീയബോധത്തെക്കുറിച്ചെന്ന പോലെ, ചിരുതയിലൂടെ, സ്ത്രീകളുടെ പ്രശ്നത്തിൽ സംഘം ചേർന്നു പ്രതികരിക്കാനുണ്ടാകുന്ന രാഷ്ട്രീയബോധത്തെക്കുറിച്ചും നോവൽ പറയുന്നുണ്ട്. എന്നാൽ ചിരുതയിൽ പ്രകടമാകുന്ന രാഷ്ട്രീയബോധം തന്റെ (മറ്റുള്ളവരുടെയും) സദാചാരത്തെയും ശരീരത്തെയും സംരക്ഷിക്കുക എന്ന ലക്ഷ്യത്താൽ നിർണ്ണയിക്കപ്പെടുന്നതായാണ് നോവലിൽ കാണുന്നത്. അവളുടെ പ്രതികരിക്കാനുള്ള തോന്നലെന്നപോലെ അവളുടെ രാഷ്ട്രീയകർത്തൃത്വത്തെ തീരുമാനിക്കുന്നതും ലിംഗപരമായ വ്യവഹാരങ്ങളാണ്. രാഷ്ട്രീയപ്രസ്ഥാനങ്ങൾ സ്ത്രീമുന്നേറ്റത്തിനനുകൂലായ പല വ്യവഹാരങ്ങളെയും സൃഷ്ടിക്കുന്നതിൽ പങ്ക് വഹിക്കുമ്പോഴും അവ പുരുഷാധിപത്യപരമായി തന്നെ നിലകൊള്ളുന്നു എന്ന് കാണാം.

ചിരുത കോരന്റെ അച്ഛനെ പരിചരിക്കുന്നതിലും ചാത്തനുമായി സഹോദരബന്ധം മതിയെന്നു തീരുമാനിക്കുന്നതിലുമെല്ലാം പ്രവർത്തിക്കുന്നത് സ്ത്രീകളുടെ സദാചാരത്തെയും കടമകളെയും ജീവിതത്തെയും കുറിച്ച് നിലനിൽക്കുന്ന പല വ്യവഹാരങ്ങളാണ്. എന്നിരുന്നാലും അവർ സ്ത്രീകളുടെ ഒരു കൂട്ടമുണ്ടാക്കണമെന്നും അവർക്കുവേണ്ടി പ്രവർത്തിക്കണമെന്നും ആഗ്രഹിക്കുന്നുണ്ട്. രാഷ്ട്രീയ ഫീൽഡിലെ വ്യവഹാരങ്ങൾ അവളെയും സ്വാധീനിക്കുന്നുണ്ട്. എന്നാൽ കോരനോ ചാത്തനോ അവളിൽ രൂപപ്പെട്ട, വളർന്നുവരാൻ സാധ്യതയുണ്ടായിരുന്ന, രാഷ്ട്രീയകർത്തൃത്വത്തെ പിന്തുണയ്ക്കുന്നില്ല. കോരൻ ജയിലിൽ പോകുന്നതിന് മുമ്പും ശേഷവും അവൾ തന്റെ ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ട്.മുതലാളിമാരുടെ ചൂഷണത്തിന് വിധേയരാകേണ്ടി വരുന്ന സ്ത്രീകൾക്ക് വേണ്ടി പ്രവർത്തിക്കാനുള്ള തന്റെ ആഗ്രഹം കോരനോട് അവൾ പങ്കുവെയ്ക്കുന്നുണ്ട്. പെണ്ണേ പിരാന്തു പറയാതെ എന്നാണ് കോരന്റെ ഇതേക്കുറിച്ചുള്ള പ്രതികരണം. രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഭാഗമായും സ്ത്രീകൾ സ്വന്തം നിലയിലും സാമൂഹ്യരംഗത്തേയ്ക്ക് കടന്നുവന്ന കാലത്താണ് നോവലിൽ ഇത്തരമൊരു നിലപാട് സ്വീകരിച്ചിരിക്കുന്നത് എന്ന് കാണാം. കോരൻ അവളുടെ ആഗ്രഹത്തെ ഭ്രാന്തായിക്കണ്ട് ആദ്യം ചിരിച്ചുതള്ളുകയാണ് ചെയ്യുന്നതെങ്കിൽ രണ്ടാമത് വീണ്ടുമവൾ അക്കാര്യം സൂചിപ്പിക്കുമ്പോൾ അമ്മയെന്ന നിലയിലുള്ള അവളുടെ കടമകളെക്കുറിച്ച് കോരൻ അവളെ ഓർമ്മിപ്പിക്കുന്നു. തമ്പുരാൻ കൊട്ടിലിൽ നിന്ന് ഇറങ്ങിക്കൊടുക്കാൻ പറഞ്ഞകാര്യം ചിരുത കോരനെ ധരിപ്പിക്കുമ്പോൾ തല്ലിക്കൊല്ലുന്നെങ്കിൽ കൊല്ലട്ടെ, ഇറങ്ങരുത് എന്നതായിരുന്നു കോരന്റെ നിലപാട്. അവളുടെയോ കുട്ടിയുടെയോ സുരക്ഷയെ തന്റെ വിപ്ലവസ്വപ്നങ്ങളെക്കാൾ വലുതായി അയാൾ കരുതുന്നില്ല. ഈ കോരൻ തന്നെയാണ് ചിരുത സ്ത്രീകൾക്ക് വേണ്ടി പ്രവർത്തിക്കാനാഗ്രഹിക്കുമ്പോൾ കുട്ടിയുടെ സുരക്ഷയെക്കരുതി വേവലാതിപ്പെടുന്നത്.

നോവലിൽ ചിരുത പോരാളിയായ കോരന് കരുത്തു പകരുന്ന, അവന്റെ ദുരിതങ്ങളിൽ അവനെ ഉപേക്ഷിക്കാത്ത ഉത്തമഭാര്യയും, വെളുത്ത എന്ന മകനെ നാളത്തെ പോരാളിയായി വളർത്തിയെടുക്കേണ്ട ഉത്തമമാതാവുമായി ഒതുക്കപ്പെടുന്നു. പടച്ചാലിലെ, മാറ്റങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളെക്കുറിച്ച് ആവേശഭരിതയാവുന്ന ചിരുത തന്നെയാണ് ചാത്തനും കോരനുമിടയിൽ പെട്ട് എല്ലാം കർമ്മമാ എന്ന് വിധിയെ പഴിക്കുന്നത്. ജാതീയവും ലിംഗപരവുമായ അധികാരവ്യവഹാരങ്ങളോട് ബന്ധിതമായിത്തന്നെയാണ് ചിരുതയുടെ കർത്തൃത്വം തുടർന്നും പ്രവർത്തിക്കുന്നത് എന്നു കാണാം. പടച്ചാലിൽ പോരാട്ടം നടക്കുമ്പോൾ ആവേശഭരിതയാവുന്ന ഒരുവളായി, ജീവിതത്തിലുട നീളം കോരനൊപ്പം നിൽക്കുന്നവളായി അവളെ അവതരിപ്പിക്കുന്നതിലൂടെ വിപ്ലവകാരിയായിത്തീരുന്ന കോരന് യോജിച്ച ഭാര്യയായി അവൾ തീരുന്നു. ഐ.എ.എസുകാരനും പുരോഗമനേച്ഛുവുമായ മാധവന് അനുരൂപയായി വിദ്യാഭ്യാസവും പാരമ്പര്യനിഷേധ സ്വഭാവവുമുള്ള ഇന്ദുലേഖ സൃഷ്ടിക്കപ്പെട്ടതുപോലെ, കോരന്റെ രാഷ്ട്രീയവ്യക്തിത്വത്തിന് അനുരൂപയായി ചിരുതയും സൃഷ്ടിക്കപ്പെടുന്നു. സാമൂഹ്യനവോത്ഥാനഘട്ടത്തിൽ ജാതിയുമായി ബന്ധപ്പെട്ട വ്യവഹാരമായും രാഷ്ട്രീയനവോത്ഥാനഘട്ടത്തിൽ മുതലാളിത്തവുമായി ബന്ധപ്പെട്ട വ്യവഹാരമായും സ്ത്രീയുടെ അസ്വാതന്ത്ര്യം ചർച്ച ചെയ്യുന്നതിലൂടെ അവളുടെ കർത്തൃത്വരൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കുന്ന ലിംഗാധികാരപ്രയോഗങ്ങൾ മറയ്ക്കപ്പെടുന്നു. രാഷ്ട്രീയമണ്ഡലം അവളുടെ കർത്തൃത്വവികാസത്തിൽ ചെലുത്തിയ പുരോഗമനപരമായ സ്വാധീനങ്ങളോടൊപ്പം ഒരു രാഷ്ട്രീയകർത്തൃത്വമായി വികസിക്കുന്നതിൽ സ്ത്രീ രാഷ്ട്രീയമണ്ഡലത്തിൽ അനുഭവിക്കുന്ന പരിമിതികളും നോവലിൽ തെളിയുന്നു. ലിംഗപദവീപരമായ കർത്തൃസ്ഥാനങ്ങളെ ദൃഢപ്പെടുത്തുന്നതിലും ഇത്തരം കഥാപാത്രാവതരണങ്ങൾ പങ്ക് വഹിക്കുന്നു.

ശാസ്ത്രം

സീമ ശ്രീലയം



പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ

# ഐറീൻ ജോലിയോ ക്യൂറി

രസതന്ത്ര നൊബേൽ സമ്മാന ജേതാവ്, ശാസ്ത്ര നേട്ടങ്ങൾ മനുഷ്യനന്മയ്ക്ക് വേണ്ടിയാവണമെന്ന് ഉറച്ചു വിശ്വസിച്ച ശാസ്ത്രജ്ഞ, അച്ഛന്റെയും അമ്മയുടെയും പരീക്ഷണശാലയിൽ കളിച്ചു വളർന്ന് ശാസ്ത്ര വിസ്മയങ്ങളിലേക്ക് പിച്ച വച്ച പെൺകുട്ടി. പറഞ്ഞുവരുന്നത് മാഡം ക്യൂറിയുടെയും പിയറി ക്യൂറിയുടെയും മകളായ ഐറീൻ ജോലിയോ ക്യൂറിയെക്കുറിച്ചു തന്നെ. ശാസ്ത്രഗവേഷണത്തിൽ ഒരുപാടു പ്രതിസന്ധികളെ തരണം ചെയ്യേണ്ടി വന്നെങ്കിലും മകൾ തന്റെ പാതയിൽ സഞ്ചരിക്കുന്നതിൽ ആ അമ്മ സന്തോഷിക്കുകയാണ് ചെയ്തത്. ഈ അമ്മയുടെയും മകളുടെയും ജീവിതത്തിൽ സമാനതകൾ ഏറെയുണ്ടായിരുന്നു. 1897 സെപ്റ്റംബർ 12 ന് പാരീസിലാണ് ഐറീൻ ജനിച്ചത്.



ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ച മാതാപിതാക്കളുടെ ഗവേഷണ തപസ്യ കണ്ടാണ് ഐറീൻ വളർന്നത്. ലബോറട്ടറിയും അവിടുത്തെ ഉപകരണങ്ങളുമൊക്കെ കുഞ്ഞ് ഐറീനെ ഏറെ ആകർഷിച്ചു. സാധാരണ സ്ക്കൂൾ വിദ്യാഭ്യാസത്തിനപ്പുറം മകൾക്ക് ഏറെ താല്പര്യമുള്ള ഭൗതികശാസ്ത്രവും ഗണിതതവും ആഴത്തിൽ പഠിക്കാനുള്ള വഴിയെക്കുറിച്ച് ആ അമ്മ ചിന്തിച്ചു. അങ്ങനെ പോൾ ലാൻഷെവിൻ എന്ന ഭൗതികശാസ്ത്രജ്ഞൻ ഐറീന്റെ ഗുരുവായി. ഐറീനു വെറും പത്തുവയസ്സുള്ളപ്പോൾ പിതാവ് പിയറി ക്യൂറി മരിച്ചു. പിതാവിന്റെ വേർപാട് ആ പെൺകുട്ടിയെ ഏറെ ഉലച്ചെങ്കിലും പതിയെ അവൾ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു . അമ്മയുടെയും ലാൻഷെവിന്റെയും കീഴിലുള്ള ശാസ്ത്രപഠനത്തിനു ശേഷം മാഡം ക്യൂറി പഠിച്ച സോർബോൺ സർവ്വകലാശാലയിൽത്തന്നെ ഐറീനും ശാസ്ത്രപഠനത്തിനു ചേർന്നു. അതിനിടയിലാണ് ഒന്നാം ലോകമഹായുദ്ധമുണ്ടായത്. യുദ്ധകാലത്ത് അമ്മയോടൊപ്പം ഐറീനും റേഡിയോ ഗ്രാഫർ ആയി സൈനികർക്കിടയിൽ പ്രവർത്തിച്ചു. എക്സ്-റേ ഉപകരണങ്ങൾ സജ്ജീകരിച്ചു.


പിന്നീട് പാരീസിലെ റേഡിയം ഇൻസ്റ്റിറ്റ്യൂട്ടിൽ റേഡിയോ ആക്റ്റീവ് മേഖലയിൽ ഗവേഷണമാരംഭിച്ചു. 1925 ൽ ഐറീനു ഡോക്റ്ററേറ്റ് ലഭിച്ചു. അക്കാലത്ത് അവിടെ വച്ചു

പരിചയപ്പെട്ട ഫ്രെഡറിക് ജോലിയോ എന്ന ശാസ്ത്രജ്ഞൻ പിന്നീട് ഐറീന്റെ ജീവിതപങ്കാളിയായി. പിന്നീട് ഇവരുടെ ഗവേഷണ താല്പര്യം കൃത്രിമ റേഡിയോ ആക്റ്റിവിറ്റിയിലേക്ക് തിരിഞ്ഞു. അലുമിനിയം ന്യൂക്ലിയസ്സിൽ ആൽഫാ കണങ്ങൾ കൊണ്ട് ശക്തിയായി ഇടിപ്പിച്ചപ്പോൾ ഫോസ്ഫറസിന്റെ റേഡിയോ ആക്റ്റീവ് ഐസോടോപ്പ് രൂപം കൊള്ളുന്നത് അവർ ശ്രദ്ധിച്ചു. ഇതു പോലെ മഗ്നീഷ്യത്തെ സിലിക്കണിന്റെ ഐസോടോപ്പ് ആയും ബോറോണിനെ നൈട്രജന്റെ ഒരു ഐസോടോപ്പ് ആയും മാറ്റാൻ ആ ദമ്പതികൾക്ക് സാധിച്ചു. ഒരു മൂലകത്തെ മറ്റൊന്നാക്കി മാറ്റുക എന്ന ആൽക്കെമിസ്റ്റുകളുടെ കാലം തൊട്ടേയുള്ള സ്വപ്നമാണവർ കൈയെത്തിപ്പിടിച്ചത്! വൈദ്യശാത്രത്തിലും വ്യാവസായികരംഗത്തും കാർഷികരംഗത്തും റേഡിയോആക്റ്റീവ് ഗവേഷണങ്ങളിലുമൊക്കെ നൂതന സാധ്യതകളിലേക്കുള്ള വാതിൽ തുറന്ന കൃത്രിമ റേഡിയോ ആക്റ്റീവതയുടെ കണ്ടുപിടിത്തം ഐറീൻ ജോലിയോ ക്യൂറിയെയും ഫ്രെഡറിക് ജോലിയോ ക്യൂറിയെയും 1935 ലെ രസതന്ത്ര നൊബേൽ സമ്മാനത്തിന് അർഹരാക്കി.പിൽക്കാലത്ത് ഐറീൻ പാരീസിലെ റേഡിയം ഇൻസ്റ്റിയൂട്ട് ഡയറക്റ്ററായി.ഫ്രഞ്ച് ആണവോർജ പ്രോജക്റ്റിൽ സുപ്രധാന സ്ഥാനം വഹിക്കുകയും അവിടുത്തെ ആദ്യ ആറ്റോമിക് പൈൽ നിർമ്മാണത്തിൽ പങ്കുവഹിക്കുകയും ചെയ്തു .അമ്മയെപ്പോലെ തന്നെ മനുഷ്യസ്നേഹിയായ ശാസ്ത്രജ്ഞയായിരുന്നു ഐറീൻ. ആണവ രംഗത്തെ ഗവേഷണങ്ങളുടെ ദുരുപയോഗത്തെ ഐറീൻ ഭയപ്പെട്ടിരുന്നു.

ശാസ്ത്രനേട്ടങ്ങൾ മനുഷ്യ നന്മയ്ക്കും ലോകസമാധാനത്തിനും വേണ്ടിയാവണമെന്ന് അവർ ഉറച്ചു വിശ്വസിച്ചു. സ്ത്രീകളുടെ ഉന്നമനത്തിനായും ഐറീൻ പ്രവർത്തിച്ചു. ശാസ്ത്രഗവേഷണങ്ങളിലേക്ക് പെൺകുട്ടികളെ ആകർഷിച്ചു. പിൽക്കാലത്ത് അമ്മയുടെ വിധി തന്നെയായിരുന്നു ഈ മകളെയും കാത്തിരുന്നത് എന്നത് ഒരു കണ്ണീരോർമ്മ. റേഡിയോ ആക്റ്റീവ് പദാർഥങ്ങളുമായുള്ള നിരന്തര സമ്പർക്കം ഐറീനെ രക്താർബ്ബുദ രോഗിയാക്കി. ശാസ്ത്രരംഗത്ത് സ്ത്രീകൾക്കും വിസ്മയങ്ങളുടെ ആകാശം കൈയെത്തിപ്പിടിക്കാൻ കഴിയുമെന്ന് സ്വജീവിതത്തിലൂടെ തെളിയിച്ച ഐറീൻ 1956 മാർച്ച് 17 ന് പാരീസിൽ വച്ച് അന്തരിച്ചു.

കടപ്പാട് : ഇന്റർനെറ്റ്

# കാർട്ടൂൺ




**മോളേ, ഇത് നിന്നെ ബലാൽസംഗത്തിൽ നിന്ന് സംരക്ഷിക്കാനാ...**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



## ദിവ്യ സാരഥി

ട്രാൻസ്ജെണ്ടറുകളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന 'ബോൺ ടു വിൻ' എന്ന സംഘടന ചെന്നൈയിൽ സ്ഥാപിച്ചു.

രാജസ്ഥാനിലെ ജെയ്പൂരിൽ 12000 ത്തോളം വീട്ടുജോലി ചെയ്യുന്ന സ്ത്രീകൾക്കായി രാജസ്ഥാൻ മഹിള കാംഗർ യൂനിയൻ സ്ഥാപിച്ചു.

## മേവ ഭാരതി








**പ്രീതി പട്കർ**

അനുഷ്യക്കടത്തിനും ലൈംഗിക പീഡനത്തിനുമിരയായ കുട്ടികൾക്കു വേണ്ടി പ്രേരണ എന്ന സംഘടന മുംബൈയിൽ സ്ഥാപിച്ചു.

ഇന്ദോറിലെ ഗൈനക്കോളജിസ്റ്റായ ഡോ. ദിവ്യ ഗുപ്ത 'ജ്വാല ഫോർ ജസ്റ്റിസ് ' എന്ന സംഘടനയിലൂടെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയായവർക്ക് തണലേകുന്നു.

**ഡോ. ദിവ്യ ഗുപ്ത**





**ജനക് മക്ഗില്ലൻ**

മധ്യപ്രദേശിലെ സനാവാടിയ ഗ്രാമത്തിലെ ജനങ്ങൾക്ക് എല്ലാമാണ് ശുദ്ധ വെള്ളത്തിനായി പോരാടുന്ന ജനക് ദീ.